بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ  نَحۡمَدُہٗ وَنُصَلِّیۡ عَلٰی رَسُوۡلِہِ الۡکَرِیۡمِ  وَعَلٰی عَبۡدِہِ الۡمَسِیۡحِ الۡمَوۡعُوۡد

وَلَقَدۡ نَصَرَکُمُ اللّٰہُ بِبَدۡرٍ وَّاَنۡتُمۡ اَذِلَّۃٌ

# ബദർ

വീക്കിലി ഖാദിയാൻ

The weekly BADAR Qadian Malayalam

വാല്യം 4

ലക്കം 3

വാർഷിക വരിസംഖ്യ 500 രൂപ

പത്രാധിപർ എച്ച്.ശംസുദ്ദീൻ

സഹപത്രാധിപർ മുഹമ്മദ് ഇസ്മായീൽ

www.akhbarbadrqadian.in

2018 ജനുവരി 17/ഹി:ശം:1398 സ്വുൽഹ് 17/ഹി:ഖ:1440 ജമാദുൽ അവ്വൽ 10

## അല്ലാഹുവിന്റെ വചനം

لِلَّذِیۡنَ اتَّقَوۡا عِنۡدَ رَبِّہِمۡ جَنّٰتٌ تَجۡرِیۡ مِنۡ تَحۡتِہَا الۡاَنۡہٰرُ خٰلِدِیۡنَ فِیۡہَا وَاَزۡوَاجٌ مُّطَہَّرَۃٌ وَّرِضۡوَانٌ مِّنَ اللّٰہِ

(سورۃ ال عمران:16)

സൂക്ഷ്മത പാലിക്കുന്നവർക്ക് അവരുടെ നാഥന്റെയടുക്കൽ താഴോരത്തുകൂടി അരുവികളൊഴുകുന്ന ഉദ്യാനങ്ങളുണ്ട്. അതിൽ അവർ നിത്യവാസികളായിരിക്കും. പരിശുദ്ധരായ ഇണകളും അല്ലാഹുവിൽനിന്നുള്ള തൃപ്തിയും അവർക്കുണ്ട്.(3:16)

## അഹ്മദിയ്യാ വാർത്ത

അൽഹംദുലില്ലാഹ് സയ്യിദുനാ അമീറുൽ മുഅ്മിനീൻ അയ്യദഹുല്ലാഹ് അല്ലാഹുവിന്റെ അനുഗ്രഹത്താൽ സുഖത്തിലും ക്ഷേമത്തിലുമാണ്. സ്നേഹിതന്മാർ അമീറുൽ മുഅ്മിനീന്റെ പൂർണാരോഗ്യത്തിനും സ്വാസ്ഥ്യത്തിനും ദീർഘായുസ്സിനും ഉന്നതലക്ഷ്യങ്ങളിൽ വിജയവും പ്രത്യേകകാവലും ഉണ്ടാകുന്നതിനും ദുആ ചെയ്യുക. അല്ലാഹു എപ്പോഴും അമീറുൽ മുഅ്മിനീന്റെ സംരക്ഷകനും സഹായിയുമായിരിക്കട്ടെ. ആമീൻ

**സയ്യിദുനാ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അൽഖാമിസ് അയ്യദഹുല്ലാഹ് പറഞ്ഞു:**
**കശ്തിയെ നൂഹ് എന്ന ഗ്രന്ഥത്തിലുള്ള നമ്മുടെ അധ്യാപനം എന്ന ഭാഗം ഒരു അഹ്മദി തീർച്ചയായും വായിക്കേണ്ടതാണ്. എന്നല്ല കശ്തിയെ നൂഹ് മുഴുവനും തന്നെ വായിക്കേണ്ടതാണ്.**

**മസീഹ് മരിച്ചുപോയി. അദ്ദേഹത്തിന്റെ ഖബ്ർ ശ്രീനഗറിലെ ഖാൻയാർ മുഹല്ലയിൽ ഉണ്ടെന്നതാണ് സത്യം.**

**ദുൻയാവിനേയും അതിന്റെ സൗന്ദര്യത്തേയും അധികമായി സ്നേഹിക്കാതിരിക്കുക. വംശീയമായ അഹങ്കാരം വെച്ചു പുലർത്തരുത്. ഒരു സ്ത്രീയേയും പരിഹസിക്കരുത്. ഭർത്താക്കന്മാരുടെ കഴിവിന്നതീതമായ ആവശ്യങ്ങൾ അവരോട് ചോദിക്കരുത്. നിഷ്കളങ്കരും പരിശുദ്ധരും ആയ രീതിയിൽ ഖബ്റുകളിൽ പ്രവേശിക്കുന്നതിന് പരിശ്രമിക്കുക.**

## സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഉപദേശങ്ങൾ

ഈ മൗലവിമാരുടെമേൽ അഹോ കഷ്ടം! ഇവരിൽ വിശ്വസ്തതയുണ്ടായിരുന്നെങ്കിൽ ഇവർക്ക് ഭയഭക്തിയുടെ മാർഗത്തിൽ എല്ലാവിധത്തിലും സംതൃപ്തിയടയാമായിരുന്നു. എന്നാൽ, അബൂജഹ്ലിനെ ഉണ്ടാക്കിയ മണ്ണുകൊണ്ടുണ്ടാക്കപ്പെട്ടവർ അബൂജഹ്ൽ സ്വീകരിച്ച മാർഗമാണ് സ്വീകരിക്കുന്നത്. മീററ്റിൽനിന്ന് ഒരു മൗലവി സാഹിബ് അമൃതസറിൽ നദ്‌വത്തുൽ ഉലമായുടെ യോഗമുണ്ടെന്നും അവിടെ വന്നു വിവാദം നടത്തണമെന്നും രജിസ്റ്റർകത്തുമുഖേന അറിയിച്ചിരിക്കുന്നു. എന്നാൽ, ഈ എതിരാളികൾക്ക് വിജയപരാജയങ്ങളുടേയും ചിന്തയില്ലാതെ സദുദ്ദേശ്യമാണുണ്ടായിരുന്നതെങ്കിൽ തങ്ങളുടെ സംതൃപ്തിക്ക് നദ്‌വയുടേയും മറ്റും ആവശ്യമെന്താണ്? നാം നദ്‌വയിലെ ഉലമാക്കളെ അമൃതസറിലെ ഉലമാക്കളിൽനിന്ന് വേറിട്ടു കാണുന്നില്ല. ഒരേയൊരു വിശ്വാസം, ഒരേയൊരു വർഗം, ഒരേയൊരു മൂലധാതു. ഖാദിയാനിൽ വരാൻ ഏവർക്കും അവകാശമുണ്ട്. എന്നാൽ, വിവാദത്തിന്നായിട്ടല്ല. പ്രത്യുത സത്യാന്വേഷണത്തിനായി നമ്മുടെ പ്രസംഗം കേൾക്കുക. വല്ല സംശയവുമുണ്ടെങ്കിൽ ദരിദ്രഭാവത്തോടും മര്യാദയോടുംകൂടി ദുരീകരിക്കണം. ഇവർ ഖാദിയാനിൽ താമസിക്കുവോളം അതിഥികളായി കരുതുന്നതാണ്. നമുക്ക് നദ്‌വയുടേയും മറ്റും ആവശ്യമില്ല. ഇവരിൽനിന്ന് ഒന്നും ആഗ്രഹിക്കുന്നുമില്ല. ഇവരൊക്കെ ധാർമികതയുടെ വൈരികളാണ്. എന്നാൽ, ധാർമികത ലോകത്ത് വ്യാപിച്ചുകൊണ്ടുപോകുന്നു. ജനങ്ങൾ നിന്നെ പരാജയപ്പെടുത്തുന്നതിന് വലിയ ശ്രമം നടത്തുമെന്നും നഖശിഖാന്തം എതിർക്കുമെന്നും എന്നാൽ, അവസാനം ഞാൻ നിന്നെ ഒരു വലിയ ജമാഅത്താക്കുമെന്നും അല്ലാഹു തന്റെ ഇൽഹാം മുഖേന 20 വർഷം മുമ്പേ ബറാഹീനെ അഹ്മദിയ്യായിൽ എന്നെക്കുറിച്ച് വെളിപ്പെടുത്തിയിരുന്നില്ലേ? ഒരാൾപോലും എന്നോടൊപ്പമില്ലാതിരുന്ന കാലത്തുണ്ടായ ദിവ്യവെളിപാടാണിത്. അതിനുശേഷം എന്റെ വാദം പ്രസിദ്ധീകരിച്ചതോടുകൂടി എതിരാളികൾ നഖശിഖാന്തം എതിർത്തു. അവസാനം ഉപര്യുക്ത പ്രവചനമനുസരിച്ച് ഈ പ്രസ്ഥാനം വ്യാപിച്ചു. ഇപ്പോൾ ഇന്നത്തെ തിയതിവരെ ബ്രിട്ടീഷ് ഇന്ത്യയിൽ ഈ ജമാഅത്ത് ഒരു ലക്ഷത്തിലധികമായിട്ടുണ്ട്. എന്ത്? ഇത് അല്ലാഹുവിന്റെ മഹത്തായ ദൃഷ്ടാന്തമല്ലേ? നദ്‌വത്തുൽ ഉലമാക്ക് മരണഭയം ഓർമയുണ്ടെങ്കിൽ, ബറാഹീനെ അഹ്മദിയ്യായും സർക്കാറിന്റെ റിക്കാർഡുകളും നോക്കി, ഇത് മുഅ്ജിസത്താണോ? അല്ലേ എന്നു പറയുക. ഖുർആനും മുഅ്ജിസത്തും രണ്ടും സമർപിച്ചിരിക്കുന്നു. ഇനി വിവാദം എന്തിനാണ്?

അതേപ്രകാരംതന്നെ ഈ രാജ്യത്തെ സിംഹാസനാരൂഢരും മതാചാര്യന്മാരുടെ സന്താനങ്ങളും മതത്തിൽനിന്നു ബന്ധം വിച്ഛേദിച്ചു തങ്ങളുടേതായ ആചാരസമ്പ്രദായങ്ങളിൽ രാപ്പകൽ മുഴുകിയിരിക്കുകയാണ്. അവർക്ക് ഇസ്‌ലാമിനു നേരിട്ടിരിക്കുന്ന പ്രയാസങ്ങളേയും വിപത്തുകളേയും കുറിച്ച് ഒരറിവുമില്ല. അവരുടെ മജ്‌ലിസുകളിൽ ചെന്നാൽ വിശുദ്ധഖുർആനും ഹദീഥുകൾക്കും പകരം, പലതരത്തിലുള്ള തംബുരുകളും കമ്പിവാദ്യങ്ങളും ചെറിയ മദ്ദളങ്ങളും ഖവ്വാലികളും തുടങ്ങി അനാചാരങ്ങളുടെ മാർഗങ്ങളെല്ലാം കാണാവുന്നതാണ്. ഇങ്ങനെയൊക്കെയായിട്ടും മുസ്‌ലിംകളുടെ നേതാക്കളാണെന്ന വാദവും നബി(സ)തിരുമേനിയെ പിൻപറ്റുന്നവരാണെന്ന പൊങ്ങച്ചം പറച്ചിലും! ഇവരിൽ ചിലർ സ്ത്രീകളുടെ വസ്ത്രം ധരിക്കുകയും കൈകളിൽ മൈലാഞ്ചിയിടുകയും വളകൾ അണിയുകയും ചെയ്യുന്നു. വിശുദ്ധഖുർആനെ അപേക്ഷിച്ച് അവരുടെ മജ്‌ലിസുകളിൽ കവിതകളാണ് ചൊല്ലുന്നത്. ഇവർ ക്ലാവ് പിടിച്ചവരാണ്. അതകലുമെന്ന് ചിന്തിക്കാനേ സാധ്യമല്ല. എന്നാൽ, അല്ലാഹു തന്റെ ശക്തികൾ പ്രകടിപ്പിക്കുന്നതും ഇസ്‌ലാമിനെ സംരക്ഷിക്കുന്നതുമാണ്.

### സ്ത്രീകളോടു ചില ഉപദേശങ്ങൾ

നമ്മുടെ ഇക്കാലഘട്ടത്തിൽ ചില പ്രത്യേക അനാചാരങ്ങളിൽ സ്ത്രീകളും അകപ്പെട്ടിരിക്കുന്നു. അവർ ബഹുഭാര്യത്വ സമ്പ്രദായത്തെ തങ്ങൾക്കതിൽ വിശ്വാസമില്ലാത്തതുപോലെ അങ്ങേയറ്റം മോശദൃഷ്ടിയോടെയാണ് നോക്കിക്കാണുന്നത്. അല്ലാഹുവിന്റെ ശരീഅത്ത് എല്ലാവിധത്തിലുള്ള പ്രതിവിധികളും ഉൾക്കൊള്ളുന്നതാണെന്ന് അവർ അറിയുന്നില്ല.

ഇസ്‌ലാമിന്റെ ബഹുഭാര്യത്വ സമ്പ്രദായം ഇല്ലായിരുന്നുവെങ്കിൽ പുരുഷന്മാർക്ക് രണ്ടാം വിവാഹം ചെയ്യേണ്ടുന്ന സന്ദർഭങ്ങളുണ്ടാകുമ്പോൾ ഈ ശരീഅത്തിൽ അതിന് ഒരു പ്രതിവിധിയും ഇല്ലെന്നു പറയേണ്ടിവരുമായിരുന്നു. ഉദാഹരണത്തിന് ഭാര്യ ഭ്രാന്തിയോ, കുഷ്ഠരോഗിയോ അല്ലെങ്കിൽ നിത്യരോഗിയോ ആയി കരുണയർഹിക്കുന്നവളാവുകയും ഭർത്താവും ആ ഏകാന്തജീവിതം സഹിക്കവയ്യാതെ കരുണാർഹനാവുകയും ചെയ്യുന്ന അവസരത്തിൽ ഭർത്താവിന് രണ്ടാം വിവാഹം ചെയ്യാൻ അനുവാദം നല്കാതിരിക്കുക എന്നത് അവന്റെ പുരുഷത്വത്തോട് ചെയ്യുന്ന അക്രമമാണ്.

വാസ്തവത്തിൽ അല്ലാഹുവിന്റെ ന്യായപ്രമാണം (ശരീഅത്ത്) ഈ കാര്യങ്ങൾ കണ്ടുകൊണ്ടാണ് പുരുഷന്മാർക്ക് ഈ മാർഗം തുറന്നുവെച്ചിരിക്കുന്നത്. നിർബന്ധിതാവസ്ഥയിൽ സ്ത്രീകൾക്കായും മാർഗം തുറന്നിട്ടുണ്ട്. പുരുഷൻ ഷണ്ഡനാണെങ്കിൽ ന്യായാധിപൻ മുഖേന ത്വലാഖിന് പകരമായി വെച്ചിട്ടുള്ള ഖുൽഅ് ചെയ്യിക്കാവുന്നതാണ്. അല്ലാഹുവിന്റെ ശരീഅത്ത് മരുന്നുകച്ചവടക്കാരന്റെ കട പോലെയാണ്. എല്ലാ രോഗത്തിനും മരുന്ന് കിട്ടാത്ത കടയാണെങ്കിൽ ആ കട മുമ്പോട്ടുപോവുകയില്ല. അതുകൊണ്ട് ചിന്തിക്കുക. രണ്ടാം വിവാഹത്തിന് പുരുഷനെ നിർബന്ധിതനാക്കുന്ന ചില പ്രയാസങ്ങൾ അവനെ നേരിടുന്നുവെന്ന കാര്യം സത്യമല്ലേ? എല്ലാ പ്രയാസങ്ങൾക്കും പ്രതിവിധിയില്ലാത്ത ശരീഅത്ത് എന്തിന് കൊള്ളാം? നോക്കുക ഇഞ്ചീലിൽ വിവാഹമോചനത്തിനു വ്യഭിചാരം മാത്രമാണ് നിബന്ധന. എന്നാൽ, പുരുഷനും സ്ത്രീക്കുമിടയിൽ ആജന്മ ശത്രുതയുണ്ടാക്കുന്ന നൂറുക്കണക്കായ കാര്യങ്ങളെക്കുറിച്ച് ഒന്നും പറയുന്നില്ല. അതുകൊണ്ട് ക്രൈസ്തവ സമുദായത്തിന് ഈ ന്യൂനത സഹിക്കാൻ കഴിയാതെ പൊറുതിമുട്ടി. അവസാനം അമേരിക്കയിൽ ഒരു വിവാഹമോചന നിയമം പാസ്സാക്കേണ്ടിവന്നു. ഈ നിയമംകൊണ്ട് ഇഞ്ചീൽ എവിടെപ്പോയെന്ന് ചിന്തിക്കുക.

അല്ലയോ സ്ത്രീകളേ! വ്യാകുലപ്പെടാതിരിക്കുക. നിങ്ങൾക്കു ലഭിച്ചിരിക്കുന്ന വേദഗ്രന്ഥം, ഇഞ്ചീലിനെപ്പോലെ മനുഷ്യന്റെ കൈകടത്തലുകൾക്ക് ആശ്രയമുള്ള ഒന്നല്ല. ഈ ഗ്രന്ഥത്തിന്റെ പുരുഷന്മാരുടെ അവകാശങ്ങൾ സുരക്ഷിതമാക്കപ്പെട്ടതുപോ

( ശേഷം പേജ് 12ൽ)

പ്രിന്റർ & പബ്ലിഷർ ജമീൽ അഹ്മദ് നാസിർ, ഫദ്‌ലെ ഉമർ പ്രിന്റിംഗ് പ്രസ്സ് ഖാദിയാനിൽ അച്ചടിപ്പിച്ച് ഖാദിയാനിലെ ബദ്ർ പത്ര ഓഫീസിൽ നിന്ന് പ്രസിദ്ധീകരിച്ചത്: പ്രൊപ്രൈറ്റർ നിഗ്‌രാൻ ബദ്ർ ബോർഡ്,ഖാദിയാൻ

# മുഹർറ മാസത്തിന്റെ യാഥാർഥ്യം

ശഹ്സാദ അഹ്മദ്, യു.കെ
വിവർത്തകൻ: കെ.വി. ഹസ്സൻകോയ, കോഴിക്കോട്

പരിശുദ്ധമാസമായ മുഹർറം ഇസ്‌ലാമിക കലണ്ടറിലെ ആദ്യമാസമാണ്. പുതുവർഷം പൊതുവെ വിവിധ സംസ്കാരങ്ങളുടേയും ആചാരങ്ങളുടേയുമിടയിൽ മഹത്തായ ആഘോഷത്തിന്റെ സമയമാണ്. എന്നിരിക്കിലും ലോകമുസ്‌ലിംകളെ സംബന്ധിച്ചിടത്തോളം മുഹർറമാസം ഇസ്‌ലാമിക ചരിത്രത്തിലെ മഹാദുരന്തങ്ങളിലൊന്നിന്റെ അത്യന്തം വേദനാജനകവും ഗൗരവാവഹവുമായ സ്മരണയാണ്. ഹിജ്റ വർഷം 61-ലാണ് നബി തിരുമേനി(സ)യുടെ പ്രിയപൗത്രനും അവിടത്തെ കുടുംബത്തിൽപെട്ട മറ്റു ചിലരും കർബല മൈതാനിയിൽ യസീദിന്റെ സൈന്യത്താൽ നിഷ്കരുണം രക്തസാക്ഷികളാക്കപ്പെട്ടത്.

ഹദ്റത്ത് അമീർ മുആവിയ(റ), ഹദ്റത്ത് അലി(റ)യ്ക്കുശേഷം ഖിലാഫത്ത് അവകാശപ്പെടുകയും ഹിജ്റ 56-ൽ(ഹിജ്റക്ക് ശേഷം ഇസ്‌ലാമിക കലണ്ടറിന്റെ തുടക്കത്തിൽ) പ്രത്യക്ഷത്തിൽ തന്റെ അവകാശിയായി തന്റെ പുത്രൻ യസീദിനെ നിയമിക്കുകയും ചെയ്തു. ഹദ്റത്ത് മുആവിയ(റ)യുടെ ചരമത്തിനുശേഷം ഹിജ്റ വർഷം 60ൽ യസീദ് അധികാരം ഏറ്റെടുക്കുകയും തന്റെ കൈയിൽ ബയ്അത്ത് (ആത്മീയനേതാവിനോടുള്ള അനുസരണപ്രതിജ്ഞ) ചെയ്യാൻ മുസ്‌ലിംകളോടു നിർദേശിക്കുകയും ചെയ്തു. സത്യപ്രതിജ്ഞയിൽ കൂറും അനുസരണവും പാലിക്കാനും നിർദേശിച്ചു. കൂടുതൽ ഭിന്നിപ്പും രക്തച്ചൊരിച്ചിലും ഒഴിവാക്കാൻ നിരവധി മുസ്‌ലിംകൾ ബയ്അത്ത് ചെയ്തു. ഹദ്റത്ത് ഇമാം ഹുസയ്ൻ(റ), ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ ഉമർ(റ), ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ സുബയ്ർ തുടങ്ങിയ പ്രമുഖരായ സ്വഹാബാക്കൾ ബയ്അത്ത് ചെയ്യാൻ വിസമ്മതിച്ചു. അങ്ങനെയുള്ള നിയമനത്തോട് അവർ വിയോജിപ്പ് പ്രകടിപ്പിച്ചു. ഖിലാഫത്ത് എന്നത് ദൈവിക നിയമനമാണെന്നും അനന്തരാവകാശമല്ലെന്നും അവർ വിശ്വസിച്ചു. അടിസ്ഥാനതത്ത്വത്തോടുള്ള ഈ എതിർപ്പായിരുന്നു കർബലയിലെ ദുരന്തത്തിലേക്ക് നയിച്ചത്.

നബി(സ)തിരുമേനിയുടെ പൗത്രനായ ഹദ്റത്ത് ഹുസയ്ന്റെ രക്തസാക്ഷിത്വം ഓരോ വർഷവും മുഹർറ മാസത്തിൽ ലോകമെമ്പാടുമുള്ള മുസ്‌ലിംകൾ അനുസ്മരിക്കുന്നു. ചില‍ർ യോഗം ചേരുകയും ഈ മഹാദുരന്ത സംഭവങ്ങൾ എടുത്തുപറയുകയും ചെയ്യുമ്പോൾ മറ്റു ചിലർ തെരുവിലിറങ്ങി ഘോഷയാത്ര നടത്തുകയും ശാരീരികമായി പുനരഭിനയം നടത്തുകയും വേദന പ്രകടിപ്പിക്കുകയും ചെയ്തുകൊണ്ട് ആ ദുർദിനത്തിൽ ശഹീദാക്കപ്പെട്ടവരെ അനുസ്മരിക്കുകയും ചെയ്യുന്നു. അതിലുപരി അനേകർ ചരിത്രവിവരണങ്ങളെ വളച്ചൊടിച്ച് ആ ദുരന്തസംഭവങ്ങൾ വിവരിക്കാനും ദുഃഖം പ്രകടിപ്പിക്കാനും മുതിരുന്നു.

എന്നിരിക്കിലും ആഗോള അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന്റെ തലവനായ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് അയ്യദഹുല്ലാഹ് ഒരു യഥാർഥ മുസ്‌ലിം എങ്ങനെ ഈ വിശുദ്ധമാസം ആചരിക്കണമെന്ന് വിശദീകരിക്കുകയുണ്ടായി. വിവിധ ജുമുഅ ഖുത്വ്ബകളിൽ മുഹർറമാസാവസാനത്തിൽ അദ്ദേഹം കർബലയെക്കുറിച്ചും, സ്വഹാബാക്കളുടെ മഹത്തായ ത്യാഗത്തെക്കുറിച്ചും ഹദ്റത്ത് ഇമാം ഹുസയ്ൻ(റ)ന്റെ ഉന്നതമായ പദവിയെക്കുറിച്ചും വിവരിച്ചിട്ടുണ്ട്. കർബലയുടെ പശ്ചാത്തലം വിവരിക്കുമ്പോൾ വ്യാപകമായ അവലോകനം നടത്തിയിട്ടുമുണ്ട്.

ഹദ്റത്ത് ഇമാം ഹുസയ്ന്(റ) ഒരൊറ്റ ഉദ്ദേശ്യം മാത്രമേ ഉണ്ടായിരുന്നുള്ളൂ. അദ്ദേഹം സത്യം സ്ഥാപിക്കാൻ ശ്രമിച്ചു. അതാണദ്ദേഹം ചെയ്തത്. അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന്റെ രണ്ടാമത്തെ ഖലീഫയായിരുന്ന അൽമുസ്‌ലിഹ് മൗഊദ് ഹദ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ് ഹദ്റത്ത് ഇമാം ഹുസയ്ന്റെ(റ)നിലപാട് വളരെ മനോഹരമായി വിവരിച്ചിരിക്കുന്നു. അദ്ദേഹം തത്ത്വത്തിനനുകൂലമായിരുന്നു. അതായത് ഖലീഫയെ തിരഞ്ഞെടുക്കാനുള്ള അവകാശം രാജ്യത്തിലെ ജനങ്ങൾക്ക്, മുഴുവൻ സമുദായത്തിനുമുള്ളതാണ്. ഒരു പുത്രന് തന്റെ പിതാവിൽനിന്ന് അനന്തരാവകാശമാക്കാൻ പറ്റില്ല. ഈ തത്ത്വം അന്നത്തെപോലെ ഇന്നും പ്രാധാന്യമർഹിക്കുന്നു. യഥാർഥത്തിൽ ഹദ്റത്ത് ഇമാം ഹുസയ്ന്റെ(റ)രക്തസാക്ഷിത്വം ഈ അവകാശം കൂടുതലായി ഉയർത്തിപ്പിടിക്കുന്നു. അതിനാൽ ഹദ്റത്ത് ഇമാം ഹുസയ്നാ(റ)ണ് വിജയിച്ചത്; യസീദല്ല.

അങ്ങനെ ഹദ്റത്ത് ഇമാം ഹുസയ്ൻ(റ)യസീദിന് ബയ്അത്ത് ചെയ്യാൻ വിസമ്മതിച്ചു. എന്തെന്നാൽ, ഖിലാഫത്ത് വ്യവസ്ഥിതി ഒരു രാജവാഴ്ചയോ രാജവംശഭരണമോ അല്ലെന്ന് അദ്ദേഹം വിശ്വസിച്ചിരുന്നു. അതിലുപരി ഖലീഫ എന്നത് അല്ലാഹു നേരിട്ട് നിയമിക്കുന്നതാണ്; ജനങ്ങളുടെ ഇച്ഛ മുഖേനയാണെങ്കിലും.

അമീറുൽ മുഅ്മിനീൻ അയ്യദഹുല്ലാഹ് തുടർന്നു: 'ഹദ്റത്ത് ഇമാം ഹുസയ്ൻ(റ) ബയ്അത്ത് ചെയ്യാൻ വിസമ്മതം പ്രകടിപ്പിച്ചെങ്കിലും അനുരഞ്ജനത്തിന് നിരന്തരം ശ്രമിച്ചു. മുസ്‌ലിം രക്തച്ചൊരിച്ചിലിന്റെ അപകടം മനസ്സിലായപ്പോൾ അവരോടു മടങ്ങിപ്പോകാനും അദ്ദേഹം പറഞ്ഞു. ഏകദേശം 30 മുതൽ 40 വരെ ആളുകൾ അദ്ദേഹത്തിന്റെ കുടുംബാംഗങ്ങളോടൊപ്പം കൂടെനിന്നു. അതിലുപരി യസീദിന്റെ പ്രതിനിധികളോട് താൻ യുദ്ധം ചെയ്യാൻ ആഗ്രഹിക്കുന്നില്ലെന്നും പോകാൻ തന്നെ അനുവദിക്കണമെന്നും പറഞ്ഞു. തനിക്ക് ദൈവാരാധന നടത്തണമെന്നും അല്ലെങ്കിൽ (മുസ്‌ലിം സാമ്രാജ്യത്തിന്റെ) അതിർത്തിവരെ പോകുകയും ജിഹാദിൽ പങ്കെടുക്കുകയും അങ്ങനെ ഇസ്‌ലാമിന്റെ മാർഗത്തിൽ രക്തസാക്ഷിയാവുകയും ചെയ്യണമെന്നും പറഞ്ഞു. അല്ലെങ്കിൽ യസീദിന്റെയടുക്കൽ തന്നെ കൊണ്ടുപോകണമെന്നും കാര്യത്തിന്റെ യാഥാർഥ്യത്തെക്കുറിച്ച് അദ്ദേഹത്തെ അറിയിക്കണമെന്നും പറഞ്ഞു. പക്ഷേ, യസീദിന്റെ പ്രതിനിധികൾ അദ്ദേഹത്തിന്റെ ഒരൊറ്റ വാക്കുപോലും ചെവിക്കൊണ്ടില്ല.

ഹദ്റത്ത് ഇമാം ഹുസയ്ൻ(റ)ന്റെ ഈ മഹത്തായ ത്യാഗം വിശദീകരിച്ചുകൊണ്ട് അമീറുൽ മുഅ്മിനീൻ അയ്യദഹുല്ലാഹ് പറയുന്നു: "വാഗ്ദത്ത മസീഹ്(അ) ആരെക്കുറിച്ച് സ്വർഗ്ഗസ്ഥരായ പ്രധാനികളിൽ ഒരാളെന്നു വിശേഷിപ്പിച്ചുവോ ഹദ്റത്ത് ഇമാം ഹുസയ്ൻ(റ)തന്റെ ക്ഷമയുടേയും സ്ഥിരചിത്തതയുടേയും മാതൃക മുഖേന സ്വർഗത്തിലേക്കുള്ള പാത നമുക്ക് കാണിച്ചുതന്നു."

ഇന്ന്, ദശലക്ഷക്കണക്കിന് മുസ്‌ലിംകൾ ലോകം മുഴുവനും മുഹർറ മാസത്തിലെ ആദ്യത്തെ പത്തു ദിവസം ഈ ദുരന്തത്തിൽ വിലപിക്കുന്നു. എന്നിരിക്കിലും ഒരു യഥാർഥ മുസ്‌ലിം ഈ മാസം എങ്ങനെയാണ് ആചരിക്കേണ്ടതെന്ന് അമീറുൽ മുഅ്മിനീൻ അയ്യദഹുല്ലാഹ് പറഞ്ഞു.

'മുഹർറമാസം നമുക്ക് എന്തെങ്കിലും പാഠം നല്കുന്നുവെങ്കിൽ അത് ഒരാൾ എല്ലായ്പ്പോഴും നബിതിരുമേനിയുടേയും കുടുംബത്തിന്റേയുംമേൽ സ്വലാത്ത് ചൊല്ലുക എന്നതാണ്. കാലത്തിന്റെ ഇമാമിന്റെ മഹത്തായ ലക്ഷ്യങ്ങൾ പൂർത്തിയാക്കുകയെന്നത് നമ്മുടെ കടമയാണ്. നമ്മൾ നബി തിരുമേനി(സ)ക്ക് സ്വലാത്ത് ചൊല്ലിക്കൊണ്ടിരിക്കേണ്ടതാണ്. നമ്മിൽ സ്വയംതന്നെ ഒരു പരിവർത്തനം ഉണ്ടാവാൻ നാം ദുആ ചെയ്തുകൊണ്ടിരിക്കേണ്ടതാണ്. അതേസമയം മുആവിയ(റ)യുടെ പുത്രനായ യസീദിന്റെ സ്വഭാവമുള്ള നമ്മുടെ എതിരാളികളെ നേരിടുമ്പോൾ നാം സ്ഥിരചിത്തത കൈക്കൊള്ളുകയുംവേണം.'

അമീറുൽ മുഅ്മിനീൻ അയ്യദഹുല്ലാഹ് തുടർന്നു പറഞ്ഞു. 'നബി(സ) തിരുമേനിയുടെമേൽ അനുഗ്രഹങ്ങൾ തേടൽ നമ്മുടെ പ്രാർഥനകളുടെ സ്വീകാര്യതക്ക് അനിവാര്യമാണ്. പൊതുവിൽ നമ്മൾ നബി(സ) തിരുമേനിയുടെ പേരിൽ സ്വലാത്ത് ചൊല്ലാറുണ്ടെങ്കിലും ഈ മാസത്തിൽ പ്രത്യേകമായി അനുഗ്രഹങ്ങൾ തേടുന്നതിൽ ബദ്ധശ്രദ്ധരാവേണ്ടതാണ്.

നബി(സ)തിരുമേനിയുടെ പ്രവചനമനുസരിച്ച് ആഗതരായ വാഗ്ദത്ത മസീഹും മഹ്ദിയുമായ ഹദ്റത്ത് മിർസാ ഗുലാം അഹ്മദ്(അ) നബി(സ)തിരുമേനിയോട് ഉൽക്കടമായ അർപ്പണബോധമുള്ള ആളായിരുന്നു. ഒരാൾക്ക് നബി(സ) തിരുമേനിയോട് എത്രത്തോളം സത്യസന്ധമായ രീതിയിൽ സ്നേഹം പ്രകടിപ്പിക്കാൻ കഴിയുമോ അതിന്റെ ഉത്തമോദാഹരണമാണ് വാഗ്ദത്ത മസീഹിന്റെ കുലീനമായ ചര്യ. അദ്ദേഹത്തിന്റെ ഗ്രന്ഥങ്ങളും ലഘുലേഖകളും നബി(സ) തിരുമേനിയോടുള്ള സ്നേഹംകൊണ്ട് നിറഞ്ഞിരിക്കുന്നു. അവയിലൊന്നിൽ വാഗ്ദത്ത മസീഹ്(അ) പറയുന്നു:

"എന്റെ പ്രഭുവും യജമാനനും പ്രവാചകന്മാരുടെ അഭിമാനവും മനുഷ്യകുലോത്തമനുമായനബി(സ)തിരുമേനിയുടെ കാല്പാടുകൾ പിന്തുടർന്നില്ലായിരുന്നെങ്കിൽ ഞാനീ അനുഗ്രഹത്തിന് പാത്രമാവുമായിരുന്നില്ല. ഞാൻ നേടിയിട്ടുള്ളതെല്ലാം ആ മഹാത്മാവിനെ പിന്തുടർന്നതുകൊണ്ടു മാത്രമാണെന്ന് വിശ്വസ്തമായ അനുഭവം മുഖേന ഞാനറിയുന്നു. ആ പ്രവാചകനെ അനുഗമിക്കാതെ ആർക്കും തന്നെ ദൈവത്തെ പ്രാപിക്കാനോ അവനെക്കുറിച്ചുള്ള അഗാധജ്ഞാനമാർജിക്കുവാനോ സാധ്യമല്ല. ഇനി, നിങ്ങൾ സ്വയം നബി(സ)തിരുമേനിയുടെ നിർദേശങ്ങൾക്കും അധ്യാപനങ്ങൾക്കും പരിപൂർണമായി അർപ്പണം ചെയ്താൽ നിങ്ങൾക്ക് ഒരു പുതിയ ഹൃദയം നല്കപ്പെടുമെന്ന് ഞാൻ നിങ്ങളെ അറിയിക്കാൻ ആഗ്രഹിക്കുന്നു. ആ ഹൃദയം എല്ലായ്പ്പോഴും ശരിയായ ചായ്‌വിലായിരിക്കും. അതായത് ആ ഹൃദയത്തിന് ഭൗതികലോകത്തോടുള്ള സ്നേഹം ഉണ്ടാവുകയില്ല. അതിനുപകരം അതെപ്പോഴും ശാശ്വതമായ സ്വർഗീയ സംതൃപ്തിക്കുവേണ്ടി ചായ്‌വുള്ളതായിത്തീരും. ആ ആഗ്രഹം നിറവേറ്റിയശേഷം അത് എപ്പോഴും സമഗ്രവും പരിശുദ്ധവുമായ സ്നേഹത്തിന് അനുയോജ്യമായിരിക്കും; അതായത് ദൈവികസ്നേഹം! അദ്ദേഹത്തോടുള്ള നിങ്ങളുടെ പൂർണ അനുസരണം കാരണത്താൽ ഈ എല്ലാ അനുഗ്രഹങ്ങളും അദ്ദേഹത്തിന്റെ ആത്മീയാനന്തരാവകാശമായി നിങ്ങൾക്ക് നല്കപ്പെടുന്നതാണ്."

മറ്റൊരവസരത്തിൽ നബി(സ)തിരുമേനിയുടെ മഹോന്നതമായ പദവിയെക്കുറിച്ചു വാഗ്ദത്ത മസീഹ്(അ) എഴുതി:

'ആദം സന്തതികളായ സകലർക്കും മുഹമ്മദു മുസ്തഫാ(സ)തിരുമേനിയല്ലാതെ മറ്റൊരു റസൂലും ശിപാർശകനുമില്ല. ആയതിനാൽ ഈ പ്രതാപശാലിയായ നബിയുടെ നേരെ നിങ്ങൾ ഹൃദയംഗമമായ സ്നേഹം പുലർത്തിക്കൊള്ളുവിൻ! അവിടത്തെക്കാൾ ഉപരിയുള്ള മേന്മ മറ്റാരിലും കല്പിക്കരുത്; ആകാശത്തിൽ നിങ്ങൾ മോക്ഷം പ്രാപിച്ചവരുടെ കൂട്ടത്തിൽ എണ്ണപ്പെടുമാറാകുന്നതിനുതന്നെ. മോക്ഷം എന്നത് മരിച്ചശേഷം മാത്രം വെളിവാകുന്ന എന്തോ ഒന്നല്ലെന്ന് ഓർത്തുകൊള്ളുവിൻ. മറിച്ച് യഥാർഥമായ മോക്ഷം ആ ലോകത്തുവച്ചുതന്നെ അതിന്റെ വെളിച്ചം കാട്ടുന്നതാകുന്നു. ആരാണ് മോക്ഷം പ്രാപിച്ചവൻ? ദൈവം സത്യമാണെന്നും മുഹമ്മദുനബി(സ)തിരുമേനി ആ ദൈവത്തിന്റേയും മുഴുവൻ സൃഷ്ടിജാലത്തിന്റേയും ഇടയിലുള്ള ശിപാർശക്കാരനാണെന്നും ആകാശത്തിൻകീഴിൽ അവിടത്തേക്ക് സമസ്ഥാനീയനായി മറ്റൊരു നബിയുമില്ലെന്നും ഖുർആനു തുല്യമായിട്ടുള്ള മറ്റൊരു ഗ്രന്ഥവും ഇല്ലെന്നും എന്നെന്നും ജീവിച്ചിരിക്കുവാൻ അവൻ ആരുടെ കാര്യത്തിലും ഇച്ഛിച്ചിട്ടില്ലെങ്കിലും ഈ വരിഷ്ഠപ്രവാചകൻ എക്കാലത്തേക്കും ജീവിച്ചിരിക്കുന്ന നബിയാണെന്നും ഉറച്ചു വിശ്വസിക്കുന്നവൻതന്നെ!'(റൂഹാനീ ഖസാഇൻ വാല്യം 19, പേജ് 13-14, കശ്തിയെ നൂഹ്, പേജ് 15-16)

അങ്ങനെ ആദ്യകാല മുസ്‌ലിംകൾ സത്യത്തെ ഉയർത്തിപ്പിടിക്കാനും തങ്ങളുടെ വിശ്വാസം സംരക്ഷിക്കാനും ചെയ്ത മഹത്തായ ത്യാഗത്തെക്കുറിച്ചു മുഹർറമാസം നമ്മെ ഓർമിപ്പിക്കുന്നു.

ഇന്ന്, അവരെ അനുസ്മരിക്കുകയും അവരുടെ ത്യാഗത്തെ ബഹുമാനിക്കുകയും ചെയ്യാനുള്ള ഏകസത്യമാർഗം അവർ കാണിച്ചുതന്ന ഉന്നതനിലവാരങ്ങൾ അനുകരിക്കുകയും നബി(സ)തിരുമേനിയുടേയും കുടുംബത്തിന്റേയും മേൽ അനുഗ്രഹം തേടുകയുമാണ്.

അതിലുപരി വാഗ്ദത്ത മഹ്ദീ മസീഹ്(അ)ന്റെ ആഗമനമുണ്ടായ ഈ അനുഗൃഹീത കാലഘട്ടത്തിൽ, നബി(സ) തിരുമേനിയുടെ നിർദേശമനുസരിച്ച് മുസ്‌ലിംകൾ ആ മഹാത്മാവിൽ ബയ്അത്ത് ചെയ്യണം. അങ്ങനെ ചേരിതിരിവുകളെല്ലാം ഉപേക്ഷിച്ച് കാലത്തിന്റെ ഇമാമിന്റെ കീഴിൽ അണിചേരുക. (ദി റിവ്യൂ ഓഫ് റിളീജിയൻസ്, സെപ്തംബർ 2018)

# ഖുത്ബ ജുമുഅ

**അനുസരണത്തിന്റേയും ആത്മാർഥതയുടേയും കൂറിന്റേയും രൂപമായ നബി(സ)തിരുമേനിയുടെ ബദ്റിൽ പങ്കെടുത്ത സ്വഹാബിമാർ ഹദ്റത്ത് ഥാബിത്ത് ബിൻ ഖാലിദ് അൻസ്വാരി, ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ ഉർഫ, ഹദ്റത്ത് ഉത്ബ ബിൻ അബ്ദുല്ലാഹ്, ഹദ്റത്ത് ഖയ്സ് ബിൻ അബീ സ്വഅ്സ്വഅ, ഹദ്റത്ത് ഉബയ്ദ ബിൻ ഹാരിഥ് (റ.ഹും)തുടങ്ങിയവരുടെ അനുഗൃഹീത ജീവചരിത്ര വിവരണം.**

**ഇന്തൊനേഷ്യയിലെ അഹ്മദിയ്യാ ജമാഅത്തിന്റെ ദീർഘകാല സേവകൻ, വാഖ്ഫെ സിന്ദഗി, മുബല്ലിഗ്, മുൻ റഈസുത്തബ്ലീഗ്, ഇന്തൊനേഷ്യയിലെ ജാമിഅ അഹ്മദിയ്യ പ്രിൻസിപ്പാൾ തുടങ്ങിയ നിലകളിൽ സേവനമനുഷ്ഠിച്ച ബഹുമാന്യ സുയൂത്വി അഹ്മദ് അസീസ് സാഹിബിനെ കുറിച്ചുള്ള അനുസ്മരണവും ഗാഇബ് ജനാസ നമസ്കാരവും**

**ഖുത്ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് അയ്യദഹുല്ലാഹുത്തആല ബിനസ്രിൽ അസീസ്**

**ഖുത്ബ ജുമുഅ 2018 നവംബർ 30/1397 തബൂക് 30**
**മസ്ജിദ് ബയ്ത്തുൽ ഫുത്തൂഹ്, മോർഡൻ,(യു.കെ)**

اَشْهَدُ اَنْ لَّا اِلٰهَ اِلَّا اللّٰهُ وَحْدَهٗ لَا شَرِيْكَ لَهٗ وَاَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ
اَمَّا بَعْدُ فَاَعُوْذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيْمِ- بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ-
اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ- الرَّحْمٰنِ الرَّحِيْمِ- مٰلِكِ يَوْمِ الدِّيْنِ- اِيَّاكَ نَعْبُدُ وَاِيَّاكَ نَسْتَعِيْنُ-
اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ- صِرَاطَ الَّذِيْنَ اَنْعَمْتَ عَلَيْهِمْ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ-

ഇന്ന് പരാമർശിക്കാൻ പോകുന്ന സ്വഹാബിമാരിൽ ആദ്യത്തേത് ഹദ്റത്ത് ഥാബിത്ത് ബിൻ ഖാലിദ് അൻസ്വാരിയാണ്. ബദ്ർ, ഉഹുദ് യുദ്ധങ്ങളിലും പിന്നെ യമാമാ യുദ്ധത്തിലും അദ്ദേഹം പങ്കെടുത്തിരുന്നു. ആ യുദ്ധത്തിൽ അദ്ദേഹം ശഹീദാകുകയും ചെയ്തു. ചിലരുടെ അഭിപ്രായത്തിൽ അദ്ദേഹം 'ബിഅ്രെ മഊന' സംഭവം നടന്ന അവസരത്തിലാണ് ശഹീദായത്.(ഇസ്തീആബ് വാള്യം 1, പേജ് 198, പ്രസാധകർ ദാറുൽജീൽ ബേറൂത്ത് 1992)

ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ ഉർഫയാണ് മറ്റൊരു സ്വഹാബി. അദ്ദേഹം ഹദ്റത്ത് ജഅ്ഫർ ബിൻ അബി ത്വാലിബിന്റെ കൂടെ ഹബ്ശയിലേക്കുള്ള ഹിജ്റത്തിൽ പങ്കെടുത്തു. അബ്ദുല്ലാഹ് ബിൻ മസ്ഊദിന്റെ ഒരു നിവേദനമുണ്ട്. അദ്ദേഹം പറയുന്നു:'നബി(സ)തിരുമേനി ഞങ്ങളെ നജ്ജാശിയുടെ അടുക്കൽ അയച്ചിരുന്നു. ഞങ്ങൾ എൺപതിനടുത്ത് ആളുകളുണ്ടായിരുന്നു.(മുസ്നദ് അഹ്മദ് ബിൻ ഹമ്പൽ, വാള്യം 2, പേജ് 201, ഹദീഥ് 4400, മുസ്നദ് അബ്ദുല്ലാഹ് ബിൻ മസ്ഊദ്(റ), പ്രസാധകർ ആലമുൽ കുതുബ് ബേറൂത്ത് 1998)

ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ ഉർഫ ബദ്ർയുദ്ധത്തിലും പങ്കെടുത്തിരുന്നു.(ഇസ്തീആബ് വാള്യം 3, പേജ് 949, അബ്ദുല്ലാഹ് ബിൻ ഉർഫ പ്രസാധകർ ദാറുൽജീൽ ബേറൂത്ത് 1992)

ഹദ്റത്ത് ഉത്ബ ബിൻ അബ്ദുല്ലാഹ്: ഇദ്ദേഹത്തിന്റെ മാതാവിന്റെ പേര് ബുസ്റ ബിൻത് സയ്ദ് എന്നായിരുന്നു. ഇദ്ദേഹം അഖ്ബ ബയ്അത്തിലും ബദ്ർയുദ്ധത്തിലും ഉഹുദ് യുദ്ധത്തിലും പങ്കെടുത്തിരുന്നു.(ഇസ്തീആബ് വാള്യം 3, പേജ് 1026, ഉത്ബ ബിൻ അബ്ദുല്ലാഹ്, പ്രസാധകർ ദാറുൽജീൽ ബേറൂത്ത് 1992)(അത്ത്വബക്കാത്തുൽ കുബ്റാ വാള്യം 3, പേജ് 430, ഉത്ബ ബിൻ അബ്ദുല്ലാഹ്, പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 1990).

ഹദ്റത്ത് ഖയ്സ് ബിൻ അബീ സ്വഅ്സ്വഅ: ഇദ്ദേഹം അൻസ്വാരിയായിരുന്നു. ഹദ്റത്ത് ഖയ്സിന്റെ പിതാവിന്റ പേര് അംറ് ബിൻ സയ്ദ് എന്നായിരുന്നു. പക്ഷേ, അദ്ദേഹം തന്റെ സംജ്ഞാനാമമായ 'അബൂ സ്വഅ്സ്വഅ' എന്ന പേരിലാണ് പ്രസിദ്ധനായിരുന്നത്. ഹദ്റത്ത് ഖയ്സിന്റെ മാതാവിന്റ പേര് ശയ്ബ ബിൻത് ആസിം എന്നായിരുന്നു. ഇദ്ദേഹം എഴുപത് അൻസ്വാറുകളോടൊപ്പം അഖബ ബയ്അത്തിൽ പങ്കെടുത്തിരുന്നു. ബദ്ർ, ഉഹുദ് യുദ്ധങ്ങളിൽ പങ്കെടുക്കുവാനും ഇദ്ദേഹത്തിന് സൗഭാഗ്യം ലഭിച്ചു.(അത്ത്വബക്കാത്തുൽ കുബ്റാ വാള്യം 3, പേജ് 392, ഖയ്സ് ബിൻ അബീ സ്വഅ്സ്വഅ, പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 1990).

ബദ്ർ യുദ്ധത്തിന് പുറപ്പെടുമ്പോൾ നബി(സ) തിരുമേനി തന്റെ സൈന്യത്തിനോടൊപ്പം മദീനയ്ക്കു പുറത്ത് 'ബുയൂത്തുസ്സുഖ്യാ'ന്റെ സമീപത്ത് താമസിച്ചു. നബി(സ)തിരുമേനിയുടെകൂടെ യാത്ര ചെയ്യുവാനുള്ള താൽപര്യത്താൽ ചെറിയ പ്രായത്തിലുള്ള കുട്ടികളും കൂടെ വന്നിരുന്നു. അവർ അവിടെനിന്ന് മടക്കിയയക്കപ്പെട്ടു. പിന്നീട് നബി(സ)തിരുമേനി തന്റെ സ്വഹാബത്തിനോടു പറഞ്ഞു:'സുഖ്യാന്റെ കിണറ്റിൽനിന്ന് വെള്ളം കൊണ്ടുവരിക.' അവിടന്ന് അതിലെ വെള്ളം കുടിച്ചു. പിന്നീട് സുഖ്യാന്റെ വീടുകളുടെ അടുത്ത് നമസ്കരിച്ചു. സുഖ്യാഇൽ നിന്ന് പുറപ്പെടുന്ന സമയത്ത് നബി(സ)തിരുമേനി ഹദ്റത്ത് ഖയ്സ് ബിൻ അബീ സ്വഅ്സ്വഅയോട് മുസ്‌ലിംകളുടെ എണ്ണമെടുക്കാൻ കല്പിച്ചു. അവിടന്ന് അദ്ദേഹത്തെ വെള്ളത്തിന്റെ കാവൽക്കാരനുമാക്കി. അതിനുശേഷം നബി(സ)തിരുമേനി മസ്ജിദ് നബ്വിയിൽനിന്ന് ഏകദേശം രണ്ടു കിലോമീറ്റർ അകലത്തുള്ള 'ബിഅ്റു ഇനബ'യുടെ അടുത്ത് താമസിച്ചു. ഹദ്റത്ത് ഖയ്സ് എണ്ണമെടുത്തശേഷം നബി(സ)തിരുമേനിയോട് 313 ആണെന്നു പറഞ്ഞപ്പോൾ അവിടന്ന് അതുകേട്ട് സന്തോഷിച്ചു. എന്നിട്ടു പറഞ്ഞു: 'ത്വാലൂത്തിന്റെ കൂടെയുണ്ടായിരുന്നവരുടെ എണ്ണവും ഇത്രതന്നെയായിരുന്നു.'സുഖ്യായെ സംബന്ധിച്ച് ഇങ്ങനെ ഒരു കുറിപ്പെഴുതിയിരിക്കുന്നു. മസ്ജിദ് നബ്വിയിൽനിന്ന് അതിന്റെ ദൂരം രണ്ടു കിലോമീറ്ററിന്നടുത്തായിരുന്നു. അതിന്റെ പഴയ നാമം 'ഹുസയ്ക്ക' എന്നായിരുന്നു. ഹദ്റത്ത് ഖല്ലാദ്(റ)പറയുന്നു:'നബി(സ)തിരുമേനി 'ഹുസയ്ക്ക' എന്നു പേരുമാറ്റി 'സുഖ്യാ' എന്നു വെച്ചിരുന്നു. അദ്ദേഹം പറയുന്നു: 'സുഖ്യായെ വാങ്ങണമെന്ന് എനിക്ക് ആഗ്രഹമുണ്ടായിരുന്നു. പക്ഷേ, എന്നെക്കാൾ മുമ്പേ ഹദ്റത്ത് സഅ്ദ് ബിൻ അബീ വഖാസ് രണ്ടു ഒട്ടകത്തിനുപകരം അത് വാങ്ങിക്കഴിഞ്ഞിരുന്നു.' ചിലർ പറയുന്നത് ഏഴ് ഔഖിയാ അതായത് 280 ദിർഹമിനു പകരം ആ സ്ഥലം വാങ്ങിയെന്നാണ്. നബി(സ)തിരുമേനിയോടു ഇക്കാര്യം പറഞ്ഞപ്പോൾ അവിടന്ന് പറഞ്ഞു:'അതിന്റെ കച്ചവടം വളരെ ഫലപ്രദമാണ്.'(അസ്സീറത്തുന്നബ്വിയ്യ അലാ ളൗഇൽ ഖുർആൻ വസ്സുന്നഃ, മുഹമ്മദ് ബിൻ മുഹമ്മദ് ബിൻ സുവയ്‌ലം, വാള്യം 2, പേജ് 124, മക്തബത്തുശ്ശാമിലഃ)(സുബുലുൽ ഹുദാ വർറശാദ്, വാള്യം 4, പേജ് 23–25, പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത്).(യൗമുൽ ഫുർഖാൻ അസ്റാർ, ബദ്ർ യുദ്ധം അദ്ദക്തൂർ മുസ്തഫാ ഹസനുൽ ബദ്‌വി, പേജ് 124, പ്രസാധകർ ദാറുൽമിൻഹാജ് ബേറൂത്ത് 2015)(ഇംതാഉൽ അസ് മാഅ്, വാള്യം 8, പേജ് 341, ദാറുൽ കുതുബുൽ ഇൽമിയ്യ ബേറൂത്ത് 1999)(കിതാബുൽ മഗാസി ലിൽവാഖ്ദി, വാള്യം 1, പേജ് 37–38, പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 2003)

അതുപോലെതന്നെ ബദ്ർയുദ്ധദിവസം നബി(സ)തിരുമേനി 'സാഖഃ'യുടെ നേതൃത്വം അദ്ദേഹത്തെയാണ് ഏല്പിച്ചിരുന്നത്.'സാഖഃ' എന്നാൽ, സുരക്ഷയ്ക്കുവേണ്ടി പിറകിലായി നീങ്ങുന്ന സൈനികസംഘമാണ്. ഒരിക്കൽ അദ്ദേഹം നബി(സ)തിരുമേനിയുടെ സന്നിധിയിൽ ഹാജരായിക്കൊണ്ടു ചോദിച്ചു: 'യാ റസൂലല്ലാഹ്! എത്രദിവസം കൊണ്ടാണ് ഞാൻ ഖുർആൻ ഓതിപൂർത്തിയാക്കേണ്ടത്?' നബി(സ)തിരുമേനി പറഞ്ഞു: 'പതിനഞ്ചു രാത്രികൊണ്ട്.' ഹദ്റത്ത് ഖയ്സ് പറഞ്ഞു:'എനിക്ക് അതിലും കൂടുതൽ ശേഷിയുണ്ട്.' അപ്പോൾ നബി(സ)തിരുമേനി പറഞ്ഞു: 'ഒരു ജുമുഅ മുതൽ അടുത്ത ജുമുഅവരെ ഓതിത്തീർക്കുക.' അദ്ദേഹം പറഞ്ഞു: 'അതിലും കൂടുതൽ ശേഷി എനിക്കുണ്ട്.' പിന്നീട് ഒരു ദീർഘകാലം അദ്ദേഹം അതനുസരിച്ചു ഓതിക്കൊണ്ടിരുന്നു. ഒടുവിൽ വൃദ്ധനായി കാഴ്ച മങ്ങിത്തുടങ്ങിയപ്പോൾ പതിനഞ്ചു രാത്രികൊണ്ട് ഓതിപൂർത്തിയാക്കുവാൻ തുടങ്ങി. അപ്പോഴൊക്കെ അദ്ദേഹം പറയുമായിരുന്നു: 'നബി(സ)തിരുമേനി നൽകിയ കാലാവധി സ്വീകരിച്ചിരുന്നുവെങ്കിൽ എത്ര നന്നായിരുന്നു.'(അസദുൽ ഗാബ, വാള്യം 4, പേജ് 408, ഖയ്സ് ബിൻ അബീ സ്വഅ്സ്വഅ, പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 2003)

ഹദ്റത്ത് ഖയ്സിന്റെ രണ്ടു കുട്ടികളായിരുന്നു അൽഫാകിഹും ഉമ്മു ഹാരിഥും. അവർ രണ്ടു പേരുടേയും മാതാവ് ഉമാമ ബിൻത് മുആദായിരുന്നു. ഹദ്റത്ത് ഖയ്സിന്റെ തലമുറ മുന്നോട്ടു പോയില്ല. ഹദ്റത്ത് ഖയ്സിന് മൂന്നു സഹോദരന്മാരുണ്ടായിരുന്നു. അവർക്ക് നബി(സ)തിരുമേനിയുടെ സൽസംഗത്തിൽനിന്ന് അനുഗ്രഹമെടുക്കാൻ അവസരം കിട്ടി. പക്ഷേ, അവർ ബദ്റിൽ പങ്കെടുത്തിരുന്നില്ല. അവരിൽ ഹദ്റത്ത് ഹാരിഥ് യമാമ യുദ്ധത്തിൽ ശഹീദായി. ഹദ്റത്ത് അബൂ കലാബും(റ)ഹദ്റത്ത് ജാബിർ ബിൻ സ്വഅ്സ്വഅയും മുഅത്ത യുദ്ധത്തിൽ ശഹാദത്തിന്റെ പാനീയം കുടിച്ചു. (അത്ത്വബക്കാത്തുൽ കുബ്റാ വാള്യം 3, പേജ് 392, ഖയ്സ് ബിൻ അബീ സ്വഅ്

സ്വഅ, പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 1990).

ഹദ്റത്ത് ഉബയ്ദ ബിൻ ഹാരിഥ്: ഇദ്ദേഹം ഒരു സ്വഹാബിയായിരുന്നു. ഹദ്റത്ത് ഉബയ്ദ ബിൻ അൽ ഹാരിഥ് ബനൂമത്്ലബ് ഗോത്രത്തിൽപ്പെട്ടയാളായിരുന്നു. നബി(സ)തിരുമേനിയുടെ അടുത്ത ബന്ധുവായിരുന്നു.(സീറത്തു ഖാത്തമുന്നബിയ്യീൻ, ഹദ്റത്ത് മിർസാ ബശീർ അഹ്മദ് എം.എ, പേജ് 123–124)

അദ്ദേഹത്തിന്റെ സംജ്ഞനാമം അബൂഹാരിഥ് എന്നായിരുന്നു. ചിലർ പറയുന്നത് അബൂമുആവിയ്യ എന്നായിരുന്നുവെന്നാണ്. മാതാവിന്റെ പേര് സുഖയ്ലഃ ബിൻത് ഖുസാഈ എന്നായിരുന്നു. നബി(സ)തിരുമേനിയെക്കാൾ പത്തു വയസിനു മൂത്തതായിരുന്നു ഹദ്റത്ത് ഉബയ്ദ(റ). പ്രാരംഭകാലത്ത് വിശ്വസിച്ചവരുടെ കൂട്ടത്തിൽ ഇദ്ദേഹം ഉൾപ്പെടുന്നു. നബി(സ)തിരുമേനി ദാറുഅർഖമിൽ പ്രവേശിക്കുന്നതിനു മുമ്പേ അദ്ദേഹം വിശ്വസിച്ചിരുന്നു. ഹദ്റത്ത് അബൂ ഉബയ്ദ, ഹദ്റത്ത് അബൂസലമഃ ബിൻ അബ്ദുല്ലാഹ് അസദീ, ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ അർഖം മഖ്സൂമി, ഹദ്റത്ത് ഉഥ്മാൻ ബിൻ മള്ഊൻ എന്നിവർ ഒരേ സമയത്താണ് വിശ്വസിച്ചത്. നബി(സ) തിരുമേനിയുടെ മുന്നിൽ പ്രത്യേക സ്ഥാനവും പദവിയുമുള്ളയാളായിരുന്നു ഹദ്റത്ത് ഉബയ്ദ(റ). ഹദ്റത്ത് ഉബയ്ദ ബിൻ ഹാരിഥ് തുടക്കത്തിൽത്തന്നെ ഇസ്ലാം സ്വീകരിച്ചു. അദ്ദേഹം ബനൂഅബ്ദുൽമനാഫിന്റെ നേതാക്കന്മാരിൽപ്പെട്ടയാളായിരുന്നു. (അസദുൽ ഗാബ, വാള്യം 5, പേജ് 547, ഉബയ്ദ ബിൻ അൽഹാരിഥ്, പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 2003). (അൽ ഇസ്വാബ ഫീ തമീസി സ്സ്വഹാബ വാള്യം 4, പേജ് 353, ഉബയ്ദ ബിൻ അൽഹാരിഥ്(റ), പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 1995).

ഹദ്റത്ത് ഉബയ്ദ ബിൻ ഹാരിഥ് അദ്ദേഹത്തിന്റെ രണ്ടു സഹോദരന്മാരായ ഹദ്റത്ത് ത്വുഫയ്ൽ ബിൻ ഹാരിഥ്, ഹദ്റത്ത് ഹുസ്വയ്ൻ ബിൻ ഹാരിഥ് എന്നിവരുടെ കൂടെ മദീനയിലേക്ക് ഹിജ്റത്ത് ചെയ്തു. അവരോടൊപ്പം ഹദ്റത്ത് മിസ്ത്വഹ് ബിൻ ഉഥാഥയും ഉണ്ടായിരുന്നു. യാത്രയ്ക്കുമുമ്പേ 'നാജഹ്' താഴ് വരയിൽ കൂടിച്ചേരാമെന്ന് ഇവർ നിശ്ചയിച്ചിരുന്നു. പക്ഷേ, ഹദ്റത്ത് മിസ്ത്വഹ് ബിൻ ഉഥാഥ പിന്നിലായിപ്പോയി. കാരണം അദ്ദേഹത്തെ പാമ്പ് കൊത്തിയിരുന്നു. അടുത്ത ദിവസമാണ് ഹദ്റത്ത് മിസ്ത്വഹിനെ പാമ്പുകൊത്തിയ വിവരം അവരറിയുന്നത്. അതുകൊണ്ട് അവർ മടങ്ങിപ്പോയി. അദ്ദേഹത്തേയും കൂട്ടി മദീനയിൽ വന്നു. മദീനയിൽ ഇവർ ഹദ്റത്ത് അബ്ദുർറഹ്മാൻ ബിൻ സലമയുടെ വീട്ടിൽ താമസിച്ചു.(അത്ത്വബക്കാത്തുൽ കുബ്റാ വാള്യം 3, പേജ് 37, ഉബയ്ദ ബിൻ അൽഹാരിഥ്, പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 1990).

നബി(സ)തിരുമേനി ഹദ്റത്ത് ഉബയ്ദാ ബിൻ ഹാരിഥിനേയും ഹദ്റത്ത് ഉമയ്ർ ബിൻ അൽഹുമാമയേയും സഹോദരന്മാരാക്കി. രണ്ടുപേരും ബദർ യുദ്ധത്തിൽ ശഹീദായി. (ഇസ്തീആബ് വാള്യം 3, പേജ് 1214, ഉമയ്ർ ബിൻ അൽഹുമാം, പ്രസാധകർ ദാറുൽജീൽ ബേറൂത്ത് 1992)

അദ്ദേഹത്തിന്റെ രണ്ടു സഹോദരന്മാർ ഹദ്റത്ത് ത്വുഫയ്ൽ ബിൻ ഹാരിഥും ഹദ്റത്ത് ഹുസ്വയ്ൻ ബിൻ ഹാരിഥും ബദ്ർ യുദ്ധത്തിൽ അദ്ദേഹത്തോടൊപ്പം പങ്കെടുത്തിരുന്നു.(അത്ത്വബക്കാത്തുൽ കുബ്റാ വാള്യം 3, പേജ് 38–39, പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 1990).

നബി(സ)തിരുമേനി മദീനയിൽ വന്ന് അവിശ്വാസികളുടെ ദ്രോഹങ്ങളിൽനിന്ന് രക്ഷപ്പെടുന്നതിനുവേണ്ടിയും മുസ്ലീംകളെ സുരക്ഷിതരാക്കി വെക്കുന്നതിനുവേണ്ടിയും ചില തന്ത്രങ്ങൾ ആസൂത്രണം ചെയ്തു. അത് നബി(സ)തിരുമേനിയുടെ ഉന്നതമായ രാഷ്ട്രീയ കഴിവിനും യുദ്ധപരമായ ദീർഘദൃഷ്ടിക്കുമുള്ള വ്യക്തമായ തെളിവാണ്. അത് പരാമർശിച്ചുകൊണ്ട് സീറത്തു ഖാത്തമുന്നബിയ്യീനിൽ ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ് ഇങ്ങനെ എഴുതിയിരിക്കുന്നു: 'ചരിത്രത്തിൽനിന്ന് സ്ഥാപിതമാകുന്നത് നബി(സ)തിരുമേനി ആദ്യത്തെ സൈന്യംതന്നെ ഉബയ്ദ ബിൻ അൽഹാരിഥിന്റെ നേതൃത്വത്തിൽ അയച്ചിരുന്നുവെന്നാണ്. ഇക്രിമ ബിൻ അബൂജഹ്ലിന്റെ ഒരു സംഘവുമായി അവർക്ക് ഏറ്റുമുട്ടേണ്ടിവന്നു. അതിൽനിന്ന് ഖുറയ്ശികളുമായി ഇടകലർന്നുവന്ന മക്കയിലെ ബലഹീനരായ രണ്ടു മുസ്ലീംകൾ അവരെ ഉപേക്ഷിച്ച് മുസ്ലീംകളിൽ വന്നു ചേർന്നു. നിവേദനത്തിൽ വന്നിരിക്കുന്നു..... ഈ യുദ്ധ നടപടിയിൽ മുസ്ലീംകളുടെ സംഘം ഖുറയ്ശി സൈന്യത്തിന്റെ മുമ്പിൽ വന്നപ്പോൾ രണ്ടുപേർ മിഖ്ദാദ് ബിൻ അംറും ഉത്ബ ബിൻ ഗസ്വാനും–അവർ ബനൂ സുഹ്റായുടേയും ബനൂ നൗഫലിന്റേയും സഖ്യകക്ഷിയായിരുന്നു മുശ്രിക്കീംകളിൽനിന്ന് ഓടി മുസ്ലീംകളിൽ വന്നു ചേർന്നു. ഇവർ രണ്ടുപേരും മുസ്ലീംകളായിരുന്നു. അവിശ്വാസികളുടെ ഓരംചേർന്ന് മുസ്ലീംകളുമായി ചേരുന്നതിന് പുറപ്പെട്ടതാണ്.' അതുകൊണ്ട് ഈ പാർട്ടികളെ അയപ്പിക്കുന്നതിൽ നബി(സ)തിരുമേനിയുടെ ഒരു ഉദ്ദേശ്യം അത്തരം ആളുകളെ അക്രമികളായ ഖുറയ്ശികളിൽനിന്ന് രക്ഷിക്കുകയും അവർക്ക് മുസ്ലീംകളിൽ വന്നുചേരുന്നതിന് അവസരം ഒരുക്കുകയും ചെയ്യുക എന്നതുമായിരുന്നു.(സീറത്തു ഖാത്തമുന്നബിയ്യീൻ, ഹദ്റത്ത് മിർസാ ബശീർ അഹ്മദ് എം.എ(റ), പേജ് 324)

ഹിജ്റത്തിന് എട്ടു വർഷത്തിനുശേഷം നബി(സ)തിരുമേനി ഹദ്റത്ത് ഉബയ്ദയെ അറുപതോ എൺപതോ പേരുടെ സംഘത്തോടൊപ്പം അയക്കുകയുണ്ടായി. നബി(സ)തിരുമേനി ഹദ്റത്ത് ഉബയ്ദാ ബിൻ ഹാരിഥിനുവേണ്ടി ഒരു വെള്ളനിറത്തിലുള്ള പതാക കെട്ടിയുണ്ടാക്കി. അത് ഹദ്റത്ത് മിസ്ത്വഹ് ബിൻ ഉഥാഥ പിടിച്ചു. ഖുറയ്ശികളുടെ ഒരു കച്ചവടസംഘത്തെ തടയുക എന്നതായിരുന്നു ഈ സൈനികനീക്കത്തിന്റെ ലക്ഷ്യം. അബൂസുഫ്യാൻ ആയിരുന്നു ഖുറയ്ശി സംഘത്തിന്റെ നേതാവ്. ചിലർ ഇക്രിമ ബിൻ അബൂജഹ്ലായിരുന്നുവെന്നും ചിലർ മിക്റസ് ബിൻ ഹഫ്സ് ആയിരുന്നുവെന്നും പറയുന്നുണ്ട്. ഈ സംഘത്തിൽ ഇരുനൂറ് പേരുണ്ടായിരുന്നു. അതായത് വ്യാപാരചരക്കുകളുമായി പോകുകയായിരുന്ന അവിശ്വാസികളുടെ ഈ കച്ചവട സംഘത്തിൽ. സ്വഹാബിമാരുടെ ഈ സംഘം 'റാബിഗ്' താഴ്വരയിൽവച്ച് ആ സംഘത്തെ കണ്ടുമുട്ടി. ആ സ്ഥലത്തിന് 'വദ്ദാൻ' എന്നും പറയാറുണ്ട്. ഇരുപക്ഷത്തു നിന്നും അമ്പെയ്ത്തല്ലാതെ മറ്റൊന്നും നടന്നില്ല. ഏറ്റുമുട്ടലിന് ഔദ്യോഗികമായി സൈന്യത്തെ അണിനിരത്തിയതുമില്ല. ഹദ്റത്ത് സഅ്ദു ബിൻ അബീ വഖാസ്വായിരുന്നു മുസ്ലിംകളുടെ ഭാഗത്തുനിന്ന് ആദ്യമായി അമ്പെയ്തത്. ഇസ്ലാമിന്റെ ഭാഗത്തുനിന്ന് തൊടുത്തുവിട്ട ഏറ്റവും ആദ്യത്തെ അമ്പായിരുന്നു അത്. ആ അവസരത്തിൽ ഹദ്റത്ത് മിഖ്ദാദ് ബിൻ അസ്വദ്, ഹദ്റത്ത് ഉയയ്നഃ ബിൻ ഗസ്വാൻ(ഇബ്നു ഹിശാമിലും താരീഖ് ത്വബ്രിയിലും ഉത്ബ ബിൻ ഗസ്വാൻ എന്നുമുണ്ട്) എന്നിവർ മുശ്രിക്കീംഗങ്ങളുടെ സംഘത്തിൽനിന്ന് പുറത്തുചാടി മുസ്ലീംകളുടെ അടുത്തുവന്നുവെന്നും എഴുതിയിരിക്കുന്നു. കാരണം അവരിരുവരും ഇസ്ലാം സ്വീകരിച്ചു കഴിഞ്ഞിരുന്നു. അവർ മുസ്ലീംകളുടെ അടുത്തു പോകാനാഗ്രഹിച്ചിരുന്നു. ഹദ്റത്ത് ഉബയ്ദ ബിൻ ഹാരിഥിന്റെ നേതൃത്വത്തിലുള്ള രണ്ടാമത്തെ സൈനികനീക്കമായിരുന്നു അത്. അമ്പെയ്ത്തിനുശേഷം ഇരുകക്ഷികളും പിന്മാറി. കാരണം മുസ്ലീംകൾ വൻസൈന്യമാണെന്ന പ്രതീതി മുശ്രിക്കീംകളിലുണ്ടായി. അവർക്കു സഹായം കിട്ടിക്കൊണ്ടിരിക്കുന്നുവെന്ന് അവർ ധരിച്ചു. അതുകൊണ്ട് അവർ ഭയന്ന് പിന്തിരിഞ്ഞോടി. മുസ്ലീംകളാണെങ്കിൽ അവരെ പിന്തുടരാനും പോയില്ല. (അസ്സീറത്തുൽ ഹൽബിയ്യ വാള്യം 3 പേജ് 215–216, സരിയത്ത് ഉബയ്ദ ബിൻ അൽഹാരിഥ്, പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 2002). (സീറത്ത് ഇബ്നു ഹിശാം, വാള്യം 1, പേജ് 592, സരിയത്ത് ഉബയ്ദ ബിൻ അൽഹാരിഥ്, പ്രസാധകർ മുസ്തഫാ അൽബാബി മിസ്ർ 1955).(താരീഖ് അത്ത്വബരി വാള്യം 2, പേജ് 12, ഹിജരി 1, പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 1987)

പോയിരുന്നുവെന്നത് ശരിയാണ്. പക്ഷേ, ആരുടെയെങ്കിലും പിന്നാലെ പോയതായിട്ടില്ല. ഔദ്യോഗികമായി യുദ്ധം ചെയ്തതായിട്ടുമില്ല. ഇരു വിഭാഗവും ആക്രമിച്ചതായുമില്ല. അവരും ആക്രമിച്ചു. ഇവരും അമ്പെയ്തു. അവസാനം അവിശ്വാസികൾ പിന്മാറിയപ്പോൾ മുസ്ലീംകളും മടങ്ങിപ്പോന്നു.

ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ് ജീവചരിത്ര ഗ്രന്ഥത്തിൽ ഇങ്ങനെ എഴുതിയിരിക്കുന്നു: 'വദ്ദാൻ യുദ്ധത്തിൽനിന്ന് മടങ്ങിവരുമ്പോൾ റബീഉൽ അവ്വൽ മാസത്തിന്റെ ആരംഭത്തിൽ നബി(സ)തിരുമേനി തന്റെ ഒരു അടുത്ത ബന്ധു ഉബയ്ദ ബിൻ ഹാരിഥ് മത്്ലബിയുടെ നേതൃത്വത്തിൽ 60 ഒട്ടകസവാരികളായ മുഹാജിരീംകളുടെ ഒരു സൈന്യത്തെ അയച്ചു. ഈ യുദ്ധ നടപടിയുടെ ഉദ്ദേശ്യവും മക്കയിലെ ഖുറയ്ശികളുടെ ആക്രമണത്തെ ചെറുക്കുക എന്നതായിരുന്നു.' ഉദ്ദേശ്യം വിവരിച്ചിരിക്കുന്നു. ഖുറയ്ശികളുടെ ആക്രമണത്തെ ചെറുക്കുക. 'അങ്ങനെ ഉബയ്ദ ബിൻ അൽഹാരിഥും അദ്ദേഹത്തിന്റെ കൂട്ടുകാരും കുറച്ചു ദൂരം താണ്ടി 'ഥനിയ്യത്തുൽമർറ'യുടെ അടുത്തെത്തി. അവിടെ അപ്രതീക്ഷിതമായ കണ്ടത് ഖുറയ്ശികളുടെ 200 സായുധരായ യുവാക്കൾ ഇക്രിമ ബിൻ അബൂജഹ്ലിന്റെ നേതൃത്വത്തിൽ താവളമടിച്ചിരിക്കുന്നതാണ്. ഇരുകക്ഷികളും നേർക്കുനേരെ വന്നു. മുഖാമുഖം കുറച്ച് അമ്പെയ്ത്തും നടന്നു. പക്ഷേ, മുസ്ലീംകളുടെ പിന്നിൽ കുറച്ച് രഹസ്യസൈനമുണ്ടെന്ന് ധരിച്ച് ഭയന്ന് പോരാട്ടത്തിൽനിന്ന് പിന്മാറി. മുസ്ലീംകൾ അവരെ പിന്തുടർന്നതുമില്ല. എന്നാൽ, മുശ്രിക്കീംഗങ്ങളുടെ സൈന്യത്തിൽനിന്ന് രണ്ടുപേർ മിഖ്ദാദ് ബിൻ അംറും ഉത്ബ ബിൻ ഗസ്വാനും ഇക്രിമ ബിൻ അബൂ ജഹ്ലിന്റെ സൈന്യത്തിൽനിന്ന് സ്വയം ഓടി മുസ്ലീംകളിൽ വന്നു ചേർന്നു. അവരോടൊപ്പം ചേർന്ന് എങ്ങനെയെങ്കിലും മുസ്ലീംകളിൽ എത്തിച്ചേരുക എന്നതായിരുന്നു അവരുടെ ഉദ്ദശ്യമെന്ന് എഴുതിയിരിക്കുന്നു. കാരണം അവർ മനസുകൊണ്ട് മുസ്ലീംകളായിരുന്നു. എന്നാൽ, ബലഹീനതകൊണ്ട് ഖുറയ്ശികളെ ഭയന്ന് ഹിജ്റത്ത് ചെയ്യാതിരിക്കുകയായിരുന്നു. ആ സംഭവം ഖുറയ്ശികളുടെ മനസ്സുമാറ്റാനും സാധ്യതയുണ്ട്. അവർ അതിനെ ദുഃശകുനം എന്നു കരുതി പിന്മാറാൻ തീരുമാനിച്ചതുമാകാം. ഖുറയ്ശിലെ ഈ സൈന്യം ഏതെങ്കിലും കച്ചവടസംഘമല്ലെന്ന് ചരിത്രത്തിൽ രേഖപ്പെടുത്തിയിട്ടില്ല. കച്ചവടം എന്ന വ്യാജേന ഇക്കൂട്ടർ സൈന്യമായി പുറപ്പെട്ടതാണ്. ആയുധധാരികളുമായിരുന്നു. ഇതിനെ സംബന്ധിച്ച് ഇബ്നു ഇസ്ഹാഖ് 'വൻസൈന്യം' എന്ന പദമാണ് ഉപയോഗിച്ചിട്ടുള്ളത്. എന്തോ പ്രത്യേക ഉദ്ദേശ്യത്തോടുകൂടി ഈ ഭാഗത്തേക്ക് വന്നതാണ്. എന്തായാലും അവരുടെ ഉദ്ദേശ്യം നല്ലതായിരുന്നില്ല എന്നത് ഉറപ്പാണ്. സദുദ്ദേശ്യത്തോടെയല്ല അവർ വന്നത്; ആക്രമിക്കാനാണ്. അതുകൊണ്ട് മുസ്ലീംകളും അമ്പെയ്ത്തു ന

ടത്തി. ഇതിൽനിന്ന് ആദ്യം അമ്പ് തൊടുത്തുവിട്ടത് അവിശ്വാസികളുടെ ഭാഗത്തുനിന്നായിരുന്നുവെന്നും മനസ്സിലാകുന്നുണ്ട്. മുസ്‌ലീംകളെ ജാഗരൂകരായും തങ്ങളിൽനിന്ന് ചിലർ മുസ്‌ലീംകളിലേക്ക് ഓടിപ്പോകുന്നതും കണ്ട് അവർക്ക് തന്റേടമുണ്ടായില്ല എന്നത് അല്ലാഹുവിന്റെ കൃപയായിരുന്നു. അങ്ങനെ അവർ പിന്തിരിഞ്ഞുപോയി. സ്വഹാബാക്കൾക്കുണ്ടായ നേട്ടം രണ്ടു മുസ്‌ലിം ആത്മാക്കൾ ഖുറയ്ശികളുടെ അക്രമത്തിൽ നിന്ന് രക്ഷപ്പെട്ടു എന്നതായിരുന്നു.(സീറത്തു ഖാത്തമുന്നബിയ്യീൻ, ഹദറത്ത് മിർസാ ബശീർ അഹ്മദ് എം.എ.(റ)പേജ് 328–329)

ബദ്ർയുദ്ധാവസരത്തിൽ മുസ്‌ലിംകളുടെ ഭാഗത്തുനിന്ന് വലീദുബിൻ ഉത്ബയുമായി അദ്ദേഹം പോരാടി. ഈ സംഭവവുമായി ബന്ധപ്പെട്ട് വിശുദ്ധഖുർആനിൽ ഒരു ആയത്ത് ഇറങ്ങിയിട്ടുണ്ടെന്ന് ഹദീഥിൽ വരുന്നു. ഹദ്റത്ത് അലി(റ)നിവേദനം: *ഹാദാനി ഖസ്മാനിഖ്തസ്വമൂ ഫീ റബ്ബിഹിം* എന്നത് ബദ്ർ യുദ്ധത്തിൽ നേർക്കുനേർ പോരാടാനായി നിന്നവരെ കുറിച്ചുള്ളതാണ്.(22:20) അതായത്, ഹദ്റത്ത് ഹംസ ബിൻ അബ്ദുൽ മുത്ത്വലിബ്, ഹദ്റത്ത് അലി ബിൻ ത്വാലിബ്, ഹദ്റത്ത് ഉബയ്ദ ബിൻ ഹാരിഥ്, ഉത്ബ ബിൻ റബീഅ, ശയ്ബാ ബിൻ റബീഅ, വലീദ് ബിൻ ഉത്ബ എന്നിവരെ കുറിച്ച്.(അൽ മുസ്തദർക്ക് അലസ്സ്വഹീഹയ്ൻ, വാള്യം 2, പേജ് 419, കിതാബുത്തഫ്സീർ, തഫ്സീർ സൂറത്തുൽഹജ്ജ്, ഹദീഥ് 3456 പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 2002). ആയത്തിന്റെ ഉദ്ദേശ്യമിതാണ്: ഈ രണ്ടു വഴക്കാളികളാണ് തങ്ങളുടെ റബ്ബിന്റെ കാര്യത്തിൽ വഴക്കിട്ടത്. മുഴവൻ ആയത്ത് ഇപ്രകാരമാണ്. *ഹാദാനി ഖസ്മാനിഖ്തസ്വമൂ ഫീ റബ്ബിഹിം ഫല്ലദീന കഫറൂ ഖുത്ത്വിഅത്ത് ലഹും ഥിയാബുൻ മ്മിൻ നാരിൻ യുസ്വബ്ബു മിൻ ഫൗഖി റുഊസിഹിമുൽ ഹമീം*(22:20)'ഇവർ പരസ്പരം തർക്കിക്കുന്ന രണ്ടു കക്ഷികളാണ്. ഇവർ തങ്ങളുടെ നാഥന്റെ കാര്യത്തിൽ അന്യോന്യം തർക്കിക്കുന്നു. അപ്പോൾ അവിശ്വസിച്ചവർ –അവർക്ക് അഗ്നിയുടെ വസ്ത്രങ്ങൾ മുറിച്ചു കൊടുക്കപ്പെടും. അവരുടെ തലയ്ക്കുമീതെ തിളയ്ക്കുന്ന വെള്ളം ഒഴിക്കപ്പെടുന്നതാണ്.'

എന്തായിരുന്നാലും ഈ നേർക്കുനേരെ ഉണ്ടായ പോരാട്ടത്തെക്കുറിച്ചുള്ള വിശദീകരണം സുനൻ അബൂദാവൂദിൽ ഇപ്രകാരം വന്നിരിക്കുന്നു: ഹദ്റത്ത് അലി(റ)യിൽനിന്നുള്ള നിവേദനം: ഉത്ബ ബിൻ റബീഅയും, പിറകിലായി അയാളുടെ മകനും സഹോദരനും മുന്നോട്ടിറങ്ങി വന്നു. എന്നിട്ട്, തങ്ങളോടേറ്റുമുട്ടാൻ ആരാണുള്ളത് എന്ന് ഉച്ചത്തിൽ വിളിച്ചു ചോദിച്ചു. അപ്പോൾ അൻസ്വാറുകളിൽ നിന്നുള്ള ഏതാനും യുവാക്കൾ അതിനു മറുപടി നൽകി. നിങ്ങളാരാണെന്ന് ഉത്ബ ചോദിച്ചു. തങ്ങൾ അൻസ്വാറുകളാണെന്ന് അവർ പറഞ്ഞു. ഉത്ബ പറഞ്ഞു: ഞങ്ങളും നിങ്ങളും തമ്മിൽ കൊടുക്കൽ വാങ്ങലൊന്നുമില്ല. ഞങ്ങൾ കേവലം ഞങ്ങളുടെ പിതൃസഹോദരപുത്രന്മാരുമായി യുദ്ധം ചെയ്യാനാണ് ഉദ്ദേശിക്കുന്നത്. അപ്പോൾ നബി(സ)തിരുമേനി പറഞ്ഞു: 'ഓ ഹംസാ എഴുന്നേൽക്കു, ഓ അലി എഴുന്നേറ്റു നിൽക്കൂ, ഉബയ്ദ ബിൻ ഹാരിസേ മുന്നോട്ടു കുതിക്കൂ.' ഹദ്റത്ത് അലി(റ) വിവരിക്കുന്നു: നബി(സ)തിരുമേനിയുടെ ശബ്ദം കേട്ടയുടനെ ഉത്ബയുടെ നേരെ ഹദ്റത്ത് ഹംസ നീങ്ങി. ഞാൻ ശയ്ബയുടെ നേരെയും. ഉബയ്ദ ബിൻ ഹാരിഥിന്റേയും വലീദിനുമിടയിൽ ശക്തമായ പോരാട്ടമായി. രണ്ടുപേരും ഗുരുതരമായി പരിക്കേല്പിച്ചു. പിന്നെ ഞങ്ങൾ വലീദിനു നേരെ തിരിഞ്ഞു അയാളെ വകവരുത്തി. ഉബയ്ദയെ യുദ്ധമൈതാനിയിൽനിന്ന് എടുത്തുകൊണ്ടുവന്നു.(സുനൻ അബൂദാവൂദ്, കിതാബുൽജിഹാദ്, ബാബു ഫിൽ മുബാരിസത്തി, ഹദീഥ് 2665)

യുദ്ധത്തിന്നിടയിൽ ഹദ്റത്ത് ഉബയ്ദ ബിൻ ഹാരിഥിന്റെ കാലിനു പിന്നിലെ മാംസളഭാഗത്ത് ഉത്ബ വെട്ടി. ആ ഭാഗം മുറിഞ്ഞു. പിന്നീട് അദ്ദേഹത്തെ നബി(സ)തിരുമേനി എടുത്തുകൊണ്ടുവരുത്തിച്ചു. ബദ്ർ യുദ്ധം അവസാനിച്ചതിനു ശേഷം ബദ്റിനടുത്തുള്ള 'സ്വഫ്റാ' എന്ന സ്ഥലത്തുവച്ച് അദ്ദേഹം മരിച്ചു. അവിടെതന്നെ മറയടക്കുകയും ചെയ്തു.(അൽ മുസ്തദർക്ക് അലസ്സ്വഹീഹയ്ൻ, വാള്യം 3, പേജ് 207–208, കിതാബു മഅ്‌രിഫതുസ്സ്വഹാബ, മിൻ മനാഖിബ് ഉബയ്ദ ബിൻ അൽഹാരിഥ് ഹദീഥ് 4862, പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 2002). (ലുഗാത്തുൽ ഹദീഥ് കിതാബ് "സ്വാദ്"പേജ് 67, പ്രസാധകർ മീർ മുഹമ്മദ്, കുതുബ് ഖാന, ആരാം ബാഗ് കറാച്ചി)

ഒരു രിവായത്തനുസരിച്ച് ഹദ്റത്ത് ഉബയ്ദയുടെ തണ്ടക്കാൽ അറ്റുവീണപ്പോൾ അതിൽനിന്ന് മജ്ജ ഒഴുകുകയായിരുന്നു. അപ്പോൾ സ്വഹാബാക്കൾ ഹദ്റത്ത് ഉബയ്ദയെ നബി(സ)തിരുമേനിയുടെയടുത്തു കൊണ്ടുവന്നു. അപ്പോൾ അദ്ദേഹം (ഹദ്റത്ത് ഉബയ്ദ)ചോദിച്ചു; 'യാ റസൂലല്ലാഹ്! ഞാൻ ശഹീദല്ലെ?' നബി(സ)തിരുമേനി പറഞ്ഞു: 'എന്തുകൊണ്ടല്ല, നീ ശഹീദുതന്നെയാണ്.' ഒരു നിവേദനമനുസരിച്ച്, ഹദ്റത്ത് ഉബയ്ദ ബിൻ ഹാരിഥിനെ നബി(സ)തിരുമേനിയുടെ അടുക്കൽ കൊണ്ടുവന്നപ്പോൾ അവിടന്ന് അദ്ദേഹത്തിന്റെ തല മടിയിൽവച്ചു. അപ്പോൾ ഹദ്റത്ത് ഉബയ്ദ പറഞ്ഞു: 'അഹോ കഷ്ടം! ഇന്ന് അബൂത്വാലിബ് ജിവിച്ചിരിപ്പുണ്ടായിരുന്നെങ്കിൽ അദ്ദേഹം എപ്പോഴും പറയാറുണ്ടായിരുന്ന ആ കാര്യത്തിന് അദ്ദേഹത്തെക്കാളും നല്ല അവകാശി ഞാനാണെന്ന് അറിയുമായിരുന്നു.' അദ്ദേഹം ഇങ്ങനെ പറയാറുണ്ടായിരുന്നു:

വ നുസ്‌ലിമുഹൂ ഹത്താ നുസ്വ്റഅ ഹൗലഹൂ
വ തദ്ഹല അൻ അബ്നാഇനാ വൽഹലാഇലി.

അതായത്, മുഹമ്മദിനെ ഞങ്ങൾ നിങ്ങൾക്കു വിട്ടുതരുമെന്നത് വ്യാമോഹകുന്നു. അത് സാധ്യമാകുന്നത്, അദ്ദേഹത്തിന്റെ ചുറ്റിൽനിന്ന് ഞങ്ങൾ നിലംപരിശാക്കപ്പെടുകയും ഞങ്ങളുടെ ഭാര്യാമക്കളെ കുറിച്ച് അശ്രദ്ധരായിരിക്കുകയും ചെയ്യുമ്പോഴായിരിക്കും.

ഈ ആവേശമായിരുന്നു അവരിൽ ഉണ്ടായിരുന്നത്. ശഹാദത്തിന്റെ സമയത്ത് ഹദ്റത്ത് ഉബയ്ദ ബിൻ അൽഹാരിഥിന് 63 വയസ്സായിരുന്നു. (അൽ മുസ്തദർക്ക് അലസ്സ്വഹീഹയ്ൻ, വാള്യം 3, പേജ് 208, കിതാബു മഅ്‌രിഫതുസ്സ്വഹാബ, മിൻ മനാഖിബ് ഉബയ്ദ ബിൻ അൽഹാരിഥ് ഹദീഥ് 4863, പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 2002).(അസദുൽ ഗാബ, വാള്യം 3, പേജ് 547, പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 2003).

ഈ സ്വഹാബാക്കളെക്കുറിച്ച് പറഞ്ഞതിനു ശേഷം ഞാൻ ഇന്തൊനേഷ്യയിലെ നമ്മുടെ ഒരു ദീർഘകാല സേവകനായിരുന്ന, ജീവിതം വഖ്ഫ് ചെയ്തിരുന്ന, ജമാഅത്തിന്റെ മുബല്ലിഗിനെ അനുസ്മരിക്കാൻ ആഗ്രഹിക്കുകയാണ്. കഴിഞ്ഞ ദിവസം അദ്ദേഹം വഫാത്തായി. അദ്ദേഹത്തിന്റെ പേര് സുയൂത്വി അഹ്മദ് അസീസ് സാഹിബ് എന്നായിരുന്നു. നവംബർ 19 ന് അദ്ദേഹം വഫാത്തായി. *ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ.* സുയൂത്വി സാഹിബിന് ഗുരുതരമായ ഹൃദ്രോഗം ബാധിച്ചിരുന്നു. ചികിത്സയ്ക്കുവേണ്ടി അദ്ദേഹത്തെ റബ്വയിൽ അയച്ചിരുന്നു. ത്വാഹിർ ഹാർട്ട് ഇൻസ്റ്റിട്യൂട്ട് റബ്വയിൽ അദ്ദേഹത്തിന്റെ ഒരു മേജർ ഓപ്റേഷൻ നടന്നു. കുറച്ചു ദിവസത്തിനുശേഷം രോഗം സുഖമാകാതെ അദ്ദേഹം വഫാത്തായി. അദ്ദേഹത്തിന്റെ ആറു മക്കൾ വഖ്ഫെ നൗഇൽ അംഗങ്ങളാണ്.

1944–ൽ ബോനെയിലെ (Bone) സൗത്ത് സുലാവേസി(South Sulawesi)യിലാണ് സുയൂത്വി അസീസ് അഹ്മദ് സാഹിബ് ജനിച്ചത്. അദ്ദേഹം റബ്വ ജാമിആയിൽനിന്ന് 1966 സെപ്റ്റംബർ മുതൽ 1971 ഒക്ടോബർവരെ വിദ്യഭ്യാസം കരസ്ഥമാക്കി. 1972–ൽ മർക്കസി മുബല്ലിഗ് എന്ന നിലയിൽ ഇന്തൊനേഷ്യയിൽ അദ്ദേഹം നിയമിതനായി. 1985ൽ തന്നെ കർമരംഗത്തുള്ള അദ്ദേഹത്തിന്റെ പ്രവർത്തനവും ജോലിയും കണ്ട് അദ്ദേഹത്തിന് ശാഹിദ് ഡിഗ്രിയും കിട്ടി. 2000 ൽ ബയ്ത്തുല്ലായിൽ ഹജ്ജ് ചെയ്യുവാനുള്ള സൗഭാഗ്യം ലഭിച്ചു. 1972 മുതൽ 1979 വരെ തെക്കൻ സുമാത്ര(South Sumatra) ലാംപംങ്(Lampung), ജാംബി(Jambi)പിന്നെ ബംഗ്കുലു(Bengkulu) യിലും മുബല്ലിഗായി സേവനമനുഷ്ഠിച്ചു. 1979 മുതൽ 1981 വരെ മുഅല്ലിംകളുടെ ക്ലാസ്സിൽ അധ്യാപകനായി സേവനം ചെയ്യുവാനുള്ള സൗഭാഗ്യം ലഭിച്ചു. 1981 ൽ പുർവൊകേർട്ടൊ(Purwokerto) ജമാഅത്തിൽ മുബല്ലിഗായി സേവനമനുഷ്ഠിച്ചു. പിന്നെ 82ൽ മുബല്ലിഗ്–മുഅല്ലിം ക്ലാസ്സുകളിൽ വൈസ് ഡയറക്ടറായി നിയമിതനായി. 82 മുതൽ 92 വരെ ഇന്തൊനേഷ്യയിലെ ജാമിഅ അഹ്മദിയ്യ പ്രിൻസിപ്പാളായിരുന്നു. ഇതിന്നിടയിൽ 1985–ൽ അദ്ദേഹത്തിന് ശാഹിദ് ഡിഗ്രി നല്കപ്പെട്ടു. 1992 മുതൽ 2016 വരെ ഇരുപത് വർഷത്തോളം റഈസുത്തബ്‌ലീഗ് ആയിരുന്നു. 2016 മുതൽ വഫാത്തു വരെ പ്രിൻസിപ്പാൾ ജാമിഅ അഹ്മദിയ്യ ആയി സേവനമനുഷ്ഠിക്കാൻ ഭാഗ്യം ലഭിച്ചു.

1973–ൽ അദ്ദേഹത്തിന്റെ വിവാഹം മുബല്ലിഗായിരുന്ന അബ്ദുൽവാഹിദ് സാഹിബ് സമാട്രിയുടെ മകൾ അഫീഫ സാഹിബയുമായി നടന്നു. ഇന്തൊനേഷ്യാ അഹ്മദിയ്യാ ജമാഅത്തിന്റെ അമീറായ മൗലാനാ അബ്ദുൽ ബാസിത് സാഹിബിന്റെ മൂത്തസഹോദരിയായിരുന്നു അവർ. അവരിൽനിന്ന് സുയൂത്വി സാഹിബിന് മർദിയ്യ ഖാലിദ്, ഹാരിഥ് അബ്ദുൽബാരി, സആദത്ത് അഹ്മദ്, അലീത്തഃ അത്വിയ്യത്തുൽഅലീം എന്നീ നാലു കുട്ടികളുണ്ട്. അഫീഫ സാഹിബ 2009 –ൽ വഫാത്തായി. അതിനുശേഷം സുയൂത്വി സാഹിബ് അറീനഃ ദാമായനത്തി സാഹിബായെ വിവാഹം കഴിച്ചു. അവരിൽ അദ്ദേഹത്തിന് മക്കളൊന്നുമില്ല. അദ്ദേഹത്തിന്റെ കുടുംബത്തിൽ അഹ്മദിയ്യത്ത് വന്നതിനെക്കുറിച്ച് എം.ടി.എയ്ക്കുനല്കിയ ഒരു ഇന്റർവ്യൂവിൽ അദ്ദേഹം പറഞ്ഞിരുന്നു: 'അവസാന കാലത്ത് ഇമാംമഹ്ദി വരുന്നതാണെന്നും അദ്ദേഹം വന്നു കഴിഞ്ഞാൽ നിങ്ങളെല്ലാവരും വിശ്വസിക്കണമെന്നും എന്റെ പിതാമഹൻ വസ്വിയ്യത്ത് ചെയ്തിരുന്നതാണ് ഞാനും എന്റെ കുടുംബവും ബയ്അത്തു ചെയ്യുവാനുള്ള പ്രധാന കാരണം. ഈ വസ്വിയത്ത് പൂർത്തിയാക്കുന്നതിന് എന്റെ കുടുംബം രണ്ടു തവണ പലായനം ചെയ്തിട്ടുണ്ട്. 1959ൽ ഞങ്ങളുടെ കുടുംബം ലാംപംങ്(Lampung) ലേക്ക് പലായനം ചെയ്തു. 1963 ൽ ഒരു മുബല്ലിഗ് മൗലാനാ സയ്നി ദഹ്‌ലാൻ സാഹിബ് തബ്‌ലീഗിനായി ലാംപംങ്(Lampung)ൽ വന്നു. അദ്ദേഹവുമായി കൂടിക്കാഴ്ച നടന്നു. ഇമാം മഹ്ദി വന്നിരിക്കുന്നു എന്നദ്ദേഹം പറഞ്ഞു. അദ്ദേഹം പറയുന്നു: പിന്നീട് ഞാൻ അദ്ദേഹത്തോടു ചോദിച്ചു, ഇമാം മഹ്ദി വന്നതിന് തെളിവെന്താണ്? അദ്ദേഹം 'അൽമസീഹ് ആഖിറുസ്സമാന്റെ സത്യസാക്ഷ്യം'എന്ന ഗ്രന്ഥം ഞങ്ങൾക്കു തന്നു. ആ ഗ്രന്ഥം വായിക്കാൻ ഞങ്ങളോടു പറയുകയും ചെയ്തു. ഞാൻ ഗ്രന്ഥം വായിച്ചപ്പോൾ, വരേണ്ടുന്ന ഇമാം മഹ്ദി വന്നിരിക്കുന്നുവെന്നും അത് മിർസാ ഗുലാം അഹ്മദ് ഖാദിയാനി(അ) യാണെന്നും എനിക്കു ദൃഢബോധ്യമായി. ചുരുക്കത്തിൽ, 1963 ഫെബ്രുവരി 13ന് എന്റെ 19–ാം വയസ്സിൽ ഞാനും എന്റെ കുടുംബത്തിലെ നാൽപതുപേരും മൗലാനാ സയ്നി ദഹ്‌ലാൻ സാഹിബു മുഖേന ബയ്അത്തു ചെയ്തു.

വീണ്ടും പറയുന്നു: 1963–ൽ റബ്വയിൽ നി

ന്ന് വക്കീലുത്തബ്ശീർ സാഹിബ് ബാന്റുങ് (Bandung)ൽവന്നു. അപ്പോൾ ഞാനും അവിടെ ഉണ്ടായിരുന്നു. ജമാഅത്തിലെ പരിപാടികൾ കണ്ടും മുബല്ലിഗുമാരുമായി കൂടിക്കാഴ്ച നടത്തിയും എന്നിൽ ജമാഅത്തിന്റെ സത്യത കൂടുതൽ വെളിപ്പെട്ടു. പിന്നീട് ജാമിഅയിൽ പ്രവേശിച്ചതിനെ സംബന്ധിച്ച് പറയുന്നു: 1963–ൽ ദക്ഷിണ സുമാട്രയിലെ മുബല്ലിഗായിരുന്ന മൗലാനാ അബൂബക്കർ അയ്യൂബ് സാഹിബ് നവഅഹ്മദികളുടെ തർബിയ്യത്തിനായി ഞങ്ങളുടെ അടുത്ത് ലാംപംങ്(Lampung)ൽ വന്നു. ആ പര്യടനത്തിനുശേഷം അദ്ദേഹം റഈസുത്തബ് ലീഗായിരുന്ന മൗലാനാ സയ്യിദ് ശാഹ് മുഹമ്മദ് ജീലാനീ സാഹിബിന് റിപ്പോർട്ടെഴുതി: 'ലാംപംങ് (Lampung)ൽ ബുഗിസ്(Bugis) ജനതയിലെ കുറച്ചാളുകൾ ബയ്അത്തു ചെയ്തിട്ടുണ്ട്. ഇതുവരെ ഈ ജനതയിൽനിന്ന് ഒരു മുബല്ലിഗും ഉണ്ടായിട്ടില്ല. ജാവ(Javanese), സുൻദാ(Sundanese) ജനതയിൽനിന്ന് മുബല്ലിഗുമാരുണ്ട്. റബ്വയിൽ അയച്ചു പഠിപ്പിക്കാവുന്ന മൂന്നു ചെറുപ്പക്കാരെ താൻ അവിടെ കണ്ടുവെന്നും അദ്ദേഹം റിപ്പോർട്ടിൽ എഴുതി.' ഇദ്ദേഹം പറയുന്നു, 'മൂന്നു ചെറുപ്പക്കാരിൽ ഒരാൾ ഞാനായിരുന്നു. ഞങ്ങൾ മൂന്നു പേരേയും റബ്വയിൽ അയച്ചു പഠിപ്പിക്കാൻ ശിപാർശ ചെയ്യപ്പെട്ടു. ഞങ്ങളോടു പാസ്പോർട്ടെടുക്കാനും പറഞ്ഞു. പക്ഷേ, ഇന്തൊനേഷ്യയിലെ അപ്പോഴത്തെ രാഷ്ട്രീയാവസ്ഥ നല്ലതായിരുന്നില്ല. പാസ്പോർട്ടെടുക്കാൻ കഴിഞ്ഞില്ല. പിന്നീട് 1966–ൽ റഈസുത്തബ്ലീഗ് മൗലാനാ മൗലാനാ ഇമാമുദ്ദീൻ സാഹിബനോടൊപ്പം പാക്കിസ്താനീ എമ്പസിയിൽ വിസയ്ക്കു അപേക്ഷ കൊടുത്തു. 15 മിനിറ്റിനുള്ളിൽ വിസ കിട്ടി. പിന്നീട് കറാച്ചിയിലെത്തി. ഒരു രാത്രി ഞാൻ കറാച്ചിയിൽ തങ്ങി. അവിടെനിന്ന് ട്രെയിൻ മാർഗം റബ്വയിലെത്തി.' അദ്ദേഹം പറയുന്നു: 'ഞാൻ ട്രെയിനിൽനിന്നിറങ്ങി നടന്ന് ജാമിആയിലെത്തി.'

ജാമിആയിലെ ഒരുപാടു കുട്ടികൾ എന്നെ വരവേറ്റു. പുതിയ അന്തരീക്ഷമായിരുന്നു. ആദ്യമാദ്യം വളരെ ബുദ്ധിമുട്ടുകളുണ്ടായി. പക്ഷേ, പിന്നീടത് ശീലമായി. മൂന്നു ദിവസത്തിനുശേഷം എനിക്ക് ജാമിആയിൽ പ്രവേശനം കിട്ടി. ഉസ്താദുമാരിൽ ഒരാൾ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഒരു സ്വഹാബി ഹദ്റത്ത് മാസ്റ്റർ അത്വാ മുഹമ്മദു സാഹിബ്(റ) ആയിരുന്നു. സുയൂത്വി അസീസ് സാഹിബ് പറയുന്നു: റബ്വയിൽ താമസിച്ചിരുന്ന കാലത്ത് എനിക്ക് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ പല സ്വഹാബാക്കളുമായും കൂടിക്കാഴ്ച നടത്തുവാനുള്ള സൗഭാഗ്യം ലഭിച്ചു. എപ്പോഴും ഏതെങ്കിലുമൊക്കെ സ്വഹാബിമാരെ അന്വേഷിച്ച് കണ്ടെത്തിയിരുന്നു. അവരുമായി സംസാരിക്കുകയും അവരുടെ കാലുകൾ തിരുമിക്കൊടുക്കുകയും ചെയ്യാറുണ്ടായിരുന്നു. ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഥാലിഥുമായുണ്ടായ മനോഹരമായ ഒരു കൂടിക്കാഴ്ച വിവരിച്ചുകൊണ്ട് അദ്ദേഹം പറയുന്നു: 'ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഥാലിഥ് ഖലീഫയായി തിരഞ്ഞെടുക്കപ്പെട്ടപ്പോൾ ഞങ്ങൾ ആദ്യ കൂടിക്കാഴ്ച നടത്തുകയും ഹുദൂറിനെ ആലിംഗനം ചെയ്യുകയും ചെയ്തു. ഹുദൂർ(റഹ്) ഞങ്ങളുടെ കവിളിൽ തലോടിക്കൊണ്ടു പറഞ്ഞു: 'ഇന്തൊനേഷ്യയിൽനിന്ന് വന്നവരാണ് നിങ്ങൾ. വളരെ ദൂരെനിന്നുമാണ് നിങ്ങളിവിടെ വന്നിരിക്കുന്നത്. നിങ്ങളെല്ലാവരും(വിദേശികളായ കുട്ടികൾ) എന്റെ മക്കളാണ്.' അദ്ദേഹം പറയുന്നു: 'ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഥാലിഥിന്റെ ആത്മീയ പ്രകാശം എന്നും ഞങ്ങളോടൊപ്പമുണ്ടായിരുന്നു. അതുകാരണമായി ഞങ്ങളുടെ ബുദ്ധിമുട്ടുകളെല്ലാം ഞങ്ങൾക്ക് സുഗമമായി.' എന്തെങ്കിലും ബുദ്ധിമുട്ടുണ്ടെങ്കിൽ തന്റെ അടുക്കൽ ചെല്ലണമെന്ന് ഹദൂർ പറഞ്ഞിരുന്നു. അദ്ദേഹം പറയുന്നു: 'ഞാൻ ഇന്തൊനേഷ്യയിലേക്ക് തിരിച്ചു പോകാൻ ഒരുങ്ങുമ്പോൾ പുറപ്പെടുന്നതിനു മുമ്പേ ഹുദൂറുമായി കൂടിക്കാഴ്ചയ്ക്കു പോയപ്പോൾ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഥാലിഥ് എന്നോടു ചോദിച്ചു: 'താങ്കൾക്കെന്താണു വേണ്ടത്?' ഞാൻ പറഞ്ഞു: 'എനിക്കു കുറച്ചു പുസ്തകങ്ങൾ വേണം. പക്ഷേ, ഞാൻ ഒരു ഓഫീസിൽ പോയപ്പോൾ എനിക്കു കിട്ടിയില്ല.' ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഥാലിഥ് സ്വന്തം പേനയെടുത്ത് ഒരു കുറിപ്പെഴുതി: 'സുയൂത്വിക്ക് പുസ്തകങ്ങൾ നൽകുക.' പിന്നീട് പറയുന്നു: 'എനിക്ക് റൂഹാനീ ഖസായിൻ മുഴുവൻ സെറ്റും തന്നു. അതിപ്പോഴും എന്റെ പക്കലുണ്ട്. പോകുന്നതിനുമുമ്പേ വളരെ നേരം ഹുദൂർ എന്നെ ആലിംഗനം ചെയ്തു. എന്നിട്ട് എന്റെ ചെവിയിൽ പറഞ്ഞു: 'തന്റെ യജമാനനോടു കൂറില്ലായ്മ കാണിക്കരുത്. ഇതാണെന്റെ ഉപദേശം.'

ഒരു സംഭവം എഴുതുന്നു: 1993–ൽ ഇന്തൊനേഷ്യയിലെ അമീർ ശരീഫ് അഹ്മദ് ലൂബസ് സാഹിബ് ആഗോള ബയ്അത്ത് പരിപാടി വിജയിപ്പിക്കുന്നതിനുവേണ്ടി എന്നെ ഫിലിപ്പൈനിൽ അയച്ചു. പറഞ്ഞു, ഇത് ഹുദൂറിന്റെ, ഖലീഫത്തുൽ മസീഹ് റാബിഅ്ന്റെ കല്പനയാണ്. താൻ വളരെ ദുർബലനാണെന്നും ഭാഷയും അറിയില്ലെന്നും സുയൂത്വി സാഹിബ് പറഞ്ഞു. അദ്ദേഹം പറഞ്ഞു: 'എനിക്ക് താങ്കളിൽ പൂർണ വിശ്വാസമുണ്ട്.' അപ്പോൾ സുയൂത്വി സാഹിബ് പറഞ്ഞു: 'താങ്കളുടെ കല്പന ഇതാണെങ്കിൽ ഞാൻ പോകാൻ തയ്യാറാണ്.'അങ്ങനെ ഞാൻ ജമാഅത്ത് സെന്ററിൽനിന്ന് പുറപ്പെട്ടു. അവിടെ എത്തുന്നതിന് മനില(Manila)യിലൂടേയും സംബോങ്ക(Zamboanga)സിറ്റിയിലൂടേയും പോകണമായിരുന്നു. ഇദ്ദേഹം പറയുന്നു: 'ഞാൻ ഭക്ഷണം കഴിച്ചു. എനിക്കു കഠിനമായ വയറിളക്കമുണ്ടായി. വയർ മോശമായി. വളരെ ക്ഷീണം അനുഭവപ്പെട്ടു. ആ അവസ്ഥയിൽ ഞാൻ ദുആ ചെയ്തു: 'അല്ലാഹുവേ! ഇവിടെ ഞാൻ മരിക്കുകയാണെങ്കിൽ എന്റെ ജനാസ നമസകരിക്കാൻ ഒരു മുസ്ലിമും ഇല്ല.' അദ്ദേഹം പറയുന്നു: 'രാത്രിയിൽ ഞാൻ സ്വപ്നം കണ്ടു. യൂണിഫോം ധരിച്ച ഒരു നേഴ്സ് എന്റെ അടുത്തു വന്നു. എന്റെ തലയിൽ തടവിക്കൊണ്ട് ഊതി. ആ സമയത്ത് എന്റെ ശരീരം തണുത്തതായി എനിക്കനുഭവപ്പെട്ടു. ആ തണുപ്പ് എന്റെ കാലിന്റെ വിരലുകളിലൂടെ പുറത്തുവന്നു. രാവിലെ ഞാൻ എഴുന്നേറ്റപ്പോൾ തികച്ചും സുഖം പ്രാപിച്ചിരുന്നു. അങ്ങനെ ഞാൻ താവി–താവി(Tawi-Tawi)യിലേക്ക് പുറപ്പെട്ടു. അല്ലാഹുവിന്റെ അനുഗ്രഹത്താൽ മൂന്നു മാസത്തിനുള്ളിൽ അവിടെ 130 ആളുകൾ ബയ്അത്തു ചെയ്ത് ജമാഅത്തിൽ പ്രവേശിച്ചു.'

ഇന്തോനേഷ്യൻ ജമാഅത്ത് അമീർ അബ്ദുൽ ബാസിത് സാഹിബ് എഴുതുന്നു: സുയൂത്വി അസീസ് സാഹിബിനെ സഹോദരി ഭർത്താവും മുബല്ലിഗും എന്ന നിലയിൽ വളരെ അടുത്തുനിന്ന് കണ്ടു. നല്ലവണ്ണം നോക്കിക്കാണാനുള്ള അവസരം കിട്ടി. വളരെ ലളിതമായ വ്യക്തിത്വത്തിനുടമയായിരുന്നു. വിനയത്തിന്റേയും എളിമയുടേയും ഉന്നത മാതൃകയായിരുന്നു. ഏതവസ്ഥയിലും ക്ഷമയുടേയും സഹനത്തിന്റേയും ഉദാഹരണമായിരുന്നു അദ്ദേഹം. ദുആ ചെയ്യുന്നയാളും തഹജ്ജുദ് നമസ്കരിക്കുന്നയാളും അല്ലാഹുവിൽ അങ്ങേയറ്റത്തെ തവക്കുൽ ഉള്ളയാളുമായിരുന്നു. ജമാഅത്തു വ്യവസ്ഥിതിയോടും ഖിലാഫത്ത് പരമ്പരയോടും വളരെ ആത്മാർഥതയും അതിരറ്റ സ്നേഹവുമുള്ളയാളായിരുന്നു. ജമാഅത്തിന്റെ ജോലികൾക്ക് സ്വന്തം ജോലികളേക്കാൾ മുൻഗണന നൽകുമായിരുന്നു. ഒരു വിജയിയായ സേവകനായിരുന്നു. ഏത് ചുമതലയും ജോലിയും സ്ഥാനവും അദ്ദേഹത്തെ ഏല്പിച്ചാലും വളരെ ആത്മാർഥതയോടും കൂറോടുംകൂടി നിറവേറ്റുമായിരുന്നു; അത് മുബല്ലിഗ് എന്ന നിലയിലാണെങ്കിലും ജാമിആയിലെ ഉസ്താദെന്ന എന്ന നിലയിലാണെങ്കിലും പ്രിൻസിപ്പാൾ എന്ന നിലയിലാണെങ്കിലും റഈസുത്തബ്ലീഗ് എന്ന നിലയിലാണെങ്കിലും വേണ്ടില്ല. ജീവിതം വഖ്ഫു ചെയ്തിട്ടുള്ള ഒരാൾക്ക് ഉന്നതമാതൃകയും ഉദാഹരണവുമായിരുന്നു.

ഇന്തൊനേഷ്യയിലെ ജാമിഅ അഹ്മദിയ്യ പ്രിൻസിപ്പാൾ മഅ്സ്വൂം സാഹിബ് പറയുന്നു: 'സുയൂത്വി സാഹിബ് ജാമിആയിൽ ദർജ ഖാമിസ, റാബിആ, ഥാലിഥ എന്നീ ക്ലാസുകളിൽ വിശുദ്ധ ഖുർആന്റെ തർജമ പഠിപ്പിച്ചിരുന്നു. ദർജ മുബശ്ശിറ ക്ലാസിൽ കലാം പഠിപ്പിച്ചിരുന്നു. പഠിപ്പിക്കുന്നതിന് ഇർഫാനെ ഇലാഹി എന്ന ഗ്രന്ഥം ഇന്തൊനേഷ്യൻ ഭാഷയിൽ തർജമ ചെയ്തിരുന്നു. രോഗം കാരണത്താൽ അദ്ദേഹത്തിന്റെ ക്ഷീണം കൂടിയപ്പോൾ, നടക്കാൻ പ്രയാസം ഉണ്ടായപ്പോൾ വിദ്യാർഥികൾ അദ്ദേഹത്തിന്റെ ഓഫീസിൽപോയി പഠിക്കുമായിരുന്നു. റബ്വയിൽ പോകുന്നതിനുമുമ്പേ നവംബർ 8 നാണ് അദ്ദേഹം അവസാനത്തെ ക്ലാസെടുത്തത്. ജാമിആയെ ഇപ്പോൾ ശാഹിദ് ഡിഗ്രിവരെ ഉയർത്തിയെന്നും ഖലീഫത്തുൽ മസീഹ് അതിനു അനുവാദം തന്നിട്ടുണ്ടെന്നും അതുകൊണ്ട് നിങ്ങൾ ഖലീഫത്തുൽ മസീഹിന്റെ ആഗ്രഹങ്ങൾ പൂർത്തിയാക്കണമെന്നും കഠിനാധ്വാനം ചെയ്യണമെന്നും എപ്പോഴും പറയാറുണ്ടായിരുന്നു.'

അദ്ദേഹത്തിന്റെ ഒരു മകൾ മർദിയ സാഹിബ എഴുതുന്നു: പിതാവ് തന്റെ ജീവിതം പൂർണ്ണമായും വഖ്ഫ് ചെയ്തിരുന്നു. തന്റെ ജീവിതം ജമാഅത്തിന്റെ പ്രവർത്തനങ്ങളിൽ ചെലവഴിച്ചു, എത്രമാത്രമെന്നാൽ ഞങ്ങൾ ടൂറിനുപോലും വളരെ കുറച്ചേ എവിടെയെങ്കിലും പോയിരുന്നുള്ളു. വഖ്ഫെ സിന്ദഗിയുടെ ജീവിതം ഇതാണെന്ന് ഞങ്ങൾ നല്ലവണ്ണം മനസ്സിലാക്കിയിരുന്നു. വഖ്ഫെ സിന്ദഗിയുടെ മുഴുവൻ ജീവിതവും ജമാഅത്തിനുള്ളതാണെന്ന് അദ്ദേഹം കുട്ടികളോടു പറയാറുണ്ടായിരുന്നു. ശിക്ഷണം നൽകുന്നതിൽ പിതാവിന്റെ തത്ത്വം എന്തായിരുന്നുവെന്നാൽ, കൂടുതൽ ഉപദേശിക്കുന്നതിനു പകരം കർമങ്ങൾ കൊണ്ട് മാതൃക കാണിക്കുക എന്നതായിരുന്നു. പറയുന്നു: എന്റെ ഉമ്മ സുഖമില്ലാതായപ്പോൾ ക്ഷമയോടുകൂടി അവരെ സേവിക്കാറുണ്ടായിരുന്നു. വീട്ടുജോലികളും സ്വയം ചെയ്യാറുണ്ടായിരുന്നു. റമളാന്റെ ദിനങ്ങളിൽ അത്താഴത്തിനും നോമ്പുതുറക്കുന്നതിനുമുള്ള തയ്യാറെടുപ്പുകളും സ്വയം ചെയ്തിരുന്നു. തനിക്കുവേണ്ടി ഇന്നതു ചെയ്യാൻ ആരോടും ഒരിക്കലും പറഞ്ഞിരുന്നില്ല. തന്റെ ജോലികൾ സ്വയം ചെയ്യുന്ന ശീലമായിരുന്നു.

അദ്ദേഹത്തിന്റെ മകൻ സആദത്ത് അഹ്മദ് സാഹിബ് എഴുതുന്നു: ഞങ്ങളുടെ ശിക്ഷണം വളരെ ക്ഷമയോടെ ചെയ്തിരുന്നു. പക്ഷേ, നമസ്കാരത്തിന്റെ കാര്യത്തിൽ വളരെ താക്കീതു ചെയ്തിരുന്നു. കുട്ടിക്കാലത്ത് നമസ്കാര സമയമായാൽ മസ്ജിദിൽപോയി ജമാഅത്തായി നമസ്കരിക്കാൻ ഞങ്ങളെ ഉപദേശിച്ചിരുന്നു. ഞാൻ മസ്ജിദിൽ ഇല്ലെങ്കിൽ എന്നെ തിരയുമായിരുന്നു. പിന്നീട് സ്വയം മസ്ജിദിൽ കൊണ്ടുപോകുമായിരുന്നു. ഒരിക്കലും നമസ്കാരം ഉപേക്ഷിക്കരുതെന്നും നമസ്കാരത്തിനൊപ്പം സുന്നത്ത് നമസ്കരിക്കണമെന്നും വിശുദ്ധ ഖുർആൻ പാരായണം ചെയ്യണമെന്നും എപ്പോഴും പറയാറുണ്ടായിരുന്നു.

അദ്ദേഹത്തിന്റെ മകൾ അത്തിയത്തുൽ അലീം പറയുന്നു: എപ്പോഴും സത്യം മാത്രമേ പിതാവ് പറയാറുണ്ടായിരുന്നുള്ളൂ. സ്വന്തം മക്കളോടും ഒരിക്കലും കളവു പറയാറുണ്ടായിരുന്നില്ല. തഹജ്ജുദ് ഒരിക്കലും ഉപേക്ഷിച്ചിരുന്നില്ല. എപ്പോഴും മസ്ജിദിൽ പോയി ജമാഅത്തായിട്ടാണ് നമസ്കരിക്കാറുണ്ടായിരുന്നത്. സുഖമില്ലാതാകുമ്പോഴ

ല്ലാതെ ഒരിക്കലും വീട്ടിൽ ഫർള് നമസ്കരിക്കുന്നത് ഞാൻ കണ്ടിട്ടില്ല.

അദ്ദേഹത്തിന്റെ രണ്ടാമത്തെ ഭാര്യ പറയുന്നു: അദ്ദേഹം റബ്വയിലേക്കു പോകുന്നതിനുമുമ്പേ കുട്ടികളോടു പറഞ്ഞു: ‘എന്റെ കുടുംബവും എന്റെ വീട്ടുകാരും എന്റെ അനന്തരാവകാശിയും ഖിലാഫത്താണ്. എന്റെ ജീവിതവും മരണവും ജമാഅത്തിനുവേണ്ടിയാണ്.’ ഈ വർഷം ജർമനി ജൽസ സാലാനയിലും വന്നിരുന്നു. വളരെ ആഗ്രഹത്തോടുകൂടിയാണ് വന്നിരുന്നത്. സുഖമില്ലാത്തതാണെന്ന് കുട്ടികൾ പറയുകയും ചെയ്തിരുന്നു. തനിക്ക് കാലത്തിന്റെ ഖലീഫയുമായി കൂടിക്കാഴ്ച നടത്തണമെന്ന് അദ്ദേഹം പറഞ്ഞു. വരികയും കൂടിക്കാഴ്ച നടത്തുകയും ചെയ്തു. ഇത് അദ്ദേഹത്തിന്റെ അവസാനത്തെ കൂടിക്കാഴ്ചയായിരുന്നു.’ അവിടെ ജർമനിയിൽ എന്നെ കണ്ടിരുന്നു. ഇവർ പറയുന്നു: ഉത്തമനായ ഭർത്താവായിരുന്നു. ഞാൻ അനുസരണത്തിന്റെ പ്രാധാന്യം അദ്ദേഹത്തിൽനിന്നാണ് പഠിച്ചത്. ജമാഅത്തിന്റെ ജോലികളിൽ തന്റെ ആരോഗ്യമോ സുഖമോ ഒന്നും നോക്കിയിരുന്നില്ല.

സുയൂത്വി അസീസ് സാഹിബിന്റെ ജാമാതാവ് സക്കി സാഹിബ് പറയുന്നു: ആളുകൾ നമ്മുടെ കേന്ദ്രത്തിനുമേൽ ആക്രമണം നടത്താൻ തയ്യാറെടുക്കുകയാണെന്ന് 2005ൽ വാർത്ത വന്നപ്പോൾ കേന്ദ്രത്തിന്റെ സംരക്ഷണത്തിന് വരിക എന്ന് ഞങ്ങൾ ഖുദ്ദാമിന് കല്പന നല്കപ്പെട്ടു. അദ്ദേഹം പറയുന്നു: ഞാനും അവിടെ ഉണ്ടായിരുന്നു. സുയൂത്വി സാഹിബ് അപ്പോൾ റഈസുത്തബ്‌ലീഗായിരുന്നു. ഞാൻ കണ്ടു, അദ്ദേഹം ഒരിക്കലും ഭയപ്പെട്ടിരുന്നില്ല. അർധരാത്രി ഖുദ്ദാമിന്റെ അടുക്കൽ പോകുകയും കാണുകയും ഖുദ്ദാമിന് ആവേശം പകരുകയും ചെയ്തിരുന്നു. അദ്ദേഹം പറയുന്നു:ഞാൻ അദ്ദേഹത്തിൽ ഖിലാഫത്തിനോടു അതിരറ്റ സ്നേഹം കണ്ടു. താൻ വഖ്ഫെ സിന്ദഗിയാണെന്നും എന്തു ചെയ്യുകയാണെങ്കിലും കാലത്തിന്റെ ഖലീഫയുടെ സമ്മതത്തോടെയാണ് ചെയ്യുന്നതെന്നും അദ്ദേഹം പറയുന്നതിലാണ് ചെയ്യുന്നതെന്നും അദ്ദേഹം പറയാറുണ്ടായിരുന്നു. 2017ൽ അദ്ദേഹത്തിന് സ്ട്രോക്കുണ്ടായി. കുറച്ചു നാൾ വ്യക്തമായി സംസാരിക്കാൻ കഴിഞ്ഞിരുന്നില്ല. പക്ഷേ, എന്നിട്ടും ഗ്രന്ഥപാരായണം തുടർന്നു. എങ്ങനെയെങ്കിലും ജാമിആയിലെത്തി കുട്ടികളെ പഠിപ്പിക്കാൻ എപ്പോഴും ശ്രമിച്ചിരുന്നു.

അഹ്മദ് സാഹിബ് സെക്രട്ടറി തർബിയ്യത്ത് എഴുതുന്നു: ‘ആരിലെങ്കിലും നിന്ന് നല്ല അഭിപ്രായം കിട്ടിയാൽ വളരെ ആദരവോടും ജാഡയൊന്നും കൂടാതെയും നന്ദി പ്രകടിപ്പിക്കുമായിരുന്നു. ഏതെങ്കിലും ജോലിയിൽ പ്രയാസം തോന്നിയാൽ വളരെ ആത്മാർഥതയോടെ അഭിപ്രായം ആരായുമായിരുന്നു.’

അഹ്മദ് നൂർ സാഹിബ് മുബല്ലിഗ് പറയുന്നു: ‘എപ്പോഴും വലിയ ലാളിത്യമായിരുന്നു. വളരെ സംയമനമായിരുന്നു. പ്രായമായിരുന്നിട്ടും ജമാഅത്തിന്റെ ജോലികളിൽ വളരെ ഉത്സാഹിയായിരുന്നു; യുവാവാണെന്നപോലെ. അദ്ദേഹത്തിന്റെ ഒരുപദേശം അതെപ്പോഴും എന്റെ ഓർമയിലുണ്ടായിരിക്കുന്നതാണ്: ‘അല്ലാഹുവിൽ നിന്നൊരിക്കലും മുഖംതിരിക്കരുത്, അല്ലാഹുവിനോടു ചോദിക്കുക. അവൻ തന്റെ ദാസരുടെ ദുആകൾ ഒരിക്കലും തള്ളിക്കളയുകയില്ല.’ ഇദ്ദേഹം പറയുന്നു:‘ശാഹിദ് ക്ലാസിലെ പരീക്ഷ കഴിഞ്ഞപ്പോൾ അവിടന്ന് കരഞ്ഞുകൊണ്ടും വിറച്ചുകൊണ്ടും ഈ സാധുവിനെ ഇങ്ങനെ ഉപദേശിച്ചു: ഈ വഖ്ഫിനെ ഒരിക്കലും ഉപേക്ഷിച്ചുകളയരുത്. ആരാണോ ഈ വഖ്ഫിനെ ഉപേക്ഷിക്കുന്നത് അവൻ വളരെ നഷ്ടംപേറുന്നവരിൽപ്പെട്ടവനാണ്.’

വിവരിക്കുന്ന ഒരാൾ പറയുന്നു: സുയൂത്വി സാഹിബ് കെണ്ടാരി(kendari)യിൽ വന്നു. അദ്ദേഹം ഉപദേശിച്ചുകൊണ്ടു പറഞ്ഞു:‘ഒരു മുറബ്ബിക്ക് ജമാഅത്തിന്റെ വ്യവസ്ഥിതി നടപ്പിൽ വരുത്തുന്നതിന് പുറത്തുനിന്നും അകത്തുനിന്നുമുള്ള പ്രശ്നങ്ങളെ നേരിടേണ്ടിവന്നാൽ നിർഭയനായി മുന്നോട്ടു പോകുക. അല്ലാഹുവിന്റെ തുണയും സഹായവും നിങ്ങൾക്കൊപ്പമുണ്ടാകുമെന്ന് ദൃഢമായും വിശ്വസിക്കുക. പക്ഷേ, വ്യക്തിപരമായ പോരായ്മകൾ കൊണ്ട് ജമാഅത്തംഗങ്ങളുടെ ആക്ഷേപത്തിന് നിമിത്തമായാൽ അതിനുവേണ്ടി കണക്കെടുക്കേണ്ടതും നന്മ ചെയ്യേണ്ടതും ആവശ്യമാണ്. ജമാഅത്തിന്റെ ജോലികളിൽ ആശങ്കപ്പെടേണ്ട ആവശ്യമൊന്നുമില്ല. അല്ലാഹുവിൽ തവക്കുൽ ചെയ്യുക. സദുദ്ദേശ്യത്തോടെ പ്രവൃത്തിക്കുക. വ്യക്തിപരമായ ദോഷങ്ങളുണ്ടെങ്കിൽ തീർച്ചയായും ആത്മപരിശോധന നടത്തുക.’

മുബല്ലിഗ് ഖാലിദ് അഹ്മദ് ഖാൻ സാഹിബ് എഴുതുന്നു: ജാമിആയിൽ പഠിക്കുന്നതിനിടയിൽ സുയൂത്വി സാഹിബ് ആത്മീയവും ധാർമികവുമായ അടിസ്ഥാനത്തിൽ ഞങ്ങൾക്ക് ഒരു തെളിമയാർന്ന മാതൃകയായിരുന്നു. അദ്ദേഹം ജമാഅത്തായിട്ടുള്ള നമസ്കാരത്തിന് വളരെ ഏർപാടു ചെയ്തിരുന്നു. എപ്പോഴും കൃത്യസമയത്ത് എന്നല്ല അതിനെക്കാൾ മുമ്പേ മസ്ജിദിൽ ജമാഅത്തിനുവേണ്ടി ചെന്നിരിക്കുമായിരുന്നു. അവസാന നാൾവരെ ക്ഷീണിതനായിരുന്നിട്ടും നമസ്കാരത്തിൽ എപ്പോഴും മുന്നിലായിരുന്നു.

ജമാഅത്തിന്റെ മുബല്ലിഗ് ഹാശിം സാഹിബ് എഴുതുന്നു: ജാമിആയിൽ സുയൂത്വി അസീസ് സാഹിബിൽനിന്ന് ഇൽമുൽകലാം പഠിക്കാൻ ഭാഗ്യം കിട്ടി. പഠനത്തിന്നിടയിൽ വിദ്യാർഥികളുമായി ചോദ്യോത്തരം നടത്തുക എന്നത് അദ്ദേഹത്തിന്റെ ശീലമായിരുന്നു. ഒരിക്കൽ അദ്ദേഹം ഞങ്ങളോടൊരു ചോദ്യം ചോദിച്ചു. അഹ്മദിയ്യാ ജമാഅത്തിന്റെ സത്യതയ്ക്കുള്ള ഏറ്റവും വലിയ തെളിവെന്താണ്? അപ്പോൾ ഞങ്ങൾ ഓരോന്നോരോന്നായി ഖുർആനിന്റെയും ഹദീഥുകളുടെയും വെളിച്ചത്തിൽ അതിനുള്ള മറുപടിനൽകി. അദ്ദേഹം ഞങ്ങളുടെ മറുപടി കേട്ട് പറഞ്ഞു: ‘സത്യസാക്ഷ്യത്തിന്റെ ഏറ്റവും വലിയ തെളിവ് ഞാൻ തന്നെയാണ്. അതായത് ഓരോ അഹ്മദിയും തങ്ങളെ സത്യതയ്ക്കുള്ള തെളിവായി സ്വയം മനസ്സിലാക്കേണ്ടതാണ്.’ പിന്നീട് അദ്ദേഹം പറഞ്ഞു: ‘നിങ്ങൾ നിങ്ങളെ അതിനു പ്രാപ്തരാക്കുക. നമ്മളിലോരോരുത്തരും ഈ ജമാഅത്തിന്റെ സത്യസാക്ഷ്യത്തിനുള്ള തെളിവായിരിക്കണം.’ ഇതായിരുന്നു അദ്ദേഹത്തിന്റെ ശിക്ഷണത്തിന്റെ ശൈലി. ഖുത്‌ബകൾ വളരെ ശ്രദ്ധയോടെ കേട്ടിരുന്നു. എന്റെ ഖുത്‌ബകൾ കേട്ടതിനുശേഷം അതിലെ ഓരോ പോയന്റുമെടുത്ത് വിദ്യാർഥികളുമായി ചർച്ച ചെയ്യുമായിരുന്നു. അവർ നോട്ട്സ് തയ്യാറാക്കിയിരുന്നുവെന്ന് ഉറപ്പുവരുത്തിയിരുന്നു. കാലത്തിന്റെ ഖലീഫയുടെ സന്ദേശം മനസ്സിലാക്കിയിരുന്നുവോ എന്ന് എപ്പോഴും നോക്കിയിരുന്നു. ഖിലാഫത്തിനെ അനുസരിക്കുന്നതിനെ സംബന്ധിച്ച് എപ്പോഴും ഉപദേശിച്ചിരുന്നു.

മുബല്ലിഗ് ശംസൂരി മഹ്മൂദ് സാഹിബ് എഴുതുന്നു: സുയൂത്വി സാഹിബ് ഒരു വിജയിയായ വാഖ്ഫെ സിന്ദഗിയായിരുന്നു. ഒരിക്കൽ അദ്ദേഹം എന്നെ ഉപദേശിച്ചുകൊണ്ടു പറഞ്ഞു, ജീവിതം വഖ്ഫു ചെയ്തതിനുശേഷം അശ്രദ്ധനായിരിക്കരുത്. വഖ്ഫിൽനിന്ന് വേർപെട്ടുപോകുക എന്നത് ജമാഅത്തിൽനിന്ന് പുറത്താക്കുന്നതിനു തുല്യമാണ്. ഇക്കാര്യം എപ്പോഴും ഓർമ വെക്കേണ്ടതാണ്. ഈ വാക്യം പിന്നീട് അദ്ദേഹം ആവർത്തിക്കുകയും ചെയ്തു. അദ്ദേഹം ഇതു പറയുമ്പോൾ അദ്ദേഹത്തിന്റെ കണ്ണുകൾ ചെമന്നിരുന്നു. കണ്ണുകളിൽ കണ്ണീർ നിറഞ്ഞിരുന്നു.’

മുബല്ലിഗ് യൂസുഫ് ഇസ്മായീൽ സാഹിബ് എഴുതുന്നു: എന്നെ റീജ്യണൽ മുബല്ലിഗാക്കിയപ്പോൾ ഞാൻ അദ്ദേഹവുമായി കൂടിക്കാഴ്ച നടത്താൻ പോയി. സുയൂത്വി സാഹിബ് റഈസുത്തബ്‌ലീഗായിരുന്നു. യൂസുഫ് സാഹിബ് അദ്ദേഹത്തോടു ചോദിച്ചു:‘എന്നെ എന്തിനാണ് റീജ്യണൽ മുബല്ലിഗാക്കിയത്? എന്റെ ഉള്ളിൽ ഒരുപാട് ബലഹീനതകളുണ്ട്. പരിചയക്കുറവുമുണ്ട്. റീജ്യണൽ മുബല്ലിഗിന് അർഹനല്ല. പരിചയസമ്പത്തുമുള്ള ഒരുപാടാളുകളുണ്ട്. അവരെ ആക്കിയാലും.’ ഈ ചോദ്യത്തിനുള്ള മറുപടി വളരെ ലളിതമായും ചൊവ്വായും അദ്ദേഹം നല്കി: താങ്കൾ അർഹനല്ലെന്ന് താങ്കളോടു ആരാണ് പറഞ്ഞത്? അതുകൊണ്ടാണ് താങ്കളെ റീജ്യണൽ മുബല്ലിഗ് ആക്കാൻ പോകുന്നത്. താങ്കൾക്കു ഈ ചുമതല നല്കപ്പെട്ടിട്ടുള്ളത് താങ്കൾ പഠിക്കാനാണ്. ചുമതലാബോധം ഉണ്ടാകാനാണ്. എന്നിട്ട് പറഞ്ഞു: നമ്മൾ ബലഹീനരാണ്. ഒന്നും ചെയ്യാൻ കഴിയുകയില്ല. നമുക്ക് അല്ലാഹുമായി ദൃഢരൂഢ ബന്ധമുണ്ടെങ്കിൽ എല്ലാ കാര്യത്തിലും എളുപ്പമുണ്ടാകുന്നതായിരിക്കും. ഇക്കാര്യം എപ്പോഴും ഓർമയിൽ വെക്കുക, നിങ്ങൾ റീജ്യണൽ മുബല്ലിഗാണെങ്കിലും സാധാരണ മുബല്ലിഗാണെങ്കിലും ശരി. അല്ലാഹുമായി ദൃഢരൂഢ ബന്ധം വെക്കേണ്ടതാണ്. അപ്പോഴാണ് നിങ്ങൾക്ക് വിജയങ്ങൾ ലഭിക്കുന്നത്; എളുപ്പമുണ്ടാകുന്നത്.

എം.ടി.എയുടെ ജനറൽ മാനേജരാണ് അഖാനൂർ സാഹിബ്. അദ്ദേഹം പറയുന്നു:ഒരിക്കൽ വളരെ ദുഷ്കരമായ പ്രതിസന്ധി ഘട്ടമുണ്ടായി. ഞാൻ അദ്ദേഹത്തിന് ദുആ ചെയ്യാൻ സന്ദേശം അയച്ചു. അപ്പോൾ ഒരു മറുപടിയും തന്നില്ല. പിന്നീട് ആരിൽനിന്നോ അദ്ദേഹം എന്റെ ഫോൺ നമ്പർ ചോദിച്ചു വാങ്ങി. പയുന്നു: അടുത്ത ദിവസം ഞാൻ കൂടിക്കാഴ്ച നടത്തി. അപ്പോൾ അദ്ദേഹം ആദ്യം ചോദിച്ചത് എനിക്ക് താങ്കൾ ദുആയ്ക്കുവേണ്ടി എഴുതി, കാലത്തിന്റെ ഖലീഫയക്കും താങ്കൾ ദുആയ്ക്കുവേണ്ടി എഴുതിയിരുന്നുവോ? ദുആയ്ക്കുവേണ്ടി എഴുതിയിരുന്നുവെന്ന് ഞാൻ പറഞ്ഞപ്പോൾ അദ്ദേഹം വളരെ സന്തോഷിച്ചു. പറഞ്ഞു: ഈ രീതിയാണ് ഉണ്ടാവേണ്ടത്. പറയുന്നു: ആ നേരത്തും അദ്ദേഹത്തിന്റെ കണ്ണുകൾ നിറഞ്ഞിരുന്നു. അദ്ദേഹത്തിന്റെ ശബ്ദരീതിയിൽനിന്ന് ഖിലാഫത്തിനോടുള്ള അഗാധമായ സ്നേഹം നിർഗളിക്കുന്നുണ്ടായിരുന്നു.

ഇപ്രകാരം വിവിധ അവസരങ്ങളിൽ ഖിലാഫത്തിനെ സംബന്ധിച്ച് പറയുമ്പോഴെല്ലാം അദ്ദേഹം വികാരാധീനനാകുമായിരുന്നു. അല്ലാഹുവിന്റെ അനുഗ്രഹത്താൽ മർഹൂം മൂസ്വി ആയിരുന്നു. അദ്ദേഹത്തിന്റെ ഭൗതികശരീരം നവംബർ 23ന് പാക്കിസ്ഥാനിൽനിന്ന് ഇന്തോനേഷ്യയിലെത്തി. നവംബർ 24ന് പാറുങ്(Parung) മർക്കസിൽ മൂസ്വികളുടെ ഖബ്‌ർസ്ഥാനിൽ മറയടക്കുകയുണ്ടായി. ഒരുപാട് ജമാഅത്തംഗങ്ങൾ ജനാസയിൽ പങ്കെടുത്തു. അല്ലാഹു അദ്ദേഹത്തിന്റെ പദവികൾ ഉയർത്തുമാറാകട്ടെ. ജന്നത്തുൽ ഫിർദൗസിൽ ഉന്നതസ്ഥാനം നൽകുമാറാകട്ടെ. അദ്ദേഹത്തിന്റെ ബന്ധുക്കൾക്ക് ക്ഷമയും സഹനവും നൽകുമാറാകട്ടെ. അതുപോലെ അദ്ദേഹത്തിന്റെ മക്കൾക്കും, വരും തലമുറകൾക്കും അദ്ദേഹത്തിന്റെ കാലടികളെ പിന്തുടരുവാനുള്ള തൗഫീഖ് നൽകുമാറാകട്ടെ. (രണ്ടാം ഖുത്‌ബയ്ക്കുശേഷം ഹുദൂർ അൻവർ പറഞ്ഞു:)നമസ്കാരങ്ങൾക്കുശേഷം അദ്ദേഹത്തിന്റെ ജനാസ ഗഇബ് നമസ്കരിപ്പിക്കുന്നതാണ്.



# ഖുത്ബ ജുമുഅ

**ശുഭപര്യവസാനം ആയിരിക്കുന്നതിന് എപ്പോഴും ദുആ ചെയ്യേണ്ടതാണ്**

**അനുസരണത്തിന്റേയും ആത്മാർഥതയുടേയും കൂറിന്റേയും രൂപമായ നബി(സ)തിരുമേനിയുടെ ബദ്റിൽ പങ്കെടുത്ത സ്വഹാബിമാർ ഹദ്റത്ത് ഉബയ്ദ് ബിൻ സയ്ദ് അൻസ്വാരി, ഹദ്റത്ത് സാഹിർ ബിൻ ഹറാം അൽഅശ്ജഈ, ഹദ്റത്ത് സയ്ദ് ബിൻ ഖത്വാബ്, ഹദ്റത്ത് ഉബാദ ബിൻ ഖശ്ഖാശ്, ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ ജദ്ദ, ഹദ്റത്ത് ഹാരിഥ് ബിൻ ഔസ് ബിൻ മുആദ് രിള്‌വാനുല്ലാഹി അലയ്ഹിം തുടങ്ങിയവരുടെ അനുഗൃഹീത ജീവചരിത്ര വിവരണം.**

**ഇസ്‌ലാമിക ഭരണത്തിന്നെതിരിൽ ഉടമ്പടി ലംഘനം, യുദ്ധത്തിനാഹ്വാനം, കുഴപ്പം ഉണ്ടാക്കൽ, അസഭ്യം പറയൽ, വധഗൂഢാലോചന തുടങ്ങിയവ നടത്തിയ യഹൂദി നേതാവ് കഅ്ബ് ബിൻ അശ്റഫിന്റെ വധത്തെ പറ്റിയുള്ള ചർച്ചയും ആക്ഷേപങ്ങൾക്കുള്ള മറുപടിയും.**

**അല്ലാഹു ഈ ഫിത്നകളിൽനിന്ന് ഇസ്‌ലാമിനെ രക്ഷിക്കുമാറാകട്ടെ.
ഇക്കാലത്ത് അല്ലാഹു അയച്ച മാർഗദർശകനെ – അദ്ദേഹം ഇസ്‌ലാമിനെ പുനരുജ്ജീവിപ്പിക്കാൻ വേണ്ടി വന്നതാണ് – വിശ്വസിക്കാൻ തൗഫീഖ് നല്കുമാറാകട്ടെ.**

**ഖുത്ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് അയ്യദഹുല്ലാഹുത്തആല ബിനസ്‌രിൽ അസീസ്**

**ഖുത്ബ ജുമുഅ 2018 ഡിസംബർ 07/1397 ഫത്ഹ് 07
മസ്ജിദ് ബയ്ത്തുൽ ഫുത്തൂഹ്, മോർഡൻ,(യു.കെ)**

أَشْهَدُ أَنْ لَّا إِلٰهَ إِلَّا اللّٰهُ وَحْدَهٗ لَا شَرِيْكَ لَهٗ وَأَشْهَدُ أَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ

أَمَّا بَعْدُ فَأَعُوْذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيْمِ- بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ-

اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ- الرَّحْمٰنِ الرَّحِيْمِ- مٰلِكِ يَوْمِ الدِّيْنِ- إِيَّاكَ نَعْبُدُ وَإِيَّاكَ نَسْتَعِيْنُ-

اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ- صِرَاطَ الَّذِيْنَ أَنْعَمْتَ عَلَيْهِمْ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ-

ഇന്ന് ഞാൻ വിവരിക്കുവാൻപോകുന്ന സ്വഹാബിമാരിൽ ആദ്യത്തെ സ്വഹാബിയുടെ പേര് ഹദ്റത്ത് ഉബയ്ദ് ബിൻ സയ്ദ് അൻസ്വാരി എന്നാണ്. ബനൂ അജ്‌ലാൻ ഗോത്രവുമായിട്ടായിരുന്നു അദ്ദേഹത്തിന്റെ ബന്ധം. ബദ്ർ, ഉഹുദ് യുദ്ധങ്ങളിൽ അദ്ദേഹം പങ്കെടുത്തു.(അത്ത്വബക്കാത്തുൽ കുബ്റാ വാള്യം 3, പേജ് 448, ഉബയ്ദ് ബിൻ സയ്ദ്, പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 1990).

ഹദ്റത്ത് മുആദ് ബിൻ രിഫാഅ തന്റെ പിതാവിൽ നിന്ന് നിവേദനം: ഞാൻ എന്റെ സഹോദരൻ ഹദ്റത്ത് ഖല്ലാദ് ബിൻ റാഫിഇനോടൊപ്പം നബി(സ)തിരുമേനിയുടെ കൂടെ ഒരു മെലിഞ്ഞു ക്ഷീണിച്ച ഒട്ടകപ്പുറത്ത് ബദ്റിന്റെ ഭാഗത്തേക്കു പുറപ്പെട്ടു. ഞങ്ങളുടെകൂടെ ഹദ്റത്ത് ഉബയ്ദ് ബിൻ സയ്ദും ഉണ്ടായിരുന്നു. ഞങ്ങൾ റൗഹാഅ് എന്ന സ്ഥലത്തിനു പിറകിലുള്ള ബരീദ് എന്ന സ്ഥലത്തെത്തിയപ്പോൾ ഞങ്ങളുടെ ഒട്ടകം ഇരുന്നുപോയി.' മുമ്പേയും ഇത്തരം കുറച്ചു സംഭവം മറ്റു സ്വഹാബിമാരുടെ സംഭവത്തിൽ വിവരിച്ചു കഴിഞ്ഞിട്ടുള്ളതാണ്. അദ്ദേഹം പറയുന്നു: 'ഞങ്ങളുടെ ഒട്ടകം ഇരുന്നു. ഞാൻ ദുആ ചെയ്തു: 'അല്ലാഹുവേ! മദീനയിൽ എത്തിയാൽ ഞങ്ങളിതിനെ ബലിയറുക്കുന്നതാണെന്ന് നിന്റെ പേരിൽ നേർച്ചയാക്കുന്നു.' അദ്ദേഹം പറയുന്നു: 'ഞങ്ങൾ ആ അവസ്ഥയിലായിരിക്കുമ്പോൾ നബി(സ)തിരുമേനി അതിലുടെ കടന്നു പോകുന്നുണ്ടായിരുന്നു. നിങ്ങൾക്കു രണ്ടുപേർക്കും എന്തുപറ്റി എന്ന് നബി(സ)തിരുമേനി ചോദിച്ചു. ഞങ്ങൾ കാര്യങ്ങളെല്ലാം പറഞ്ഞു. പിന്നീട് നബി(സ)തിരുമേനി ഞങ്ങളോടൊപ്പം നിന്നു. അവിടന്ന് വുളു എടുത്തു. അവശേഷിക്കുന്ന വെള്ളത്തിൽ ഉമിനീർ കലർത്തി. അദ്ദേഹത്തിന്റെ കല്പനപ്രകാരം ഞങ്ങൾ ഒട്ടകത്തിന്റെ വായ തുറന്നു. അവിടന്ന് ഒട്ടകത്തിന്റെ വായിൽ കുറച്ചു വെള്ളം ഒഴിച്ചുകൊടുത്തു. പിന്നെ അതിന്റെ തലയിലും കഴുത്തിലും അതിന്റെ തോളെല്ലിലും പൂഞ്ഞയിലും മുതുകിലും പിന്നെ അതിന്റ വാലിലും അല്പം വെള്ളമൊഴിച്ചു. പിന്നീട് അവിടന്ന് ദുആ ചെയ്തു: 'അല്ലാഹുവേ നീ റാഫിഅ്നെയും ഖല്ലാദിനെയും ഇതിന്റെ പുറത്തു യാത്രചെയ്യിച്ചു കൊണ്ടുപോയാലും.' പിന്നീട് അദ്ദേഹം പറയുന്നു: 'നബി(സ)തിരുമേനി അവിടെനിന്ന് യാത്രയായി. ഞങ്ങളും യാത്രപുറപ്പെട്ടു. നബി(സ)തിരുമേനിയെ മൻസ്വഫ് എന്ന സ്ഥലത്തിന്റെ അതിർത്തിയിൽവച്ചു കണ്ടു. അവിടെ എത്തുകയും അവരുമായിച്ചേരുകയും ചെയ്തു. ഞങ്ങളുടെ ഒട്ടകം സംഘത്തിന്റെ ഏറ്റവും മുമ്പിലായിരുന്നു. ഞങ്ങളെ കണ്ടപ്പോൾ നബി(സ)തിരുമേനി പുഞ്ചിരിച്ചു. ഞങ്ങൾ യാത്ര തുടർന്നു ബദ്ർ എന്ന സ്ഥലത്തെത്തി. ബദറിൽ നിന്ന് തിരിച്ചുവരുമ്പോഴും, 'മുസ്വല്ല' എന്ന സ്ഥലത്ത് ഞങ്ങളുടെ ഒട്ടകം ഇരുന്നു. പിന്നീട് എന്റെ സഹോദരൻ അതിനെ അറുക്കുകയും മാംസം സ്വദഖഃ കൊടുക്കുകയും ചെയ്തു. അതിൽ അദ്ദേഹത്തോടൊപ്പം ഹദ്റത്ത് ഉബയ്ദ് ബിൻ സയ്ദും ഉണ്ടായിരുന്നു.'(ഉസുദുൽ ഗാബ, വാള്യം 2, പേജ് 181, മുആദ് ബിൻ രിഫാഅ, പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 2002). (ഇംതാഉൽ അസ്മാഅ്, വാള്യം 1, പേജ് 93, ദാറുൽ കുതുബുൽ ഇൽമിയ്യ ബേറൂത്ത് 1999). (കിതാബുൽ മഗാസി ലിൽവാഖ്ദി, വാള്യം 1, പേജ് 39, പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 2013).

ഹദ്റത്ത് സാഹിർ ബിൻ ഹറാം അൽഅശ്ജഇ: ഇദ്ദേഹവും ബദ്ർ യുദ്ധത്തിൽ പങ്കെടുത്ത സ്വഹാബിയായിരുന്നു. അശ്ജഅ് ഗോത്രവുമായിട്ടായിരുന്നു ഇദ്ദേഹത്തിന്റെ ബന്ധം. ബദ്ർയുദ്ധത്തിൽ നബി(സ)തിരുമേനിയുടെകൂടെ പങ്കെടുത്തു. ഹദ്റത്ത് അനസ് ബിൻ മാലിക്കിൽനിന്ന് നിവേദനം: വനപ്രദേശത്തു താമസിക്കുന്ന ഒരാൾ ഉണ്ടായിരുന്നു. സാഹിർ എന്നായിരുന്നു അയാളുടെ പേര്. അയാൾ നബി(സ)തിരുമേനിക്കുവേണ്ടി അപൂർവ്വമായ ഉപഹാരങ്ങൾ കൊണ്ടുവരുമായിരുന്നു. അയാൾ തിരിച്ചു പോകുമ്പോൾ നബി(സ)തിരുമേനിയും അയാൾക്ക് മതിയാവോളം സാധനങ്ങളും ധനവും നൽകുമായിരുന്നു. നബി(സ)തിരുമേനി പറയാറുണ്ടായിരുന്നു: *ഇന്ന സാഹിറ ബാദിയത്തുനാ വ നഹ്നു ഹാളിറൂഹു* സാഹിർ നമ്മുടെ ഗ്രാമവാസിയായ സുഹൃത്തും നാം അദ്ദേഹത്തിന്റെ നഗരവാസിയായ സുഹൃത്തുമാകുന്നു. നബി തിരുമേനി അദ്ദേഹത്തെ വളരെ സ്നേഹിച്ചിരുന്നു. ഒരു നിസാരമായ രൂപമുള്ളയാളായിരുന്നു സാഹിർ. ഒരിക്കൽ സാഹിർ ചന്തയിൽ തന്റെ കുറച്ചു സാധനങ്ങൾ വിൽക്കുകയായിരുന്നു. നബി(സ) തിരുമേനി അദ്ദേഹത്തിന്റെ അടുത്തു വരികയും പിന്നിൽനിന്ന് തന്റെ നെഞ്ചോടു ചേർത്ത് കെട്ടിപ്പിടിക്കുകയും ചെയ്തു. മറ്റൊരു നിവേദനത്തിൽ വരുന്നു, നബി(സ)തിരുമേനി വന്നുകൊണ്ട് അദ്ദേഹത്തിന്റെ കണ്ണ് പൊത്തുകയുണ്ടായി. ഹദ്റത്ത് സാഹിറിന് നബിതിരുമേനിയെ കാണാൻ കഴിഞ്ഞില്ല. അദ്ദേഹം, 'ആരാണിത്? എന്നെ വിടൂ' എന്നു പറഞ്ഞു. പിന്നീട് നബി(സ)തിരുമേനിയാണ് അതെന്നു മനസ്സിലായപ്പോൾ അദ്ദേഹത്തിന്റെ പുറം നബിതിരുമേനിയുടെ തിരുനെഞ്ചോടു ചേർത്ത് ഉരസാൻ തുടങ്ങി. നബി(സ)തിരുമേനി തമാശയായിക്കൊണ്ടു പറഞ്ഞു: ഈ അടിമയെ വാങ്ങാനാരുണ്ട്?. ഹദ്റത്ത് സാഹിർ പറഞ്ഞു: 'യാ റസൂലല്ലാഹ്! അപ്പോൾ താങ്കൾക്കതൊരു നഷ്ടക്കച്ചവടമായിരിക്കും. എന്നെ ആരു വാങ്ങാനാണ്?' അപ്പോൾ നബി(സ)തിരുമേനി പറഞ്ഞു: 'അല്ലാഹുവിന്റെ അടുക്കൽ നീ നഷ്ടക്കച്ചവടമല്ല, അല്ലാഹുവിന്റെ അടുക്കൽ വളരെ വിലപിടിപ്പുള്ളതാണ്.'(ഉസുദുൽ ഗാബ, വാള്യം 2, പേജ് 98). (ഇസ്തീആബ് വാള്യം 2, പേജ് 509, അസ്ഹർ ബിൻ ഹറാം, പ്രസാധകർ ദാറുൽജീൽ ബേറൂത്ത് 1992)അശ്ശമാഇലുൽ മുഹമ്മദിയ്യ ലിതുർമുദി, പേജ് 143, അഹ്‌യാഉത്തുറാഥുൽ അറബി ബേറൂത്ത്)

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)ഉം നബി(സ) തിരുമേനിയുടെ ഈ അനുകമ്പയുടെ സംഭവം ഒരിടത്ത് വിവരിച്ചിട്ടുണ്ട്. അവിടന്ന് പറയുന്നു: ഇപ്രകാരം നബി(സ)തിരുമേനി ഒരിക്കൽ ചന്തയിലൂടെ നടന്നുപോകുകയായിരുന്നു. അവിടന്ന് കണ്ടു: ഒരു ദരിദ്രനായ സ്വഹാബി– അദ്ദേഹം വിരൂപനായിരുന്നു. കഠിനമായ ഉഷ്ണകാലത്ത് സാധനങ്ങളേറ്റിയിരുന്നു. അദ്ദേഹത്തിന്റെ ശരീരം മുഴുവൻ വിയർപ്പുകൊണ്ട് കുളിച്ചിരുന്നു. നബി(സ) തിരുമേനി ഒച്ചയുണ്ടാക്കാതെ അയാളുടെ പിന്നാലെ പോയി. കുട്ടികൾ കണ്ണുപൊത്തിക്കളിച്ച്, പൊത്തുന്ന ആളുടെ പേര് പറയാൻ പറയുന്നതുപോലെ നബി(സ)തിരുമേനി അനങ്ങാതെ ചെന്ന് അയാളുടെ കണ്ണുകളിൽ കൈകൾ വച്ചു. അയാൾ നബി(സ)തിരുമേനിയുടെ മൃദുവായ കൈകളിൽ നിന്ന് നബി(സ)തിരുമേനിയാണ് അതെന്ന് മനസ്സിലാക്കി. അയാൾ സ്നേഹാവേശത്താൽ തന്റെ വിയർപ്പുകൊണ്ട് നനഞ്ഞ ശരീരം നബി(സ)തിരു

മേനിയുടെ വസ്ത്രത്തോടു ഉരസാൻ തുടങ്ങി. നബി(സ)തിരുമേനി പുഞ്ചിരിച്ചുകൊണ്ടിരുന്നു. അവസാനം അവിടന്ന് ചോദിച്ചു: എന്റെ കൈയിൽ ഒരു അടിമയുണ്ട്. ആരെങ്കിലുമുണ്ടോ വാങ്ങാൻ? അയാൾ പറഞ്ഞു: അല്ലാഹുവിന്റെ റസൂലേ! എന്നെ വാങ്ങാൻ ലോകത്താരാണുള്ളത്? അവിടന്ന് പറഞ്ഞു: അങ്ങനെ പറയരുത്. അല്ലാഹുവിന്റെ സന്നിധിയിൽ താങ്കൾക്ക് വലിയ വിലയാണുള്ളത്.' (സേരെ റൂഹാനീ, പേജ് 489, ഖാദിയാൻ, 2005) ഇത്തരം അത്ഭുതകരമായ അനുഗ്രങ്ങളാണ് അവർ പ്രാപിച്ചത്.

നബി(സ)തിരുമേനി ഒരു അവസരത്തിൽ പറഞ്ഞു: *ഇന്ന ലികുല്ലി ഹാളിറത്തിൻ ബാദിയത്തുൻ വ ബാദിയത്തുഹൂ ആല മുമ്മദിൻ സാഹിറുബ്നുൽഹറാമി* അതായത് ഓരോ നഗരവാസിക്കും ഏതെങ്കിലും ഗ്രാമവാസിയുമായി ബന്ധമുണ്ടാകും. മുഹമ്മദിന്റെ കുടുംബത്തിന്റെ ഗ്രാമപരമായ ബന്ധമുള്ളയാൾ സാഹിർ ബിൻ ഹറാം ആകുന്നു. സാഹിർ ബിൻ ഹറാം പിന്നീട് കൂഫയിലേക്കു താമസം മാറുകയുണ്ടായി.(ഇസ്തീആബ് വാള്യം 2, പേജ് 509, അസ്ഹർ ബിൻ ഹറാം പ്രസാധകർ ദാറുൽജീൽ ബേറൂത്ത് 1992)

ഹദ്റത്ത് സയ്ദ് ബിൻ ഖത്വാബ്: ഇദ്ദേഹം ഹദ്റത്ത് ഉമർ(റ)ന്റെ മൂത്ത സഹോദരനായിരുന്നു. ഹദ്റത്ത് ഉമർ ഇസ്ലാം സ്വീകരിക്കുന്നതിനു മുമ്പേ ഇദ്ദേഹം ഇസ്ലാം സ്വീകരിച്ചിരുന്നു. പ്രാരംഭകാലത്ത് ഹിജ്റത്ത് ചെയ്തവരിൽപ്പെട്ടയാളായിരുന്നു ഇദ്ദേഹം. ബദ്ർ, ഉഹുദ്, ഖൻദഖ്, ഹുദയ്ബിയ, രിള്വാൻ ബയ്അത്ത് അടക്കമുള്ള എല്ലാ യുദ്ധങ്ങളിലും നബി(സ)തിരുമേനിയുടെ കൂടെ പങ്കെടുത്തിരുന്നു. നബി(സ)തിരുമേനി ഹദ്റത്ത് മഅ്ൻ ബിൻ അദിയ്യിനെ ഇദ്ദേഹത്തിന്റെ സാഹോദരനാക്കി. ഈ രണ്ടു സ്വഹാബിമാരും യമാമ യുദ്ധത്തിൽ ശഹീദായി. (അത്ത്വബക്കാത്തുൽ കുബ്റാ വാള്യം 3, പേജ് 288, സയ്ദ് ബിൻ ഖത്വാബ്, പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 1990). (ഇസ്തീആബ് വാള്യം 2, പേജ് 550, സയ്ദ് ബിൻ ഖത്വാബ്, പ്രസാധകർ ദാറുൽജീൽ ബേറൂത്ത് 1992)

ഉഹുദു ദിവസം ഹദ്റത്ത് സയ്ദിനോടു അല്ലാഹുവിനെതൊട്ട് സത്യംചെയ്തുകൊണ്ട് ഹദ്റത്ത് ഉമർ(റ) തന്റെ പടയങ്കി അണിയാൻ പറഞ്ഞു. (ഹദ്റത്ത് ഉമറിന്റെ മൂത്ത സഹോദരനായിരുന്നു ഹദ്റത്ത് സയ്ദ്). ഹദ്റത്ത് സയ്ദ് കുറച്ചുനേരത്തേക്ക് ആ പടയങ്കി അണിഞ്ഞു. യുദ്ധ നേരത്ത് അഴിച്ചുവച്ചു. പടയങ്കി അഴിച്ചു വയ്ക്കാനുള്ള കാരണം ഹദ്റത്ത് ഉമർ(റ)ചോദിച്ചപ്പോൾ ഹദ്റത്ത് സയ്ദ് മറുപടി പറഞ്ഞു: 'ഞാനും താങ്കൾ ആഗ്രഹിക്കുന്നതുപോലെ ശഹാദത്ത് ആഗ്രഹിക്കുന്നു.' അങ്ങനെ ഇരുവരും പടയങ്കി ഉപേക്ഷിച്ചു.(അത്ത്വബക്കാത്തുൽ കുബ്റാ വാള്യം 3, പേജ് 289, സയ്ദ് ബിൻ ഖത്വാബ്, പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 1990).

ഹദ്റത്ത് സയ്ദ് ബിൻ ഖത്ത്വാബിൽനിന്ന് നിവേദനം: നബി(സ)തിരുമേനി ഹജ്ജത്തുൽവിദാഇന്റെ അവസരത്തിൽ പറഞ്ഞു, 'നിങ്ങളുടെ അടിമകളുടെ കാര്യങ്ങൾ ശ്രദ്ധിക്കുക. നിങ്ങളുടെ അടിമകളുടെ കാര്യങ്ങൾ ശ്രദ്ധിക്കുക. നിങ്ങൾ തിന്നുന്നതിൽനിന്ന് അവരെ തീറ്റുക. നിങ്ങൾ അണിയുന്നതുതന്നെ അവരെയും അണിയിക്കുക. അവരിൽ നിന്നെന്തെങ്കിലും തെറ്റ് സംഭവിച്ചിട്ടുണ്ടെങ്കിൽ നിങ്ങൾ പൊറുത്തുകൊടുക്കുവാൻ ആഗ്രഹിക്കുന്നില്ലെങ്കിൽ അല്ലാഹുവിന്റെ ദാസരേ! നിങ്ങൾ അവരെ വിറ്റുകൊള്ളുക; അവരെ ശിക്ഷിക്കരുത്. യമാമ യുദ്ധത്തിൽ മുസ്ലിംകളുടെ കാലുകൾ ഇടറിപ്പോയപ്പോൾ ഹദ്റത്ത് സയ്ദ് ബിൻ ഖത്വാബ് ഉച്ചത്തിൽ ഇങ്ങനെ ദുആ ചെയ്തു: 'അല്ലാഹുവേ! എന്റെ കൂടെയുള്ളവർ ഓടിപ്പോയതിൽ നിന്നോടു ഞാൻ മാപ്പു ചോദിക്കുന്നു. മുസയ്ലിമ കദ്ദാബും മുഹക്കം ബിൻ ത്വുഫയ്ലും ചെയ്ത പ്രവൃത്തിയിൽനിന്ന് ഞാനെന്റെ നിരപരാധിത്വം പ്രകടിപ്പിക്കുകയാണ്. അതിനുശേഷം അദ്ദേഹം പതാക മുറുകെപിടിച്ചുകൊണ്ട് ശത്രുക്കളുടെ അണിയിലേക്ക് മുന്നേറി വാൾപയറ്റിലുള്ള തന്റെ പ്രാഗത്ഭ്യം കാണിക്കുകയും ഒടുവിൽ ശഹീദാകുന്നതുവരെ അതു തുടരുകയും ചെയ്തു.(അത്ത്വബക്കാത്തുൽ കുബ്റാ വാള്യം 3, പേജ് 288, സയ്ദ് ബിൻ അൽഖത്വാബ്, പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 1990).

ഹദ്റത്ത് സയ്ദ്(റ) ശഹീദായപ്പോൾ ഹദ്റത്ത് ഉമർ(റ) പറഞ്ഞു: 'അല്ലാഹു സയ്ദിൽ കരുണ ചൊരിയുമാറാകട്ടെ. എന്റെ സഹോദരൻ രണ്ടു നന്മകളിൽ എന്നെ മുൻകടക്കുകയുണ്ടായി. അതായത് ഇസ്ലാം സ്വീകരിക്കുന്ന കാര്യത്തിൽ; എന്നെക്കാൾ മുമ്പേ അദ്ദേഹം ഇസ്ലാം സ്വീകരിച്ചു. ശഹീദാകുന്ന കാര്യത്തിൽ; എനിക്കു മുമ്പേ അദ്ദേഹം ശഹീദുമായി.' (അൽഇസ്വാബ ഫീ തമീസിസ്സ്വഹാബ ലി ഇബ്നി ഹജ്ർ അസ്ഖലാനി, വാള്യം 4, പേജ് 500, ദിക്ർ സയ്ദ് ബിൻ അൽഖത്വാബ്(റ).

ഒരു നിവേദനത്തിൽ വന്നിരിക്കുന്നു: ഹദ്റത്ത് മുത്തമിം ബിൻ നുവൈറ(റ), തന്റെ സഹോദരൻ മാലിക് ബിൻ നുവൈറയുടെ സ്മരണയിൽ വിലാപകാവ്യമാലപിക്കുന്നത് ഹദ്റത്ത് ഉമർ(റ) കേട്ടു. അപ്പോൾ ഉമർ പറഞ്ഞു: എനിക്കും നിന്നെപ്പോലെ കവിതചൊല്ലാൻ കഴിയുമായിരുന്നെങ്കിൽ നിന്റെ സഹോദരനുവേണ്ടി നീ കവിത ചൊല്ലിയതുപോലെ ഞാനും എന്റെ സഹോദരൻ സയ്ദിന്റെ സ്മരണയിൽ കവിത ചൊല്ലുമായിരുന്നു. അപ്പോൾ മുത്തമിം ബിൻ നുവൈറ(റ)പറഞ്ഞു: 'താങ്കളുടെ സഹോദരൻ ഈ ലോകത്തുനിന്നും പോയതുപോലെയാണ് എന്റെ സഹോദരനും പോയിരുന്നതെങ്കിൽ ഞാനൊരിക്കലും ദു:ഖിക്കുമായിരുന്നില്ല.' അപ്പോൾ ഉമർ പറഞ്ഞു: 'നീ അനുശോചനം പ്രകടിപ്പിച്ചതുപോലെയുള്ള ഒരു അനുശോചനം ഇന്നേവരെ ആരും എനിക്ക് തന്നിട്ടില്ല.' (ഇസ്തീആബ് വാള്യം 2, പേജ് 553, സയ്ദ് ബിൻ അൽഖത്വാബ്, പ്രസാധകർ ദാറുൽജീൽ ബേറൂത്ത് 1992)

ഈ സംഭവത്തിന്റെ വിശദമായ ഒരു നിവേദനവുമുണ്ട്. അതായത്, ഹദ്റത്ത് മുത്തമിം ബിൻ നുവൈറ(റ)യോടു ഹദ്റത്ത് ഉമർ(റ) പറഞ്ഞു, 'നിനക്ക് നിന്റെ സഹോദരന്റെ കാര്യത്തിൽ എത്രമാത്രം ദുഖമുണ്ട്?' അദ്ദേഹം തന്റെ ഒരു കണ്ണിലേക്കു വിരൽ ചൂണ്ടിക്കൊണ്ടു പറഞ്ഞു: 'എന്റെ ഈ കണ്ണ് ആ ദു:ഖംകൊണ്ട് നഷ്ടപ്പെട്ടതാണ്. ഞാനെന്റെ ശരിയായ കണ്ണുകൊണ്ട് എത്രത്തോളം കരഞ്ഞുവെന്നാൽ, എന്റെ നഷ്ടപ്പെട്ടുപോയ കണ്ണും കണ്ണുനീർവാർക്കാൻ അതിനെ സഹായിച്ചു.' ഹദ്റത്ത് ഉമർ(റ) പറഞ്ഞു: 'ഇതെത്രമാത്രം കഠിനമായ ദു:ഖമാണെന്നാൽ, ആരുംതന്നെ തന്റെ നഷ്ടപ്പെട്ടവനുവേണ്ടി ഇത്രത്തോളം സങ്കടം പ്രകടിപ്പിച്ചിട്ടുണ്ടാവില്ല.' പിന്നീട് ഉമർ(റ) പറഞ്ഞു:'അല്ലാഹു സയ്ദ് ബിൻ ഖത്വാബിൽ കരുണചൊരിയുമാറാകട്ടെ. അഥവാ എനിക്കും കവിത ചൊല്ലുവാൻ കഴിവുണ്ടായിരുന്നെങ്കിൽ, നീ നിന്റെ സഹോദരനുവേണ്ടി വിലപിച്ചതുപോലെ തീർച്ചയായിട്ടും ഞാൻ സയ്ദിനുവേണ്ടി വിലപിക്കുമായിരുന്നു.' ഹദ്റത്ത് മുത്തമിം(റ) പറഞ്ഞു: 'അല്ലയോ അമീറുൽ മുഅ്മിനീൻ! എന്റെ സഹോദരൻ യമാമ യുദ്ധത്തിൽ താങ്കളുടെ സഹോദരനെപ്പോലെ ശഹീദായിരുന്നെങ്കിൽ ഞാൻ ഒരിക്കലും കരയുമായിരുന്നില്ല.' ഈ കാര്യം ഹദ്റത്ത് ഉമറിന്റെ ഹൃദയത്തെ സ്പർശിച്ചു. തന്റെ സഹോദരനെക്കുറിച്ച് അദ്ദേഹത്തിന് ആശ്വാസമായി. ഹദ്റത്ത് ഉമറി(റ)ന് തന്റെ സഹോദരന്റെ വേർപാടിൽ വളരെയധികം ദു:ഖമുണ്ടായിരുന്നു. ഇളം തെന്നൽ തലോടിവരുമ്പോൾ തന്റെയടുത്ത് സയ്ദിന്റെ സുഗന്ധവുമായാണ് വരുന്നതെന്ന് അദ്ദേഹം പറയുമായിരുന്നു. (അത്ത്വബക്കാത്തുൽ കുബ്റാ വാള്യം 3, പേജ് 289, സയ്ദ് ബിൻ അൽഖത്വാബ്, പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 1990).

മുസയ്ലിമത്തുൽ കദ്ദാബിന്റെ കൂട്ടുകാരിൽപെട്ട റജ്ജാൽ ബിൻ ഉൻഫൂവഃ, ഹദ്റത്ത് സയ്ദ് ബിൻ ഖത്വാബിന്റെ കൈയാൽ വധിക്കപ്പെട്ടിരുന്നു. ഒരു നിവേദനത്തിൽ റജ്ജാൽ ബിൻ ഉൽഫൂവഃയുടെ പേര് നഹാർ എന്നും വന്നിട്ടുണ്ട്. ഇയാൾ ഇസ്ലാം സ്വീകരിച്ചയാളായിരുന്നു. ഹിജ്റത്തും ചെയ്തിരുന്നു. ഖുർആന്റെ ഖാരിയുമായിരുന്നു. പിന്നീട് മുസയ്ലിമയോടൊപ്പം ചേർന്നതാണ്. (അതുകൊണ്ട് എപ്പോഴും ശുഭപര്യവസാനത്തിനായി നമ്മൾദുആ ചെയ്യേണ്ടതാണ്) അയാളോടു പറഞ്ഞു: 'ഞാൻ നബി(സ) തിരുമേനിയിൽനിന്ന്, അദ്ദേഹം താങ്കളെ നുബൂവ്വത്തിൽ പങ്കാളിയാക്കിയിരിക്കുന്നുവെന്ന് കേട്ടിരിക്കുന്നു.' ഇത് ബനൂഹലീഫയെ സംബന്ധിച്ചിടത്തോളം ഏറ്റവും വലിയ ഫിത്നയായിരുന്നു. ഹദ്റത്ത് അബൂ ഹുറയ്റ(റ) നിവേദനം. അദ്ദേഹം പറഞ്ഞു: ഞാൻ നബി(സ) തിരുമേനിയുടെ അടുത്ത് ഒരു സംഘത്തോടൊപ്പം ഇരിക്കുകയായിരുന്നു. ഞങ്ങളോടൊപ്പം റജ്ജിൽ ബിൻ ഉൻഫൂവഃയുമുണ്ടായിരുന്നു. നബി(സ) തിരുമേനി പറഞ്ഞു: നിങ്ങളിൽ ഒരാളുണ്ട്. അവന്റെ താടി ഉഹുദു മലയ്ക്കു സമാനം അഗ്നിയിലായിരിക്കും. അതായത്, അയാൾ തീയിലായിരിക്കും. അവൻ ഒരു ജനതയെ വഴികേടിലാക്കും. പിന്നീട് ഞാനും റജ്ജാൽബിൻ ഉൻഫൂവയും ബാക്കിയായി. ഞാൻ എപ്പോഴും ഇക്കാര്യത്തെ ഭയപ്പെട്ടിരുന്നു. അവസാനം റജ്ജാൽബിൻ ഉൻഫൂവഃ മുസയ്ലിമത്തുൽ കദ്ദാബിനോടൊപ്പം പുറപ്പെട്ടു. അയാൾ മുസയ്ലിമയുടെ നുബുവ്വത്തിന് സാക്ഷി പറഞ്ഞു. ഈ റജ്ജാൽ ബിൻ ഉൻഫൂവഃ യമാമ യുദ്ധത്തിൽ വധിക്കപ്പെട്ടു. ഹദ്റത്ത് സയ്ദ് ബിൻ ഖത്വാബാണ് അയാളെ വധിച്ചത്. (ഇസ്തീആബ്, വാള്യം 2, പേജ് 551–552, ബയ്ദ് ബിൻ അൽഖത്വാബ്, പ്രസാധകർ ദാറുജ്ജീൻ ബേറൂത്ത്)

അബൂമർയം അൽ ഹൻഫിയായിരുന്നു ഹദ്റത്ത് സയ്ദ് ബിൻ ഖത്വാബിനെ ശഹീദാക്കിയത്. അബൂമർയം ഇസ്ലാം സ്വീകരച്ചതിനുശേഷം ഹദ്റത്ത് ഉമർ(റ) ഒരിക്കൽ അദ്ദേഹത്തോടു ചോദിച്ചു: 'നീയാണോ സയ്ദിനെ ശഹീദാക്കിയത്?' അദ്ദേഹം ഹദ്റത്ത് ഉമറിനോടു പറഞ്ഞു: 'അല്ലയോ അമീറുൽ മുഅ്മിനീൻ! അല്ലാഹു എന്റെ കരങ്ങളാൽ ഹദ്റത്ത് സയ്ദിനു ആദരവു നൽകി, അദ്ദേഹത്തിന്റെ കരങ്ങളാൽ എന്നെ നിന്ദ്യനാക്കിയതുമില്ല.' ഹദ്റത്ത് ഉമർ അബൂമർയമിനോടു ചോദിച്ചു: 'നിന്റെ അഭിപ്രായത്തിൽ യമാമയുദ്ധ ദിവസം മുസ്ലിംകൾ നിങ്ങളുടെ എത്രപേരെ വധിച്ചിട്ടുണ്ടാവും?' അബൂമർയം പറഞ്ഞു: 'ആയിരത്തിനാന്നൂറോ അതിൽ കൂടുതലോ ആളുകളെ.' ഹദ്റത്ത് ഉമർ പറഞ്ഞു: 'ബിഅ്സൽ ഖത്‌ലാ. അതായത് എത്ര മോശമായ അവസ്ഥയിൽ വധിക്കപ്പെട്ടവരാണിവർ.' അബൂ മർയം പറഞ്ഞു: 'സർവ്വസ്തുതിയും അല്ലാഹുവിനാകുന്നു. അവൻ എന്നെ ബാക്കിയാക്കി. തന്റെ നബിക്കും മുസ്ലിംകൾക്കുമായി അവൻ തൃപ്തിപ്പെട്ട ഈ മതത്തിലേക്കു ഞാൻ തിരിയുന്നതുവരെ.' ഹദ്റത്ത് അബൂമർയമിന്റെ ആ സംസാരത്തിൽ ഹദറത്ത് ഉമർ(റ) വളരെ സന്തോഷവാനായി. അബുമർയം പിന്നീട് ബസ്വ്റയുടെ ഖാളിയുമായി. (അൽഇസ്തീആബ് ഫീ മഅ്രിഫത്തിസ്സ്വഹാബ വാള്യം 2, പേജ് 121, ദിക്റു സയ്ദ് ബിൻ അൽഖത്വാബ്, പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 1990)

ഹദ്റത്ത് ഉബാദാ ബിൻ ഖശ്ഖാശ്: അബ്ദ ബിൻ ഹസ്ഹാസ് എന്നാണ് ഹദ്റത്ത് ഉബാദാ ബിൻ ഖശ്ഖാശിന്റെ പേരെന്ന് വാഖ്ദി പറയുന്നു. ഇബ്നു മൻദഃ പറയുന്നത് ഇദ്ദേഹത്തിന്റെ പേര് ഉബാദ ബിൻ ഖശ്ഖാശ് അമ്പരി എന്നാണ്. എന്തായാലും ഇദ്ദേഹത്തിന്റെ ബന്ധം ബില്ലി ഗോത്രവുമായിട്ടായിരുന്നു. ഇദ്ദേഹം ഹദ്റത്ത് മുജസ്സർ ബിൻ സിയാദിന്റെ കൊച്ചാപ്പയുടെ മകനായിരുന്നു. അദ്ദേഹത്തിന്റെ മാതാവിൽനിന്നും സഹോദരനുമായിരുന്നു. അവിടന്ന് ബനൂ സാലിമിന്റെ സഖ്യകക്ഷിയായിരുന്നു. (ഉസുദുൽ ഗാബ, വാള്യം 3, പേജ് 53, ഉബാദാ ബിൻ ഖശ്ഖാശ്(റ).

ഹദ്റത്ത് ഉബാദ ബിൻ ഖശ്ഖാശ് ബദ്ർ യുദ്ധത്തിൽ പങ്കെടുത്തിരുന്നു. ബദർയുദ്ധത്തിൽ അദ്ദേഹം ഖയ്സ് ബിൻ സാഇബിനെ തടവിലാക്കിയി

രുന്നു. ഹദറത്ത് ഉബാദാ ബിൻ ഖശ്ഖാശ് ഉഹുദ് യുദ്ധത്തിൽ ശഹീദായി. അദ്ദേഹത്തെ ഹദ്റത്ത് നുഅ്മാൻ ബിൻ മാലിക്കിന്റേയും ഹദ്റത്ത് മുജ സ്സർ ബിൻ സിയാദിന്റേയും കൂടെ ഒരു ഖബറിൽ അടക്കം ചെയ്തു.(ഉസുദുൽ ഗാബ, വാള്യം 3, പേ ജ് 157, ഉബാദാ ബിൻ അൽഖശ്ഖാശ്(റ). പ്രസാ ധാകർ ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 2003). (ഉസുദുൽ ഗാബ, വാള്യം 3, പേജ് 513, അബ്ദ ബിൻ അൽ ഹസ്ഹാസ്(റ). പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 2003).

ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ ജദ്ദ്: ജദ്ദു ബിൻ ഖയ്സ് എന്നായിരുന്നു അദ്ദേഹത്തിന്റെ പിതാവി ന്റെ പേര്. അദ്ദേഹത്തിന്റെ സംജ്ഞാനാമം 'അ ബൂവഹബ്' എന്നായിരുന്നു. അൻസാറിന്റെ ഒരു ഗോത്രമായിരുന്ന ബനൂസലമ ഗോത്രവുമായിട്ടാ യിരുന്നു അദ്ദേഹത്തിന്റെ ബന്ധം. ഹദ്റത്ത് മുആ ദ് ബിൻ ജബൽ മാതാവിന്റെ ഭാഗത്തുനിന്നുള്ള അദ്ദേഹത്തിന്റെ സഹോദരനായിരുന്നു. ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ ജദ്ദ ബദ്ർയുദ്ധത്തിലും ഉഹു ദ് യുദ്ധത്തിലും പങ്കെടുത്തിരുന്നു.(അത്ത്വബക്കാ ത്തുൽ കുബ്റാ വാള്യം 3, പേജ് 430,അബ്ദുല്ലാഹ് ബിൻ അൽജദ്ദ, പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 1990). (ഉസുദുൽ ഗാബ, വാ ള്യം 3, പേജ് 196, അബ്ദുല്ലാഹ് ബിൻ അൽജദ്ദ, പ്ര സാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 2003).

തബൂക് യുദ്ധത്തിന്റെ അവസരത്തിൽ നബി(സ) തിരുമേനി ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ ജദ്ദയുടെ പിതാവ് അബൂ വഹബിനോടു ചോദിച്ചു: അബൂ വഹബേ! താങ്കൾ ഈ വർഷം ഞങ്ങളോടൊപ്പം യുദ്ധത്തിനു വരുമോ? അബൂ വഹബ് പറഞ്ഞു: 'അങ്ങ് എനിക്ക് അനുവാദം തന്നാലും; ഫിത്ന യിൽ അകപ്പെടുത്താതിരിക്കുക. എനിക്കു വരാൻ സാധിക്കുകയില്ല.' നബി(സ)തിരുമേനിയുടെ മു മ്പിൽ അയാൾ അത്ഭുതകരമായ തന്ത്രമാണ് ഉപയോഗിച്ചത്; അതായത് എന്റെ ജനതയ്ക്ക് അറിയാം, ഞാൻ സ്ത്രീകളോടു വളരെ അനുക മ്പയുള്ളയാളാണെന്ന്! ഞാൻ ബനൂ അസ്ഫർ അതായത് റോമക്കാരുടെ സ്ത്രീകളെ കാണുക യാണെങ്കിൽ എനിക്ക് നിയന്ത്രിക്കാൻ പറ്റുകയി ല്ല. നബി(സ)തിരുമേനി അത് വിസ്മരിച്ചുകൊണ്ട് അയാൾക്ക് അനുവാദം കൊടുത്തു. ശരിതന്നെ. നീ തന്ത്രം കാണിക്കുകയാണ്. കാണിച്ചുകൊണ്ടി രുന്നുകൊള്ളുക. അവധി കൊടുത്തു. പോകണ്ട എന്നു പറഞ്ഞു. ഹദ്റത്ത് അബ്ദുല്ലാ ബിൻ ജദ്ദ ഈ വിവരം അറിഞ്ഞു. അദ്ദേഹം തന്റെ പിതാവി ന്റെ അടുത്തുവന്നു. അദ്ദേഹത്തിനോടു പറഞ്ഞു: താങ്കളെന്തിനാണ് നബി(സ)തിരുമേനി പറഞ്ഞ കാര്യം നിഷേധിച്ചത്? അല്ലാഹുവാണ! താങ്കൾ ബനൂസലമായിൽ ഏറ്റവും വലിയ സമ്പന്നനാണ്. ഇതിൽ പങ്കെടുക്കാൻ ഇന്ന് അവസരം കിട്ടിയി രിക്കുകയാണ്. താങ്കൾ സ്വയം യുദ്ധത്തിനു പോ കുന്നില്ല. ആർക്കും സവാരി കൊടുക്കുന്നതുമി ല്ല. അദ്ദേഹം പറഞ്ഞു: 'എന്റെ മകനേ! ഇവിടെ മകന്റെ മുമ്പിൽ മറ്റൊരു തന്ത്രം ഉപയോഗിക്കുക യാണ്. അതുതന്നെയാണ് യാഥാർഥ്യവും. അതാ യത് എന്റെ മകനേ! ഞാനെന്തിന് ഈ ചൂടത്തും ഞെരുക്കത്തിന്റെ കാലാവസ്ഥയിലും ബനൂഅസ് ഫറിലേക്ക് പോകണം. അല്ലാഹുവാണ! ഞാൻ ഖുർബായിലെ (അവിടെയായിരുന്നു ബനൂസ ലാമയുടെ വീട്) എന്റെ വീട്ടിലും അവരോടുള്ള ഭയത്താൽ എന്നെ സുരക്ഷിതനായി കരുതുന്നില്ല. അയാൾക്ക് റോമക്കാരെ വലിയ ഭയമായിരുന്നു. പേടിയായിരുന്നു. അയാൾ ഭീരുവായിരുന്നു. അങ്ങ നെയിരിക്ക ഞാൻ അവർക്കെതിരിൽ പോകണോ? അവർക്കെതിരിൽ യുദ്ധത്തിൽ അണിചേരണോ? അല്ലയോ മകനേ! അല്ലാഹുവാണ! കാലത്തിന്റെ ഗതിയെക്കുറിച്ച് എനിക്ക് നന്നായി അറിയാം. അവസ്ഥകളെന്താണെന്നും അറിയാം; ഇന്ന് ഒന്നാ ണ്; നാളെ മറ്റൊന്നാണ്.' അദ്ദേഹത്തിന്റെ ഈ വാക്കുകൾ കേട്ട് ഹദ്റത്ത് അബ്ദുല്ലാഹ് തന്റെ പിതാവിനോടു കഠിനമായി പെരുമാറി. പറഞ്ഞു: 'അല്ലാഹുവാണ! താങ്കളിൽ കപടതയുണ്ട്. അല്ലാ ഹു തീർച്ചയായും താങ്കളെക്കുറിച്ച് നബി(സ) തിരുമേനിയോടു ഖുർആനിൽ പറയും. അത് എല്ലാവരും വായിക്കും; താങ്കൾ കപടവിശ്വാസി കളിൽപ്പെട്ടയാളാണെന്ന്. അല്ലാഹു വെളിപാടിറ ക്കും.' ഇതുകേട്ട് ഹദ്റത്ത് അബ്ദുല്ലായുടെ പിതാ വ് തന്റെ ചെരിപ്പൂരി അദ്ദേഹത്തെ മുഖത്തടിച്ചു. അബ്ദുല്ലാഹ് അവിടെനിന്നും പോയി. തന്റെ പി താവിനോടു ഒന്നും സംസാരിച്ചില്ല.'(കിതാബുൽ മഗാസി ലിൽവാഖ്ദി, വാള്യം 2, പേജ് 381, തബൂക് യുദ്ധം, പ്രസാധകർ ദാറുൽകുതുബി ബേറൂത്ത് 2004).(വഫാഉൽവഫാ, വാള്യം 4, പേജ് 67, പ്ര സാധകർ അൽമക്തബത്തുൽ ഹഖ്ഖാനിയ്യ, പെ ശാവർ)

ഹദ്റത്ത് അബ്ദുല്ലായുടെ പിതാവായിരുന്നു ജദ്ദ ബിൻ ഖയ്സ്. ഒരിടത്ത് ഉസുദുൽ ഗാബയിൽ എഴുതിയിരിക്കുന്നു: അദ്ദേഹത്തെ കുറിച്ച് കപടത അനുമാനിക്കപ്പെട്ടു. ഇദ്ദേഹം ഹുദയ്ബിയായിൽ പങ്കെടുത്തിരുന്നു. എന്നാൽ, ആളുകൾ നബി(സ) തിരുമേനിക്ക് ബയ്അത്ത് ചെയ്തപ്പോൾ ഇയാൾ അതിൽ പങ്കെടുത്തിരുന്നില്ല. പിന്നീട് അദ്ദേഹം പ ശ്ചാത്തപിച്ചുമടങ്ങി എന്ന് പറയപ്പെടുന്നു. അദ്ദേ ഹം വഫാത്തായത് ഹദ്റത്ത് ഉഥ്മാന്റെ ഖിലാ ഫത്ത് കാലത്തായിരുന്നു. (ഉസുദുൽ ഗാബ, വാ ള്യം 1, പേജ് 521, ജദ്ദ ബിൻ ഖയ്സ്(റ) പ്രസാധകർ ദാറുൽ കുതുബുൽ ഇൽമിയ്യ ബേറൂത്ത് 2003)

ഹദ്റത്ത് ഹാരിഥ് ബിൻ ഔസ് ബിൻ മുആ ദ്(റ): ഇദ്ദേഹം ഔസ് ഗോത്രത്തിന്റെ നേതാവ് ഹദ്റത്ത് സഅ്ദ് ബിൻ മുആദിന്റെ സഹോദരപു ത്രനായിരുന്നു. ബദ്ർയുദ്ധത്തിലും ഉഹുദ് യു ദ്ധത്തിലും ഇദ്ദേഹം പങ്കെടുത്തു. ഇദ്ദേഹത്തെ ക്കുറിച്ചു പറയപ്പെടുന്നത് ഇരുപത്തിയെട്ടാം വയ സ്സിൽ ഉഹുദ് യുദ്ധത്തിൽ ശഹീദായെന്നാണ്. പ ക്ഷേ, മറ്റു ചില നിവേദനങ്ങളിൽനിന്ന് മനസ്സി ലാക്കാൻ സാധിക്കുന്നത് ഉഹുദ് യുദ്ധത്തിൽ ശ ഹീദായിട്ടില്ല എന്നാണ്. ഹദ്റത്ത് ആഇശ(റ)വി വരിക്കുന്നു:'ഞാൻ ഖൻദഖ് യുദ്ധാവസരത്തിൽ ആളുകളുടെ കാൽപാദങ്ങൾ പിന്തുടർന്ന് ഇറ ങ്ങി. ഞാൻ എന്റെ പിന്നിൽനിന്ന് ആരോവരുന്ന ശബ്ദം കേട്ടു. തിരിഞ്ഞു നോക്കിയപ്പോൾ അത് ഹദ്റത്ത് സഅ്ദ് ബിൻ മുആദായിരുന്നു. അദ്ദേഹ ത്തിന്റെ സഹോദരപുത്രൻ ഹാരിഥ് ബിൻ ഔസും കൂടെ ഉണ്ടായിരുന്നു. അദ്ദേഹം തന്റെ പരിച കൈയിൽ പിടിച്ചിരുന്നു.' ഇക്കാര്യം അദ്ദേഹം ഉഹുദിനുശേഷവും ജീവിച്ചിരുന്നുവെന്ന് തെളിയി ക്കുന്നതാണ്. (ഉസുദുൽ ഗാബ, വാള്യം 1, പേജ് 589, ഹാരിഥ് ബിൻ ഔസ് ബിൻ മുആദ്(റ), പ്ര സാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 2003). (മുസ്നദ് അഹ്മദ് ബിൻ ഹമ്പൽ, വാള്യം 8, പേജ് 256, ഹദീഥ് ആഇശ, പ്രസാധകർ ആലമുൽ കുതുബ് ബേറൂത്ത് 1998)

ഹദ്റത്ത് ഹാരിഥിനെക്കുറിച്ചു പറയപ്പെടുന്ന ത്, കഅ്ബ് ബിൻ അശ്റഫിനെ വധിച്ചവരുടെ കൂ ട്ടത്തിൽ ഇദ്ദേഹവും ഉൾപ്പെട്ടിരുന്നു എന്നാണ്. ആ ആക്രമണത്തിൽ അദ്ദേഹത്തിന്റെ കാലുകൾക്ക് മുറിവു പറ്റുകയും രക്തം ഒഴുകാൻ തുടങ്ങുകയും ചെയ്തു. അദ്ദേഹത്തിന്റെ കൂടെയുള്ളവർ അദ്ദേഹ ത്തെയുമെടുത്തു നബി(സ)തിരുമേനിയുടെ അടു ത്തുവന്നു. (സ്വഹീഹുൽ ബുഖാരി, കിതാബുൽ മഗാസി, ബാബു ഖത്ല കഅ്ബു ബിൻ അശ്റഫ്, ഹദീഥ് 4037). (അത്ത്വബക്കാത്തുൽ കുബ്റാ വാ ള്യം 3, പേജ് 334, വബ്നു അഖീഹുമാ, പ്രസാധ കർ ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 1990).

മദീനയിലെ നേതാക്കന്മാരിൽപ്പെട്ട ആളായി രുന്നു കഅ്ബ് ബിൻ അശ്റഫ്. നബി(സ)തി രുമേനിയുമായി ചെയ്ത ഉടമ്പടിയിൽപ്പെട്ടയാ ളായിരുന്നു. പക്ഷേ, ഉടമ്പടി ചെയ്ത് പിന്നീട് അയാൾ ഫിത്ന പരത്താൻ ശ്രമിച്ചു. അയാളെ വധിക്കാൻ നബി(സ)തിരുമേനി കല്പനകൊടു ത്തു. എന്തായാലും ഈ അവസരത്തിൽ ഹദ്റ ത്ത് ഹാരിഥിന് പരിക്കുപറ്റിയ സംഭവം, അതിന്റെ വിശദീകരണം ഉംദത്തുൽഖാരിയിൽ കൂടുതൽ വിശദീകരിച്ചു പറഞ്ഞിട്ടുള്ളത് ഇപ്രകാരമാണ്. മുഹമ്മദു ബിൻ മസ്ലമ തന്റെ കൂട്ടുകാരോടൊപ്പം കഅ്ബ് ബിൻ അശ്റഫിന്റേമേൽ ആക്രമണം നടത്തുകയും അയാളെ വധിക്കുകയും ചെയ്ത പ്പോൾ അദ്ദേഹത്തിന്റെ കൂട്ടുകാരനായ ഹദ്റത്ത് ഹാരിഥ് ബിൻ ഔസിന് വാളിന്റെ മുനകൊണ്ടു. അദ്ദേഹത്തിന് മുറിവേറ്റു. തന്റെ കൂട്ടുകാരുടെ വാ ളിന്റെ മുനകൊണ്ടു മുറിവുപറ്റി. അദ്ദേഹത്തിന്റെ കൂട്ടുകാർ അദ്ദേഹത്തെ എടുത്ത് വേഗം മദീന യിലെത്തി. നബി(സ)തിരുമേനിയുടെ സന്നിധി യിൽ ഹാജരായി. നബി(സ)തിരുമേനി ഹദ്റത്ത് ഹാരിഥ് ബിൻ ഔസിന്റെ മുറിവിൽ തന്റെ ഉമിനീ ര് പുരട്ടി. അതിനുശേഷം അദ്ദേഹത്തിന് ബുദ്ധി മുട്ടൊന്നും ഉണ്ടായില്ല. (ഉംദത്തുൽഖാരി വാള്യം 17, പേജ് 179, കിതാബുൽമഗാസി, ബാബു ഖതല കഅ്ബ് ബിൻ അശ്റഫ്, പ്രസാധകർ ദാറുൽകു തുബുൽഇൽമിയ്യ, ബേറൂത്ത് 2002)

കഅ്ബ് ബിൻ അശ്റഫിന് വധിച്ചതെന്തിനാ ണ്? അതിന്റെ അല്പം വിശദീകരണം ഒരു അവ സരത്തിൽ ഞാൻ പറഞ്ഞിട്ടുണ്ട്. ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ്(റ) എഴുതിയിട്ടുള്ള കൂടുതൽ വിശദീകരണം ഞാൻ പറയുകയാണ്. ചിലകാര്യങ്ങൾ പറഞ്ഞതുതന്നെയാണ്. 'കഅ്ബ് ബിൻ അശ്റഫ് മതപരമായി യഹൂദിയായിരുന്നു. പക്ഷേ, യഥാർഥത്തിൽ യഹൂദി വംശജനല്ലായി രുന്നു. മറിച്ച് അറേബ്യനായിരുന്നു. അയാളുടെ പിതാവ് അശ്റഫ് നഭാൻ ഗോത്രത്തിലെ ഉശി രനും ആരോഗ്യമുള്ളവനുമായ വ്യക്തിയായിരു ന്നു. അയാൾ മദീനയിൽവന്ന് ബനൂ നളീറുമായി ബന്ധങ്ങളുണ്ടാക്കി. പിന്നീട് അവരുടെ സഖ്യക ക്ഷിയിലായി. അവസാനം അയാൾ എത്രമാത്രം അധികാരവും സ്വാധീനവും ഉണ്ടാക്കിയെന്നാൽ ബനൂ നളീർ ഗോത്രത്തിന്റെ വലിയ റഈസായ അബൂ റാഫിഅ് ബിൻ അബീ അൽഹുഖയ്ഖ് തന്റെ മകളെ അയാൾക്ക് കെട്ടിച്ചുകൊടുത്തു. ഈ സ്ത്രീയുടെ വയറ്റിലാണ് കഅ്ബ് ജനിച്ച ത്. അയാൾ വലുതായി തന്റെ പിതാവിനെക്കാൾ സ്ഥാനം കരസ്ഥമാക്കി. അവസാനം അറേബ്യ യിലെ എല്ലാ യഹൂദികളും അയാളെ തങ്ങളുടെ നേതാവായി മനസിലാക്കാൻ തുടങ്ങി. കഅ്ബ് ഒരു സുമുഖനും ആരോഗ്യദൃഢഗാത്രനുമെന്നതി നു പുറമെ സംസാരിക്കാൻ നല്ല കഴിവുള്ള വ്യക്തി യുമായിരുന്നു. നല്ലവണ്ണം പ്രസംഗിക്കുമായിരുന്നു. നല്ലവണ്ണം സംസാരിക്കുമായിരുന്നു. കവിയുമായി രുന്നു. നല്ല സമ്പന്നനുമായിരുന്നു. തന്റെ ജനത യിലെ മതപണ്ഡിതന്മാരേയും മറ്റു സ്വാധീനമുള്ള വ്യക്തികളേയും പണം കൊടുത്ത് തന്റെ വരുതി യിലാക്കിയിരുന്നു. എന്നാൽ, സ്വഭാവപരമായി അങ്ങേയറ്റം മോശപ്പെട്ടയാളായിരുന്നു. ഗൂഢനീ ക്കങ്ങളിലും കുതന്ത്രങ്ങൾ മെനയുന്നതിലും നല്ല കഴിവ് കരസ്ഥമായിരുന്നു.

നബി(സ)തിരുമേനി മദീനയിലേക്കു ഹിജ്റ ത്തു ചെയ്തുവന്നപ്പോൾ കഅ്ബ് ബിൻ അശ്റഫ് മറ്റു യഹൂദികളോടൊപ്പം ചേർന്ന് ഉടമ്പടികളിൽ പങ്കെടുത്തു.' ഇങ്ങനെ വിശദമായി മിർസാ ബ ശീർ അഹ്മദ് സാഹിബ് എഴുതിയിട്ടുണ്ട്. ഞാൻ അതിൽനിന്ന് കുറച്ചു മാത്രമേ വിവരിക്കുന്നുള്ളു. എന്തായാലും അയാൾ ഈ ഉടമ്പടിയിൽ പങ്കെ ടുത്തു. 'അതു നബി(സ)തിരുമേനിക്കും യഹൂദി കൾക്കുമിടയിൽ പരസ്പര സൗഹാർദത്തേയും സമാധാനത്തേയും ശാന്തിയേയും കൂട്ടായ പ്രതി രോധത്തേയും സംബന്ധിച്ചുള്ളതായിരുന്നു. എ ന്നാൽ, കഅ്ബിന്റെ ഉള്ളിന്റെയുള്ളിൽ മുസ്ലിം കൾക്കെതിരെ വിദ്വേഷത്തിന്റേയും ശത്രുതയു ടേയും തീ എരിയാൻ തുടങ്ങി. ഉടമ്പടിയിൽ പങ്കുചേർന്നു പക്ഷേ, അയാളുടെ മനസ്സിൽ വിള്ള ലുണ്ടായിരുന്നു. കപടത ഉണ്ടായിരുന്നു. ശത്രുത ഉണ്ടായിരുന്നു. പകയും വിദ്വേഷവും ഉണ്ടായിരു ന്നു. ഇക്കാരണത്താൽ ആ തീയിൽ അയാൾ എരി യുകയായിരുന്നു. ആ വെറുപ്പും വിദ്വേഷവും കാര ണത്താൽ അയാൾ രഹസ്യമായ നിലയിൽ ഗൂഢ തന്ത്രങ്ങളോടുകൂടി ഇസ്ലാമിനേയും നബി(സ)

തിരുമേനിയേയും എതിർക്കാൻ തുടങ്ങി. എഴുതിയിരിക്കുന്നു, കഅ്ബ് എല്ലാ വർഷവും യഹൂദി ഉലമാക്കൾക്കും ശേയ്ഖന്മാർക്കും ധാരാളം ദാന ധർമങ്ങൾ കൊടുത്തിരുന്നു. പക്ഷേ, നബി(സ)തിരുമേനിയുടെ ഹിജ്റത്തിനുശേഷം ഇക്കൂട്ടർ തങ്ങളുടെ വാർഷിക സ്റ്റൈഫന്റ് വാങ്ങുന്നതിനുവേണ്ടി അയാളുടെ അടുത്തു ചെന്നപ്പോൾ സംസാരത്തിന്നിടയിൽ അയാൾ നബി(സ)തിരുമേനിയെ കുറിച്ച് പറഞ്ഞു. നിങ്ങളുടെ മതഗ്രന്ഥമനുസരിച്ച് ഈ വ്യക്തി സത്യവാനാണോ അല്ലേ? എന്നു അവരോടു ചോദിച്ചു. അവർ പറഞ്ഞു: 'ബാഹ്യമായി നോക്കുമ്പോൾ നമ്മളോടു വാഗ്ദാനം ചെയ്ത വ്യക്തിയാണിതെന്ന് മനസ്സിലാകുന്നു.' വെറുപ്പും വിദ്വേഷവും വെച്ചു പുലർത്തിയിരുന്ന അയാൾ ഈ മറുപടി കേട്ട് അവരുമായി തെറ്റി. അവരെ ചീത്തപറയാൻ തുടങ്ങി. അവർക്ക് കൊടുത്തിരുന്ന സ്റ്റൈഫണ്ടുകളും ദാനധർമങ്ങളും കൊടുത്തതുമില്ല. യഹൂദി ഉലമാക്കളുടെ ജീവിതമാർഗം മുട്ടിയപ്പോൾ കുറച്ചു കാലത്തിനുശേഷം അവർ വീണ്ടും കഅ്ബിന്റെ അടുത്തുപോയി. തങ്ങൾക്ക് അടയാളം നോക്കിമനസിലാക്കുന്നതിൽ തെറ്റുപറ്റി പോയതാണെന്ന് പറഞ്ഞു. 'തങ്ങൾ ചിന്തിച്ചു നോക്കിയപ്പോൾ മുഹമ്മദ് വാഗ്ദാനം ചെയ്യപ്പെട്ട നബിയല്ലെന്ന് കണ്ടു.' എന്തായാലും ഈ മറുപടിയോടെ കഅ്ബിന്റെ പ്രശ്നം പരിഹരിക്കപ്പെട്ടു. അയാൾ സന്തോഷത്തോടുകൂടി അവർക്ക് ദാന ധർമങ്ങൾ കൊടുത്തു. അവരുടെ പ്രശ്നവും പരിഹരിക്കപ്പെട്ടു. ഇതൊരു മതപരമായ എതിർപ്പായിരുന്നു.' ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ് എം.എ എഴുതിയത് ശരിയാണ്, അതൊരു മതപരമായ എതിർപായിരുന്നു. ഈ മതപരമായ എതിർപിന് ശക്തമായ നടപടി എടുക്കേണ്ട കാര്യമൊന്നുമില്ല. കഅ്ബിനെ ആക്ഷേപത്തിന് വിധേയനാക്കേണ്ട ആവശ്യവുമില്ല. 'യാഥാർഥ്യമെന്താണെന്നാൽ അതിനുശേഷം കഅ്ബിന്റെ എതിർപ കൂടുതൽ അതിരുകടന്നുപോയി. അവസാനം ബദ്ർ യുദ്ധത്തിനുശേഷം അയാൾ കഠിനമായ കുഴപ്പങ്ങളും കലഹങ്ങളും ഉണ്ടാക്കുന്ന രീതി സ്വീകരിച്ചു. മുസ്ലീംകൾക്ക് ഭയാനകമായ അവസ്ഥകൾ നേരിടേണ്ടിവന്നു. മുസ്ലീംകളുടെ ആത്മീയാവേശം താൽക്കാലികമാണെന്നായിരുന്നു അയാൾ ആദ്യം മനസ്സിലാക്കിയിരുന്നത്. അത് പെട്ടെന്ന് അവസാനിക്കുമെന്നും അയാൾ കരുതി. അവർ തങ്ങളുടെ മതത്തിലേക്ക് തിരിച്ചുവരുമെന്നും ധരിച്ചു. പക്ഷേ, ബദ്ർ യുദ്ധത്തിൽ അസാധാരണമായ വിജയമുണ്ടാകുകയും ഖുറയ്ശിയിലെ മിക്ക നേതാക്കന്മാരും വധിക്കപ്പെടുകയും ചെയ്തപ്പോൾ അയാൾക്ക് ചിന്ത ഉണ്ടാകുകയും ഇസ്ലാമിനെ നശിപ്പിക്കാനും ഉന്മൂലനം ചെയ്യാനും തന്റെ മുഴുവൻ ശ്രമവും നടത്തുകയും ചെയ്തു. അയാളുടെ മനസ്സിലുള്ള അസൂയയും വെറുപ്പും ആദ്യമായി പ്രകടമായത് ബദ്ർ യുദ്ധ അവസരത്തിലായിരുന്നു. മക്കയിലെ സത്യനിഷേധികളുടെമേൽ തങ്ങൾക്കു വിജയം കിട്ടി എന്ന് ആളുകൾ വന്ന് പറഞ്ഞപ്പോഴായിരുന്നു അത്. ഇതെല്ലാം കളവാണെന്നും തെറ്റായ വാർത്തയാണെന്നും അയാൾ ഉച്ചത്തിൽ പറഞ്ഞു. എന്തായാലും പറഞ്ഞതുപോലെ ഈ വാർത്ത ശരിയാണെന്ന് സ്ഥാപിതമായതിനുശേഷം അയാളുടെ കോപവും ദ്വേഷവും കൂടുതൽ ജ്വലിച്ചു. ബദ്ർയുദ്ധ വിജയത്തിനുശേഷം മുസ്ലിംകൾ തിരിച്ചുവന്നപ്പോൾ അയാൾ മക്കയിൽ പോയി തന്റെ വാക്ചാതുര്യവും പ്രസംഗങ്ങളും കവിതകളുംകൊണ്ട് ഖുറയ്ശികളുടെ ഹൃദയങ്ങളിൽ അമർന്നുകിടന്നിരുന്ന മുസ്ലിംകളോടുള്ള പ്രതികാരാഗ്നി ആളിക്കത്തിക്കാൻ ശ്രമിച്ചു. അവരുടെ മനസുകളിൽ മുസ്ലീംകളുടെ രക്തത്തിനുവേണ്ടിയുള്ള ഒരിക്കലും ശമിക്കാത്ത ദാഹം ഉണ്ടാക്കി. അവരുടെ നെഞ്ചകങ്ങളെ വികാരങ്ങളും പ്രതികാരങ്ങളുംകൊണ്ടു നിറച്ചു. കഅ്ബിന്റെ പ്രകോപനപരമായ സംസാരംകൊണ്ട് അവരുടെ ബോധങ്ങളിൽ അങ്ങേയറ്റത്തെ ശക്തിയുണ്ടായി. വൈദ്യുതിപ്രവാഹമുണ്ടായി. അപ്പോൾ അയാൾ അവരെ കഅ്ബദേവാലയത്തിന്റെ മുറ്റത്തുകൊണ്ടുപോയി കഅ്ബയുടെ കില്ല അവരുടെ കൈയിൽ കൊടുത്തു. ഇസ്ലാമിനേയും ഇസ്ലാമിന്റെ സ്ഥാപകരേയും ഉന്മൂലനം ചെയ്യുന്നതുവരെ സ്വസ്ഥമായി ഇരിക്കുകയില്ലെന്ന് അവരെക്കൊണ്ട് സത്യം ചെയ്യിച്ചു.' പറയുന്നു: 'അയാളുടെ ഈ പണികൾകൊണ്ട് മക്കയിൽ അഗ്നി പർവ്വതം പൊട്ടാൻ പോകുന്ന പ്രതീതിയുണ്ടായി. പിന്നീട് അയാൾ മറ്റു ഗോത്രക്കാരിലേക്കും തിരിഞ്ഞു. എല്ലാ ജനതയിലുമെത്തി മുസ്ലിംകൾക്കെതിരിൽ പ്രകോപനമുണ്ടാക്കി. മുസ്ലിം സ്ത്രീകളെക്കുറിച്ച് വളരെ നീചവും അസഭ്യവുമായ പരാമർശങ്ങൾ നടത്തി. ഏതുവരെയെന്നാൽ നബികുടുംബത്തിലെ വനിതകളെയും അസഭ്യം നിറഞ്ഞ കവിതകൾക്ക് കുറിമാനമാക്കുകയും നബി(സ) തിരുമേനിയെ വധിക്കാൻപോലും ഗൂഢാലോചന നടത്തുകയും ചെയ്തു. ഏതെങ്കിലും സൽക്കാരത്തിനു തന്ത്രപൂർവം നബി(സ)തിരുമേനിയെ വിളിച്ചുവരുത്തി കുറച്ചു യഹൂദി യുവാക്കളെക്കൊണ്ട് കൊല്ലിക്കാൻ പദ്ധതി ആസൂത്രണം ചെയ്തു. എന്നാൽ, അല്ലാഹുവിന്റെ അനുഗ്രഹത്താൽ കൃത്യ സമയത്ത് അറിഞ്ഞതുകൊണ്ട് അത് വിജയിച്ചില്ല.

സ്ഥിതിഗതികൾ ഇത്രത്തോളമെത്തുകയും കഅ്ബിനെതിരെ കരാർലംഘനം, നിയമലംഘനം, യുദ്ധത്തിനു പ്രേരിപ്പിക്കൽ, കലഹമുണ്ടാക്കൽ, അസംഭ്യം പറയൽ, വധശ്രമം എന്നീ കുറ്റങ്ങൾ തെളിവുസഹിതം പ്രകടമാകുകയും ചെയ്തയപ്പോൾ, നബി(സ)തിരുമേനി മദീനയിൽ വന്നപ്പോൾ മദീനയിലെ ജനങ്ങളുമായി അന്താരാഷ്ട്ര ഉടമ്പടി ചെയ്യുകയും തൽഫലമായി ജനാധിപത്യ ഭരണം നിലവിൽ വരികയും അവിടന്ന് അതിന്റെ പ്രസിഡന്റും ഭരണാധികാരിയും ആകുകയും ചെയ്തിരുന്നതുകാരണത്താൽ കഅ്ബ് ബിൻ അശ്റഫിന്റെ കൃത്യങ്ങൾ കാരണമായി അയാൾ വധശിക്ഷക്കർഹനാണെന്നു വിധിച്ചു. തന്റെ സ്വഹാബാക്കളോടു അയാളെ വധിക്കാൻ ഉത്തരവിട്ടു. എന്നാൽ, അയാളുടെ ആധിപത്യവും ജനങ്ങളുടെ ഇടയിലുള്ള സ്വാധീനവും കാരണത്താൽ പരസ്യമായ ശിക്ഷ നടപ്പാക്കിയാൽ മദീനയിൽ ആഭ്യന്തരകലഹം പൊട്ടിപുറപ്പെടാൻ സാധ്യതയുള്ളതുകൊണ്ട് അയാളെ രഹസ്യമായി വധിക്കാൻ സ്വഹാബാക്കൾക്ക് നിർദേശം നൽകി. അവിടന്ന് ഈ ദൗത്യം നിർവ്വഹിക്കാൻ ഔസ് ഗോത്രത്തിലെ ആത്മാർഥനായ ഒരു സ്വഹാബി മുഹമ്മദ് ബിൻ മസ്ലമയെ ചുമതലപ്പെടുത്തി. ഏതു മാർഗം സ്വീകരിച്ചാലും ഔസ് ഗോത്രത്തിന്റെ റഈസായ സഅ്ദ് ബിൻ മുആദിന്റെ അഭിപ്രായം അനുസരിച്ചായിരിക്കണം നടപ്പിൽ വരുത്തേണ്ട തെന്നും അദ്ദേഹത്തിനോടു പറഞ്ഞു. അപ്പോൾ മുഹമ്മദ് ബിൻ മസ്ലമ പറഞ്ഞു:അല്ലാഹുവിന്റെ റസൂലേ! രഹസ്യമായി വധിക്കുന്നതിന് എന്തെങ്കിലും തന്ത്രങ്ങൾ ഉണ്ടാക്കേണ്ടതായി വരും. അതിന്റെ സഹായത്താലാകും കഅ്ബിനെ വീട്ടിൽനിന്ന് വിളിച്ചിറക്കി വധിക്കാൻ കഴിയുക. നബി(സ)തിരുമേനി പറഞ്ഞു: അതു ശരി!(ഏതുമാർഗമാണോ താങ്കൾ ചെയ്യാനാഗ്രഹിക്കുന്നത് ചെയ്തുകൊള്ളുക)അങ്ങനെ സഅ്ദ് ബിൻ മുആദിന്റെ അഭിപ്രായ പ്രകാരം മുഹമ്മദ് ബിൻ മസ്ലമ, അബൂനാഇലയേയും രണ്ടുമൂന്നു സ്വഹാബിമാരേയും ഒപ്പം കൂട്ടി കഅ്ബിന്റെ വീട്ടിലെത്തി. അയാളോടു പറഞ്ഞു: ഞങ്ങളുടെ സാഹിബ് അതായത് മുഹമ്മദു(സ) ഞങ്ങളിൽനിന്ന് സ്വദഖഃ ചോദിച്ചിരിക്കുന്നു. ഇപ്പോൾ ഞങ്ങൾ വളരെ ഞെരുക്കത്തിലാണ്. താങ്കൾക്കു കുറച്ചു കടം തരാൻ കഴിയുമോ? ഇതുകേട്ട് അയാൾ വളരെ സന്തോഷിച്ചു. പറഞ്ഞു:നിങ്ങൾ ആ വ്യക്തിയിൽനിന്ന് ഉണരുകയും അയാളെ കൈവിടുകയും ചെയ്യുന്ന കാലം വിദൂരമല്ല. അപ്പോൾ മുഹമ്മദ് മറുപടി നല്കി: എന്തായാലും ഞങ്ങൾ മുഹമ്മദി(സ)നെ പിൻപറ്റി കഴിഞ്ഞിരിക്കുകയാണ്. ഈ ജമാഅത്തിന്റെ പര്യവസാനം എന്തായിരിക്കുമെന്നാണ് ഞങ്ങൾ നോക്കുന്നത്. താങ്കൾ കടം തരുമോ എന്ന് പറയുക. കഅ്ബ് പറഞ്ഞു: പണം ഞാൻ തരാം. പക്ഷേ, കുറച്ചു സാധനങ്ങൾ പണയം വെക്കണം. അവർ ചോദിച്ചു, എന്താണ് പണയം വെക്കേണ്ടത്? ആ ദുഷ്ടൻ ആദ്യം പറഞ്ഞ കാര്യം നിങ്ങളുടെ ഭാര്യമാരെ പണയം വെക്കാനാണ്. നിന്നെപ്പോലുള്ള മനുഷ്യന്റെ കൈയിൽ ഞങ്ങൾ ഞങ്ങളുടെ ഭാര്യമാരെ പണയം വെക്കണമെന്നോർത്ത് അവർക്ക് ദ്വേഷം വന്നു. അയാൾ പറഞ്ഞു, ഇല്ലെങ്കിൽ മക്കളെ വെക്കുക. അതും നടക്കുകയില്ലെന്ന് അവർ പറഞ്ഞു. മുഴുവൻ അറബികളുടേയും കുത്തുവാക്ക് ഞങ്ങൾക്ക് തലയിലേറ്റാൻ കഴിയില്ല. താങ്കൾ ഇഷ്ടപ്പെടുകയാണെങ്കിൽ ഞങ്ങളുടെ ആയുധങ്ങൾ പണയം വെക്കാൻ തയ്യാറാണ്. കഅ്ബ് അതു സമ്മതിച്ചു. രാത്രി വരാമെന്ന് പറഞ്ഞ് മുഹമ്മദ് ബിൻ മസ്ലമയും അദ്ദേഹത്തിന്റെ കൂട്ടുകാരും മടങ്ങിപ്പോയി. രാത്രിയായപ്പോൾ ഇവർ പരസ്യമായി തങ്ങളുടെ ആയുധവുമായെത്തി. അയാളെ വിളിച്ച് വീട്ടിൽനിന്ന് വെളിയിൽ കൊണ്ടുവന്നു. അയാളെ കീഴടക്കി. പിന്നീട് അവർ അയാളെ വധിച്ചു. വധിച്ചു കഴിഞ്ഞപ്പോൾ ഹാരിഥിനെ കുറിച്ച് പറയുന്നു, അദ്ദേഹത്തിന് മുറിവു പറ്റി. അദ്ദേഹത്തിന് സ്വന്തമാളുകളുടെതന്നെ വാളുകൊണ്ടതാണ്. അയാളെ വധിച്ചതിനുശേഷം നബി(സ)തിരുമേനിയുടെ അടുത്തുവന്ന് വിവരം അറിയിച്ചു.

നേരം വെളുത്തപ്പോൾ കഅ്ബിന്റെ വധത്തെക്കുറിച്ചുള്ള വാർത്ത നഗരത്തിൽ പരന്നു. യഹൂദികളൊന്നടങ്കം ദ്വേഷത്താൽ എന്തിനും തയ്യാറായി. രണ്ടാം ദിവസം അവരുടെ ഒരു സംഘം നബി(സ) തിരുമേനിയുടെ അടുത്ത് വന്ന് പരാതിപ്പെട്ടു: ഞങ്ങളുടെ നേതാവ് കഅ്ബ് ബിൻ അശ്റഫ് വധിക്കപ്പെട്ടിരിക്കുന്നു.' നബി(സ)തിരുമേനി ഇതുകേട്ട്, തനിക്കറിയില്ല എന്നു പറഞ്ഞില്ല. മറിച്ച് പറഞ്ഞതിങ്ങനെയാണ്: 'കഅ്ബ് ഏതെല്ലാം കുറ്റങ്ങൾക്കാണ് കാരണക്കാരൻ എന്നു നിങ്ങൾക്കറിയാമല്ലോ. പിന്നീട് അവിടന്ന് മൊത്തത്തിൽ കഅ്ബിന്റെ കരാർ ലംഘനം, യുദ്ധത്തിനു പ്രേരിപ്പിക്കൽ, കലഹമുണ്ടാക്കൽ, അസഭ്യം പറയൽ, വധശ്രമം തുടങ്ങിയ ചെയ്തികളെക്കുറിച്ച് ഓർമിപ്പിച്ചു.' അതുകേട്ട് അവർ ഭയന്ന് നിശബ്ദരായി. കാര്യം ശരിതന്നെയാണെന്നും അയാൾക്കു നൽകേണ്ട ശിക്ഷ അതുതന്നെയായിരുന്നുവെന്നും അവർക്കു ബോധ്യമായി. പിന്നീട് നബി(സ)തിരുമേനി അവരോടു പറഞ്ഞു:'കുറഞ്ഞ പക്ഷം ഭാവിയിലേക്കുവേണ്ടി നിങ്ങൾ സമാധാനത്തിനും സഹകരണത്തിനും ഉടമ്പടി ചെയ്യുകയും ശത്രുതയുടേയും കുഴപ്പങ്ങളുടേയും കലഹങ്ങളുടേയും വിത്തു വിതയ്ക്കാതിരിക്കുകയും ചെയ്യേണ്ടതാണ്. അങ്ങനെ യഹൂദികളുടെ സമ്മതത്തോടെ ഒരു പുതിയ ഉടമ്പടി എഴുതപ്പെട്ടു. യഹൂദികൾ മുസ്ലീംകളുമായി ചേർന്ന് സമാധാനത്തോടും ശാന്തിയോടുംകൂടി വസിക്കുമെന്നും കുഴപ്പങ്ങളിൽനിന്നും കലാപങ്ങളിൽനിന്നും അകന്നിരിക്കുമെന്നുമുള്ള പുതിയ വാഗ്ദാനം ചെയ്തു. ഈ ഉടമ്പടി ഹദ്റത്ത് അലി(റ)യെ ഏല്പിച്ചു. അതിനുശേഷം എപ്പോഴെങ്കിലും കഅ്ബ് ബിൻ അശ്റഫിന്റെ വധത്തെ സംബന്ധിച്ച് യൂഹൂദികൾ മുസ്ലീംകളുടെമേൽ ആക്ഷേപം ഉന്നയിച്ചിരുന്നതായി ചരിത്രത്തിൽ എവിടേയും രേഖപ്പെടുത്തിയിട്ടില്ല. കാരണം കഅ്ബിന് തന്റെ കർമത്തിന് അർഹമായ ശിക്ഷയാണ് കിട്ടിയതെന്ന് അവർക്കറിയാമിയിരുന്നു.'

ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ് എഴുതുന്നു:'നബി(സ)തിരുമേനി അനാവശ്യമായി മിന്നലാക്രമണത്തിലൂടെ ഒരു കൊല നടത്തിക്കുകയുണ്ടായെന്നും അതൊരു തെറ്റായ കാര്യമായിരുന്നുവെന്നും പാശ്ചാത്യ ചരിത്രകാരന്മാർ ആക്ഷേപമുന്നയിക്കാറുണ്ട്.' അദ്ദേഹം എഴുതുന്നു: 'ഇത് അനുവദനീയമല്ലാത്ത വധമായിരുന്നില്ല. കാരണം കഅ്ബ് ബിൻ അശ്റഫ് നബി(സ)തിരുമേനിയുമായി സമാധാന ഉടമ്പടി ചെയ്തു കഴിഞ്ഞ ആളാണ്. മുസ്ലീംകൾക്കെതിരിൽ നടപടി സ്വീകരിക്കുകയില്ലെന്നു മാത്രമല്ല പുറത്തുനിന്നുള്ള ഏതു ആക്രമണം ഉണ്ടായാലും മുസ്ലീം

EDITOR
H.Shamsuddin

Sub Editor : Mohammad Ismaeel
Mobile : 91 9446656123
e-mail : badarkerla@gmail.com

REGISTERED WITH THE REGISTRAR OF THE NEWSPAPER FOR INDIA AT NO PUNMAL/2016/70551

ബദ്ർ വീക്കിലി ഖാദിയാൻ The Weekly **BADAR** Qadian
Distt. Gurdaspur (Pb.) INDIA Qadian - 143516

POSTAL REG NO GDP- 44/2017-2019 Vol-4 Thursday 17 January 2019 Issue-3

MANAGER
NAWAB AHMAD
Tel : 91 1872224757
Mobile: 91 9417020616
e-mail : managerbadrqnd@gmail.com
website : www.alislam.org/badr

**ANNUAL SUBSCRIPTION** : Rs. 500/- (Per Issue : Rs. 9/-) (**WEIGHT** - 20-50 gms/issue)

കളെ സഹായിക്കുമെന്നും മുസ്‌ലീംകളുമായി സുഹൃത്ത് ബന്ധങ്ങൾ നിലനിറുത്തുമെന്നും അയാൾ ഉടമ്പടി ചെയ്തിരുന്നു. അയാൾ ഈ ഉടമ്പടിയുടെ അടിസ്ഥാനത്തിൽ മദീനയിൽ സ്ഥാപിക്കപ്പെട്ട ജനാധിപത്യ സർക്കാറിന്റെ പ്രസിഡന്റ് നബി(സ)തിരുമേനിയായിരിക്കുമെന്നും ഏതുതരത്തിലുള്ള തർക്കങ്ങളുടേയും വിധി സ്വീകരിക്കേണ്ടത് നിർബന്ധമായിരിക്കുമെന്നും സമ്മതിച്ചിട്ടുള്ളതുമാണ്.' ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ് എഴുതുന്നു: 'ഈ ഉടമ്പടിയുടെ അടിസ്ഥാനത്തിൽ യഹൂദികൾ തങ്ങളുടെ കേസുകൾ നബി(സ)തിരുമേനിയുടെ മുമ്പിൽ അവതരിപ്പിച്ച് പരിഹാരം തേടിയിരുന്നതായി ചരിത്രത്തിൽനിന്ന് തെളിയുന്നുണ്ട്. നബി(സ)തിരുമേനി അവരിൽ വിധികൾ നടത്തിയിരുന്നു. ഈ അവസ്ഥകൾ ഉണ്ടായിരുന്നിട്ടും കഅ്ബ് എല്ലാ ഉടമ്പടിയും പ്രതിജ്ഞയും അവഗണിച്ചു പിന്തള്ളിക്കളഞ്ഞു. മുസ്‌ലീംകളോടു എന്നല്ല സർക്കാറിനോടും വഞ്ചന കാണിച്ചു. ഇവിടെ മുസ്‌ലീംകളോടു വഞ്ചന കാണിച്ചതല്ല പ്രശ്നം. അയാൾ സർക്കാറിനോടാണ് വഞ്ചനകാണിച്ചത്. കാരണം നബി(സ)തിരുമേനി ഭരണത്തലവനായിരുന്നു. അയാൾ മദീനയിൽ കുഴപ്പങ്ങളുടേയും കലഹങ്ങളുടേയും വിത്തു വിതയ്ക്കുകയും രാജ്യത്ത് ആഭ്യന്തര യുദ്ധം സൃഷ്ടിക്കാൻ ശ്രമിക്കുകയും ചെയ്തു. മുസ്‌ലീംകൾക്കെതിരിൽ ഭയാനകമായ നിലയിൽ പ്രകോപനമുണ്ടാക്കുകയും മുസ്‌ലിം സ്ത്രീകളുടെമേൽ ബലാൽക്കാരം ചെയ്യുന്നതിന് പ്രേരിപ്പിക്കുന്ന കവിതകൾ രചിക്കുകയും ചെയ്തു. പിന്നീട് നബി(സ)തിരുമേനിയെ വധിക്കാൻ ഗൂഢാലോചനനടത്തി. മുസ്‌ലീംകൾ ആദ്യംമുതലെ നാലുഭാഗത്തുനിന്നും വിപത്തുകളിൽ അകപ്പെടുകയും അവർക്ക് കഠിനതരമായ അവസ്ഥകൾ നേരിടേണ്ടി വരികയും ചെയ്ത സന്ദർഭത്തിലായിരുന്നു അയാൾ ഇതെല്ലാം ചെയ്തു കൂട്ടിയത്. ഈ അവസ്ഥയിൽ കഅ്ബിന്റെ കുറ്റകൃത്യം എന്നല്ല അയാളുടെ കുറ്റകൃത്യങ്ങളുടെകൂട്ടം അയാൾക്കെതിരിൽ എന്തെങ്കിലും നടപടി സ്വീകരിക്കേണ്ടത് നിർബന്ധമാക്കിത്തീർത്തിരുന്നു.'

ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ് എഴുതുന്നു: സംസ്കാരസമ്പന്നരെന്നു പറയപ്പെടുന്ന രാജ്യങ്ങളിൽ ഇന്ന് നിയമലംഘനം, കരാർലംഘനം, യുദ്ധത്തിനു പ്രേരിപ്പിക്കൽ, ഗൂഢാലോചന ചെയ്തുള്ള വധശ്രമം മുതലായ കുറ്റകൃത്യങ്ങൾ ചെയ്യുന്നവർക്ക് വധശിക്ഷയാണ് നൽകാറുള്ളത്. പിന്നെ ആക്ഷേപമെന്തിനാണ്?

പിന്നീടുള്ള ചോദ്യം വധിച്ച രീതിയെ കുറിച്ചാണ്; അയാളെ രഹസ്യമായി രാത്രിയിൽ എന്തിനാണ് വധിച്ചത്? ഇതിനെ സംബന്ധിച്ച് മിർസാ ബശീർ അഹ്മദ് സാഹിബ്(റ) പറയുന്നു: 'അറേബ്യയിൽ ആ നേരത്ത് ഔദ്യോഗികമായി ഒരു ഭരണവും ഇല്ലായിരുന്നു എന്ന കാര്യം ഓർക്കേണ്ടതാണ്. ഒരു നേതാവിനെ നിശ്ചയിച്ചിട്ടുണ്ടായിരുന്നു. പക്ഷേ, കേവലം അദ്ദേഹത്തിന്റെ വിധി മാത്രമായിരുന്നില്ല. പ്രത്യുത സ്വയം വിധിക്കാൻ ആഗ്രഹിച്ചാൽ, ഓരോ വ്യക്തിയും ഓരോ ഗോത്രവും സ്വതന്ത്രരും സ്വയം അധികാരികളുമായിരുന്നു. മൊത്തമായ നിലയിൽ സംഘടിതമായ വിധിയാണെങ്കിൽ നബി(സ) തിരുമേനിയുടെ അടുക്കൽ വരുമായിരുന്നു. സ്വന്തമായ നിലയിൽ ഗോത്രങ്ങൾ വിധിക്കുകയാണെങ്കിൽ അതും നടപ്പിൽ വന്നിരുന്നു. അത്തരം അവസ്ഥയിൽ കഅ്ബിന്നെതിരിൽ കേസുകൊടുത്ത് ഔദ്യോഗികമായി വധശിക്ഷ കരസ്ഥമാക്കാൻ ഏതു കോടതിയാണുണ്ടായിരുന്നത്? യഹൂദികളോടാണോ പരാതിപ്പെടേണ്ടിയിരുന്നത്? അവരുടെ നേതാവുതന്നെ മുസ്‌ലിംകളോടു വഞ്ചന കാണിച്ചുകഴിഞ്ഞിരുന്നു. അക്കാലത്ത് ഫിത്നകൾ ഉണ്ടായിക്കൊണ്ടേയിരുന്നുവല്ലോ. അതുകൊണ്ട് യഹൂദികളുടെ അടുത്തുപോകുന്ന പ്രശ്നംതന്നെ ഉണ്ടായിരുന്നില്ല. സുലയിം ഗോത്രത്തോടും ഗത്വഫാൻ ഗോത്രത്തോടും പരിഹാരം തേടാറുണ്ടായിരുന്നു. അവരാണെങ്കിൽ കഴിഞ്ഞ കുറച്ചുമാസത്തിനുള്ളിൽ മൂന്നുനാലുവട്ടം മദീനയെ ആക്രമിക്കാൻ തയ്യാറെടുക്കുകയും ചെയ്തിരുന്നു. അവരും അയാളുടെ ഗോത്രമായിരുന്നു. അപ്പോൾ അവരിൽനിന്ന് നീതി ലഭിക്കുമായിരുന്നില്ല.' അദ്ദേഹം എഴുതുന്നു: അക്കാലത്തെ അവസ്ഥയെക്കുറിച്ച് ചിന്തിക്കുക. മുസ്‌ലിംകൾക്ക് ഇതല്ലാതെ സ്വീകരിക്കാൻ മറ്റെന്ത് മാർഗമാണുണ്ടായിരുന്നതെന്ന് ആലോചിക്കുക. ഒരാളുടെ പ്രകോപനപരമായ പ്രവർത്തനവും യുദ്ധത്തിനുള്ള ആഹ്വാനവും കലാപങ്ങൾ ഉണ്ടാക്കാനുള്ള ശ്രമവും വധഗൂഢാലോചനയും കാരണത്താൽ അയാളുടെ ജീവിതത്തെ തനിക്കുവേണ്ടിയും രാജ്യത്തിന്റെ സമാധാനത്തിനുവേണ്ടിയും, സ്വയം സംരക്ഷണത്തിനു വേണ്ടിയും അവസരം പാത്ത് വധിക്കുന്നു. കാരണം നിരവധി പ്രജകളുടെ ജീവൻ അപകടത്തിലാകുകയും രാജ്യത്തിലെ സമാധാനം നശിക്കുകയും ചെയ്യുന്നതിനേക്കാൾ ഉത്തമമായിരുന്നു അത്തരം ദ്രോഹിയായ, കലാപകാരിയായ ഒരു വ്യക്തി വധിക്കപ്പെടുന്നത്. അല്ലാഹു പറയുന്നതും ഫിത്ന, കൊലയേക്കാൾ വലുതാണെന്നാണ്.

എന്തായാലും ഹിജ്റത്തിനുശേഷം മുസ്‌ലിംകൾക്കും യഹൂദികൾക്കുമിടയിൽ ഉണ്ടായിരുന്ന ആ ഉടമ്പടിയുടെ അടിസ്ഥാനത്തിൽ നബി(സ) തിരുമേനിക്ക് ഒരു സാധാരണ പൗരന്റെ സ്ഥാനമല്ലായിരുന്നു ഉണ്ടായിരുന്നത്. മറിച്ച്, അവിടന്ന് മദീനയിൽ സ്ഥാപിതമായ ആ ജനാധിപത്യഭരണത്തിന്റെ പ്രസിഡന്റായി നിശ്ചയിക്കപ്പെട്ടിരുന്നു; എല്ലാ വഴക്കുകൾക്കും രാഷ്ട്രീയകാര്യങ്ങൾക്കും വിധി പുറപ്പെടുവിക്കാനുള്ള അധികാരം അദ്ദേഹത്തിന് നല്കപ്പെട്ടിരുന്നു. അതിനാൽ, അദ്ദേഹം രാജ്യത്തിന്റെ സമാധാനത്തിനുവേണ്ടി കഅ്ബിന്റെ നടപടി കാരണത്താൽ അയാളെ വധാർഹനാണെന്ന് വിധിച്ചു. അതിനാൽ ഇത് ആക്ഷേപാർഹമായ കാര്യമല്ല. അതുകൊണ്ട് 1300 വർഷത്തിനുശേഷം ഇസ്‌ലാമിനുമേൽ ആക്ഷേപം ഉന്നയിക്കുന്നവരുടെ ഈ ആക്ഷേപം തികച്ചും പൊള്ളയാണ്. കാരണം ആ നേരത്ത് യഹൂദികൾ നബി(സ) തിരുമേനിയുടെ വാക്കുകൾ കേട്ട് ഒരാക്ഷേപവും ഉന്നയിച്ചിരുന്നില്ല; ഒരിക്കലും ഉന്നയിച്ചിരുന്നില്ല.' (സീറത്തുഖാത്തമുന്നബിയ്യീൻ, ഹദ്റത്ത് മിർസാ ബശീർ അഹ്മദ്(റ), പേജ് 462–463)

ഇതായിരുന്നു അയാളുടെ അവസ്ഥ. ഹദ്റത്ത് ഹാരിഥ് ബിൻ ഔസ് ബിൻ മുആദിനെ കുറിച്ചും പറഞ്ഞിരുന്നു. ഇദ്ദേഹവും ആ വധത്തിൽ പങ്കാളിയായിരുന്നു. അയാളെ വധിക്കാൻ അയച്ച ടീമിലുണ്ടായിരുന്നു. നബി(സ)തിരുമേനിയുടേയും ഇസ്‌ലാമിന്റേയുംമേൽ ഭീകരാരോപണം നടത്തുന്നവരുടെ ആരോപണവും തെറ്റാണ്. അയാൾ ശിക്ഷക്കർഹനായിരുന്നു. നബി(സ)തിരുമേനി ഭരണാധികാരി എന്ന നിലയിൽ അയാളെ ശിക്ഷിച്ചു. ഇന്ന് ഈ സംഭവങ്ങളിൽ ഞാൻ അവസാനിപ്പിക്കുകയാണ്.

അല്ലാഹു എപ്പോഴും ഇസ്‌ലാമിനേയും ഈ ഫിത്നകളിൽനിന്ന് രക്ഷിക്കുമാറാകട്ടെ. ഇക്കാലത്ത് മുസ്‌ലിംകളുടെ അവസ്ഥയും ഇതുതന്നെയാണ്. ഈ പഴയ കാര്യങ്ങളിൽനിന്ന് പാഠം പഠിക്കുന്നതിനു പകരം സ്വയം ഫിത്നകളിൽ അകപ്പെട്ടിരിക്കുകയാണ്. സ്വയം ഫിത്നകളുടെ കാരണക്കാരാകുന്നു; ഭരണകൂടങ്ങളുടെ ഉള്ളിലും മുസ്‌ലിം ഭരണകൂടങ്ങളും! അല്ലാഹു ഇസ്‌ലാമിനെ ഈ ഫിത്നകളിൽനിന്ന് രക്ഷിക്കുമാറാകട്ടെ. ഇക്കാലത്ത് അല്ലാഹു അയച്ച മാർഗ്ഗദർശകനെ– അദ്ദേഹം ഇസ്‌ലാമിനെ പുനരുജ്ജീവിപ്പിക്കാനാണ് വന്നിട്ടുള്ളത്– വിശ്വസിക്കാൻ തൗഫീഖ് നല്കുമാറാകട്ടെ. (ആമീൻ)

---

(പേജ് 1ൽനിന്ന്)

ലെ, സ്ത്രീകളുടെ അവകാശങ്ങളും സുരക്ഷിതമാണ്. ഭാര്യ, ഭർത്താവിന്റെ ബഹുഭാര്യത്വത്തിൽ വെറുപ്പുള്ളവളാണെങ്കിൽ ന്യായാധിപൻ മുഖേന വിവാഹമോചനം (ഖുൽഅ്) ചെയ്യിക്കാവുന്നതാണ്. മുസ്‌ലിംകൾ അഭിമുഖീകരിക്കുന്ന വിവിധ കാര്യങ്ങളെക്കുറിച്ച് തന്റെ ശരീഅത്തിൽ പ്രതിപാദിക്കുക അല്ലാഹുവിന്റെ കടമയായിരുന്നു; ശരീഅത്ത് അപൂർണമാകാതിരിക്കാൻ. അതുകൊണ്ട് അല്ലയോ സ്ത്രീജനങ്ങളേ! നിങ്ങളുടെ ഭർത്താക്കന്മാർ രണ്ടാം വിവാഹം ചെയ്യുവാൻ ആഗ്രഹിക്കുന്ന നേരത്ത് അല്ലാഹുവിനെക്കുറിച്ച് പരാതിപെടാതിരിക്കുക. പ്രത്യുത നിങ്ങളെ എല്ലാ ആപത്തുകളിൽനിന്നും പരീക്ഷണങ്ങളിൽനിന്നും സംരക്ഷിക്കുന്നതിന് നിങ്ങൾ പ്രാർഥിക്കുക. രണ്ടു ഭാര്യയെവച്ച് അവർക്കിടയിൽ നീതി പുലർത്താത്ത ഭർത്താവ് കഠിനദ്രോഹിയും ശിക്ഷാർഹനുമാണെന്നതിൽ സംശയമൊന്നുമില്ല. എന്നാൽ, നിങ്ങൾ സ്വയം അല്ലാഹുവിനോട് അനുസരണക്കേടു കാണിച്ച് ദൈവകോപത്തിനു പാത്രീഭൂതരാകരുത്. ഓരോരുത്തരും അവരവരുടെ പ്രവൃത്തിയെക്കുറിച്ച് ചോദിക്കപ്പെടുന്നതാണ്. നിങ്ങൾ അല്ലാഹുവിന്റെ ദൃഷ്ടിയിൽ നല്ലവരാവുകയാണെങ്കിൽ നിങ്ങളുടെ ഭർത്താക്കന്മാരും നല്ലവരാക്കപ്പെടുന്നതാണ്. ശരീഅത്ത് വിവിധ കാരണങ്ങളാൽ ബഹുഭാര്യത്വം അനുവദനീയമാക്കിയിരിക്കുകയാണെങ്കിലും ദൈവിക നിർണയനിയമം (ഖളാ വ ഖദ്ർ) നിങ്ങൾക്കായി തുറന്നു കിടക്കുന്നു. ശരീഅത്ത് നിയമം നിങ്ങൾക്ക് അസഹനീയമാണെങ്കിൽ പ്രാർഥന മുഖേന ദൈവികനിർണയനിയമം ശരീഅത്ത് നിയമങ്ങൾക്കുമതീതമായിവരുന്നു. ദൈവഭക്തി കൈക്കൊള്ളുക. ദുൻയാവിനേയും അതിന്റെ സൗന്ദര്യത്തേയും അധികമായി സ്നേഹിക്കാതിരിക്കുക. വംശീയമായ അഹങ്കാരം വെച്ചുപുലർത്തരുത്. ഒരു സ്ത്രീയേയും പരിഹസിക്കരുത്. ഭർത്താക്കന്മാരുടെ കഴിവിന്നതീതമായ ആവശ്യങ്ങൾ അവരോട് ചോദിക്കരുത്. നിഷ്കളങ്കരും പരിശുദ്ധരും ആയരീതിയിൽ ഖബ്റുകളിൽ പ്രവേശിക്കുന്നതിന് പരിശ്രമിക്കുക. നമസ്കാരം, സക്കാത്ത് മുതലായ ദൈവികമായ കടമകളിൽ അനാസ്ഥ കാണിക്കരുത്. നിങ്ങളുടെ ഭർത്താക്കന്മാരെ ഹൃദയാത്മനാ അനുസരിക്കുന്നവരായിരിക്കുക. അവരുടെ അന്തസ്സിന്റെ വലിയൊരു ഭാഗം നിങ്ങളുടെ കൈയിലാണിരിക്കുന്നത്. അതുകൊണ്ട് നിങ്ങൾ നിങ്ങളുടെ ഈ ഉത്തരവാദിത്വങ്ങളെ അല്ലാഹുവിന്റെ പക്കൽ ഖാനിത്താത്ത് (അനുസരണശാലികൾ) സ്വാലിഹാത്ത് (സാത്ത്വികർ) എന്നിവരിൽ ഗണിക്കപ്പെടുംവിധം മനോഹരമായി നിറവേറ്റുക. അമിതവ്യയം ചെയ്യരുത്. ഭർത്താക്കന്മാരുടെ പണം അനാവശ്യമായി ചെലവ് ചെയ്യാതിരിക്കുക. വിശ്വാസവഞ്ചന ചെയ്യാതിരിക്കുക. മോഷ്ടിക്കരുത്. ആവലാതിപെടരുത്. ഒരു സ്ത്രീ മറ്റൊരു സ്ത്രീയുടെമേൽ അല്ലെങ്കിൽ പുരുഷന്റെ മേൽ അപരാധം ഉന്നയിക്കരുത്."(കശ്തിയെ നൂഹ്, റൂഹാനീ ഖസാഇൻ, വാല്യം 19, പേജ് 79–81)

☆☆☆

Printed & Published by: Jameel Ahmed Nasir on behalf of Nigran Board of Badar. Name of Owner: Nigran Board of Badar. And printed at Fazle-Umar Printing Press.
Harchowal Road, Qadian, Distt. Gurdaspur-143516, Punjab. And published at office of the Weekly Badar Mohallah - Ahmadiyya, Qadian Distt. Gsp-143516, Punjab. India. Editor: H.Shamsuddin